# ഭാഷാസാഹിതി

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

190

# ഭാഷാസാഹിതി

(Peer reviewed Journal)

**190**


| | | |
|---|---|---|
| മുഖ്യപത്രാധിപർ | - | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | - | പ്രൊഫ. കെ. കെ. ശിവദാസ് |
| ലക്കം പത്രാധിപർ | - | ഡോ. ഷീബ എം. കുര്യൻ |

മലയാളവിഭാഗം, കേരളസർവ്വകലാശാല
കാര്യവട്ടം, തിരുവനന്തപുരം - 695 581

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# ഭാഷാസാഹിതി

**പിയർ റിവ്യൂഡ് ജേണൽ (ത്രൈമാസികം)**
**2024 ഏപ്രിൽ - ജൂൺ പുസ്തകം -47 ലക്കം 2**

| | | |
|---|---|---|
| മുഖ്യപത്രാധിപർ | : | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | : | പ്രൊഫ. കെ. കെ. ശിവദാസ് |
| പത്രാധിപസമിതി | : | പ്രൊഫ. സി. ആർ. പ്രസാദ്<br>പ്രൊഫ. എസ്. ഷിഫ<br>പ്രൊഫ. എം. എ. സിദ്ദീഖ്<br>ഡോ. ഷീബ എം. കുര്യൻ<br>ഡോ. ടി. കെ. സന്തോഷ്കുമാർ |
| ഉപദേശകസമിതി | : | ഡോ. എൻ. മുകുന്ദൻ<br>ഡോ. ഡി. ബഞ്ചമിൻ<br>ഡോ. ദേശമംഗലം രാമകൃഷ്ണൻ<br>പ്രൊഫ. എ. എം. ഉണ്ണികൃഷ്ണൻ<br>പ്രൊഫ. പി. എസ്. രാധാകൃഷ്ണൻ<br>ഡോ. എസ്. നസീബ് |

ഭാഷാസാഹിതി ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ്. പ്രതിവർഷം നാലു ലക്കങ്ങൾ: ജനുവരി - മാർച്ച്, ഏപ്രിൽ - ജൂൺ, ജൂലൈ - സെപ്തംബർ, ഒക്ടോബർ - ഡിസംബർ

| | | |
|---|---|---|
| വാർഷികവരിസംഖ്യ | - | 600 രൂപ (പോസ്റ്റൽ ചാർജ്ജ് ഉൾപ്പെടെ) |
| ഒറ്റ ലക്കം വില | - | 100 രൂപ (പോസ്റ്റൽ ചാർജ്ജ് ഒഴികെ) |

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# BHAASHAASAHITHI

Peer Reviewed Journal (Trimonthly)
2024 April - June Volume 47 Issue 2

Chief Editor : **Dr. Seema Jerome**
Professor & Head, Department of Malayalam
University of Kerala
drseemajerome@gmail.com, Phone - 9495993198

Sub Editor : **Dr. K K Sivadas**
Professor, Department of Malayalam
University of Kerala, Phone - 9446429793
drkksivadas@keralauniversity.ac.in

Editorial Board : **Dr. C R Prasad**
Senior Professor, Department of Malayalam
University of Kerala, Phone -9447552876
drcrp@keralauniversity.ac.in,

**Dr. S Shifa**
Professor, Department of Malayalam
University of Kerala, Phone – 9745001012
drsshifa@keralauniversity.ac.in

**Dr. M A Siddeek**
Professor, Department of Malayalam
University of Kerala, Phone – 9447125202
drmasiddeek@keralauniversity.ac.in,

**Dr. Sheeba M Kurian**
Asst. Professor, Department of Malayalam
University of Kerala, Phone - 9495672559
drsheebamkurian@keralauniversity.ac.in

**Dr. T K Santhoshkumar**
Asst. Professor, Department of Malayalam
University of Kerala, Phone – 94497447713
drtksanthoshkumar@keralauniversity.ac.in

Advisory Committee : **Dr. P S Radhakrishnan**
Professor in Malayalam, School of Letters
M G University, Kottayam, Phone - 9446567097
drradhakrishnanps@gmail.com
**Dr. A M Unnikrishnan .** (Rtd. Senior Professor)
Emeritus Professor, Department of Kerala Studies,
University of Kerala, Phone - 9447453145
dramunnikrishnan@gmail.com
**Dr. D. Benjamin**
Rtd. Professor, Department of Malayalam
University of Kerala, Phone - 9846495474
drdbenjamin2013@gmail.com
**Dr. N Mukundan**
Rtd. Professor, Department of Malayalam
University of Kerala, Phone - 9446340346
1drnmukundan@gmail.com
**Dr. S Nazeeb**
Asst. Professor, Department of Kerala Studies,
University of Kerala, Phone – 9447722346
drnazeeb@gmail.com
**Dr. Desamangalam Ramakrishnan**
Red.. Professor, Department of Malayalam,
University of Kerala, Phone –9447649020
desamangalamramakrishnan@gmail.com

Bhaashaasahithi is a quartely publication that places a strong emphasis on research and studies pertaining to the Malayalam Language, Literature and Culture.

Annual Subscription Charge : Rs. 600/- (including postal charge)
Price of Single Issue : Rs. 100/- (postal charge extra)

## ഉള്ളടക്കം


| | | | |
|---|---|---|---|
| | ഡോ. ഷീബ എം. കുര്യൻ | 9 | ആമുഖം |
| 1. | ഡോ. യു. നന്ദകുമാർ | 17 | അപമാനീകരണവും നമ്മുടെ ആരോഗ്യരംഗവും |
| 2. | അലേർട്ട് ജെ. കളപ്പുരയ്ക്കൽ | 40 | മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടൽ: സങ്കൽപ്പനങ്ങൾ, വ്യവസ്ഥാപീകരണം |
| 3. | പ്രൊഫ. ഏ. നുജൂം | 51 | കറുപ്പൻകൃതികളിലെ അപനിർമിതികൾ |
| 4. | ഹരികുമാർ എസ്. | 71 | മഹാഭീതിയുടെ നിഴലിൽ |
| 5. | ഡോ. മഞ്ജുള കെ. വി. | 83 | മായാമനുഷ്യരിലെ മലയാളീബോധ്യങ്ങൾ |
| 6. | അപർണ എ. പി. | 103 | കേരളത്തിലെ ജയിൽ തടവുകാരുടെ അന്തസ്സും അവകാശങ്ങളും |
| 7. | ആര്യ ആർ. | 116 | കുമ്പളങ്ങി നൈറ്റ്സ് : മനുഷ്യാന്തസ്സിന്റെ സംഘർഷ ങ്ങളും അതിജീവനപാഠങ്ങളും |
| 8. | അനഘ എസ്. എസ്. | 130 | വിലായത്ത് ബുദ്ധ: പേര്, പെരുമ, പോരാട്ടം |
| 9. | അമൃത വിജയൻ, അനഘ എസ്.എസ്., നവീൻ എസ്.വി. | 142 | ഭാഷയും അന്തസ്സും |
| 10. | ഇന്ദുശ്രീ കെ. | 147 | കുടുംബവും മനുഷ്യാന്തസ്സും- മലയാള സിനിമയിലെ മാറുന്ന കാഴ്ചപ്പാടുകൾ |
| 11. | അശ്വതി പി. എസ്. | 153 | നവമലയാളസിനിമയിലെ അപമാനിതരാകാത്ത നായകബിംബങ്ങൾ |

| | | | |
|---|---|---|---|
| 12 | പാർവതി നായർ എൽ. | 165 | വേദാധികാരനിരൂപണം-ഒരു മനുഷ്യാവകാശ പഠനം |
| 13. | പ്രശാന്തി. പി | 170 | അരികുവത്കൃത ജീവിതത്തിന്റെ സാംസ്കാരിക പ്രതിനിധാനം |
| 14. | ഡോ. അഭിജിത് കെ. ബോസ് | 177 | പാണ്ഡിത്യത്തിന്റെ മനുഷ്യാന്തസ്സ് |
| 15. | ഡോ. ജെസി അലക്സാണ്ടർ | 185 | അസമത്വങ്ങളുടെ ആവിഷ്കരണങ്ങളും പ്രതിരോധപാഠവും സമകാലികമലയാളകവിതയിൽ |


കേരളസർവ്വകലാശാലയ്ക്കുവേണ്ടി മലയാളവിഭാഗം അദ്ധ്യക്ഷ പ്രൊഫ. സീമാ ജെറോം കേരള യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഭാഷാസാഹിതിയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങൾ, കത്തുകൾ എന്നിവ വകുപ്പദ്ധ്യക്ഷ, മലയാളവിഭാഗം, കേരളസർവ്വകലാശാല, കാര്യവട്ടം-695 581, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുക.

## പത്രാധിപക്കുറിപ്പ്

മനുഷ്യവംശം സമൂഹഘടനയിലേക്കു പരിണമിച്ചപ്പോൾ മുതൽ പദവി, സമ്പത്ത്, തൊഴിൽ, ശരീരം, കുലം, ജാതി, ലിംഗസ്വത്വം, ദേശം എന്നിവയിൽ കേന്ദ്രിതമായ ഏറ്റക്കുറച്ചിലുകളും രൂപപ്പെട്ടു തുടങ്ങിയിരുന്നു. സമൂഹകല്പിതം എന്ന നിലയിൽ ഉദാത്തീകരിക്കപ്പെട്ട മൂല്യസംഹിതകളൊക്കെയും സ്വീകരിച്ചു സംരക്ഷിച്ചു നിർത്തിയവരേക്കാൾ എത്രയോ ബൃഹത്താണ് ഏതു ദേശത്തെയും കാലത്തെയും പുറംതള്ളപ്പെട്ടവരുടെ എണ്ണവും വൈവിധ്യവും. മനുഷ്യാന്തസ്സിനെ ഹനിക്കുന്നവയെ സംബന്ധിച്ചുള്ള പഠനങ്ങൾ സംസ്കാരപഠനങ്ങൾക്കുള്ളിൽ ഇടംനേടിയിട്ടു മൂന്നു ദശാബ്ദങ്ങളേ ആകുന്നുള്ളുവെങ്കിലും കലയും സാഹിത്യവും ഉൾപ്പെടെയുള്ള മാനവികപഠനപദ്ധതികളിൽ അത് ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.

അരിസ്റ്റോട്ടിൽ റെട്ടൊറിക്കിൽ 'hubris' എന്നൊരു പദം ഉപയോഗിച്ചതു തന്നെ ഈ ആശയത്തെ മുൻനിർത്തിയാണ്. പതിനെട്ടാം നൂറ്റാണ്ടിൽ മോറൽ ഫിലോസഫി എന്ന പേരിൽ ഇമ്മാനുവൽ കാന്റ് മുന്നോട്ടുവെച്ചതും ഇതേ ആശയമാണ്. കേരളത്തിലെ ആധ്യാത്മികതയെ പരിഷ്കരിക്കാൻ ശ്രമിച്ച ശ്രീനാരായണീയജ്ഞാനദർശനങ്ങളുടെ അകക്കാമ്പും മറ്റൊന്നല്ല. ഹ്യുമിലിയേഷൻ പഠനങ്ങൾ സമാഹരിച്ചുകൊണ്ട്, ഡോ. ഷീബ എം. കുര്യൻ ഇഷ്യു എഡിറ്റർ ആയ ഭാഷാസാഹിതി അക്കാദമിക് അന്വേഷകരുടെ തുടർസംവാദങ്ങൾക്കായി സമർപ്പിക്കുന്നു.

**പ്രൊഫ. സീമാ ജെറോം**
മുഖ്യപത്രാധിപ, ഭാഷാസാഹിതി
മലയാളവിഭാഗം
കേരളസർവകലാശാല

ആമുഖം

# അന്തസ്സ്, അപമാനം എന്നിവയെക്കുറിച്ചുള്ള സാംസ്കാരികപഠനം

മനുഷ്യാന്തസ്സ് (human dignity) എന്ന സങ്കല്പനത്തെക്കുറിച്ചുള്ള ചിന്തകൾ ഇന്ന് സാംസ്കാരികരംഗത്ത് സജീവമാണ്. മനുഷ്യവംശത്തിന്റെ സാമൂഹികവും സാംസ്കാരികവുമയ വൈവിധ്യങ്ങൾക്കപ്പുറം മനുഷ്യർ എല്ലാ സമയത്തും ആഗ്രഹിക്കുന്നത് അന്തസ്സ് ഉറപ്പുവരുത്തുക, നിലനിർത്തുക എന്നതാണ്. സാമൂഹികവും സാംസ്കാരികവുമായി മനുഷ്യർ ഭാവനാത്മകമായി കെട്ടിപ്പടുക്കുന്ന സവിശേഷതയാണ് അന്തസ്സ് എന്നത്. ഓരോ വ്യക്തിക്കും സ്വന്തമാണെന്നു കരുതുന്ന സാമൂഹികവും സാംസ്കാരികവുമായ നിലയോ (status), വിലയോ(worth) അന്തർലീനമായുള്ള ശേഷിയോ (ability)സദ്ഗുണമോ കൊണ്ട് ആഗ്രഹിക്കുന്ന ആദരവും അവകാശങ്ങളുമാണ് ഈ ആശയത്തിലുള്ളത്. യുക്തിസഹവും ധാർമ്മികവുമായ ചിന്താശേഷികൊണ്ട് നിലയും വിലയും കഴിവുകളും വർദ്ധിപ്പിച്ച് അന്തസ്സ് നിലനിർത്താനുള്ള ശ്രമമാണ് മനുഷ്യജീവിതത്തിലുടനീളം ഉള്ളത്. നിലയും വിലയുമെന്നതെല്ലാം മതപരവും നിയമപരവും പാരമ്പര്യവുമായ നിരവധി വേരുകളുള്ള അടരുകളുള്ള ആശയങ്ങളാണ്. എങ്കിലും അതിലെല്ലാം സവിശേഷമാണ് മനുഷ്യന് അന്തസ്സ്, മാന്യത അഥവാ സ്വയം ബഹുമാനം. അതിൽ നിന്നാണ് സ്വന്തം വിധി മനുഷ്യർ രൂപപ്പെടുത്തുന്നത്. ദൈനംദിന ജീവിതത്തിൽ അന്തസ്സ് അംഗീകരിക്കുന്നതും നിലനിർത്തുന്നതുമായ സാഹചര്യങ്ങൾ ഓരോ നിമിഷവും വ്യത്യസ്തമാണ്. വ്യക്തികളുടെ സ്വാഭാവിക അവകാശങ്ങളും അന്തസ്സുംസംരക്ഷിക്കാനാണ് രാജ്യങ്ങൾക്ക് നിയമ സംഹിതകളുള്ളത്.

സമൂഹമായി ജീവിക്കുന്ന മനുഷ്യർ ജനനം മുതൽ മരണം വരെ വിവിധ അധികാരഘടനകൾക്കുള്ളിലാണുള്ളത്. ജീവിതത്തിലുടനീളം ചുറ്റുമുള്ളവരുടെ നിയന്ത്രണത്തിലും ചില പ്പോൾ മാത്രം സ്വാതന്ത്ര്യത്തിലുമാകും. ചുറ്റുപാടുമുള്ള നോട്ടങ്ങളും അഭിപ്രായങ്ങളും മറ്റും ശരിതെറ്റുകളെക്കുറിച്ചുള്ള വിചിന്തനങ്ങളും നിറഞ്ഞിരിക്കും. മനുഷ്യരുടെ ഓരോ ചലനവും വിലയിരുത്തും; നിരുപദ്രവമെന്ന് തോന്നുന്ന ഉറക്കം പോലും. ഇത്തരം ചലനങ്ങളിലും നോട്ടങ്ങളിലും അഭിപ്രായങ്ങളിലുമെല്ലാം അന്തസ്സിനെ ഹനിക്കുന്ന അനുഭവങ്ങളുമുണ്ടാകും. അപമാന(humiliation)വുമായി ബന്ധപ്പെട്ട ചിന്തകൾ തുടങ്ങുന്നത് ഇവിടെനിന്നാണ്. മറ്റുള്ളവരിൽ നിന്നും താഴ്ന്നതോ അപര്യാപ്തമോ അപകർഷമോ ആയ അവസ്ഥ തോന്നുകയെന്നതാണ് അപമാനിതാവസ്ഥയുടെ സ്വഭാവം. അന്തസ്സിനെതിരായ അക്രമമാണ് അപമാനമെന്ന് സഞ്ജയ് പാൽശിഖർ ("Understanding Humiliation', Economic and Political Weekly , Dec. 17-23, 2005, Vol. 40, No. 51) വിശദീകരിക്കുന്നുണ്ട്. ആത്മാഭിമാനത്തിൽ ഏറ്റ ക്ഷതം എളുപ്പത്തിൽ മറികടക്കാൻ കഴിയാതെ അഭിമുഖീകരിക്കേണ്ടി വന്നവരാണ് ബഹുഭൂരിപക്ഷം മനുഷ്യരും.

**മനുഷ്യരായി പരിഗണിക്കുക**

ഓരോ ദേശത്തിനും കുടുംബത്തിനും സ്ഥാപനങ്ങൾക്കും അനുസൃതമായ സാംസ്കാരികശരികൾക്കും നിയമങ്ങൾക്കും അന്തസ്സിനുമനുസരിച്ച് മനുഷ്യരെ 'മെരുക്കിയെടുക്കുന്ന' ജനനം മുതൽ തുടങ്ങുന്ന പ്രക്രിയയുടെ ഭാഗമായാണ് അന്തസ്സും അപമാനവുമായി ബന്ധപ്പെട്ട മിക്ക ആശയങ്ങളും നിലകൊള്ളുന്നത്. ശൈശവബാല്യങ്ങളിൽ ചെയ്തുപോകുന്ന 'തെറ്റുകൾ'ക്ക് കളിയാക്കൽ, ശിക്ഷാമുറകൾ, അപമാനിക്കൽ തുടങ്ങിവയെല്ലാം സർവസാധാരണമാണ്. സാമൂഹികമായി നിലവിലുള്ള വർഗ്ഗം, വംശം, നിറം, ലിംഗഭേദം, ലൈംഗികത, മതം, ശേഷി തുടങ്ങിയവയിലെ അസമത്വങ്ങളെ കൂടെ ചേർക്കുമ്പോൾ ഓരോ വ്യക്തിയും അനുഭവിക്കേണ്ടിവരുന്ന അപമാനത്തിന്റെ ചേരുവകളും അളവും ഭിന്നമാകുന്നു. അതേസമയം കോളനീകരണം, വർഗ്ഗം, വംശം, നിറം, ലിംഗഭേദം, ലൈംഗികത, മതം, കഴിവുകൾ തുടങ്ങിയ അസമത്വങ്ങളെ അത്തരത്തിൽ തന്നെ

വിശകലനം ചെയ്യുന്ന സൈദ്ധാന്തികമായ ആശയങ്ങൾ നിലവിലുണ്ട്. സാംസ്കാരികസാമ്രാജ്യത്വം (cultural imperialism), പാർശ്വവൽക്കരണം (marginalisation), അടിച്ചമർത്തൽ (oppression), സാംസ്കാരികമായ അനീതി (cultural injustice) ഒഴിവാക്കിനിർത്തൽ (social exclusion) തുടങ്ങിയ സങ്കല്പനങ്ങളിൽ ഇത് വിശദീകരിക്കുകയുണ്ടായി. ഈ സങ്കല്പനങ്ങളും അവ നടത്തിയ ശ്രമങ്ങൾക്കും ഓരോന്നിനും അതിന്റേതായ വൈവിധ്യവും സവിശേഷതയുമുണ്ടായിരുന്നു. അവഗണിക്കപ്പെട്ടതും പിന്നാക്കം നില്ക്കുന്നതുമായ സമൂഹങ്ങൾ അംഗീകരിക്കപ്പെടുന്നതിനും മുഖ്യധാരയിലേക്ക് എത്തുന്നതിനും ഈ ആശയങ്ങൾ സഹായിച്ചു. എങ്കിലും ആ അംഗീകാരത്തിലും തിരിച്ചറിയലിലും സാംസ്കാരികമായ അനീതി പ്രതീകാത്മകമായി അടങ്ങിയിട്ടുണ്ടെന്നും പഴയതും പരിചിതവുമായ കോഡുകളിലാണ് പുനക്രമീകരിച്ച ഉൾക്കൊള്ളൽരീതികൾ പ്രവർത്തിക്കുന്നതെന്നും സ്റ്റീവൻ ലൂക്സ് വിശദീകരിക്കുന്നുണ്ട്. ഇതിനെല്ലാം പകരമായി Avishai Margalit (*The Decent Society*, 1996) വെയ്ക്കുന്ന ആശയമാണ് humiliation എന്നത്. സമൂഹത്തിലെ മുഴുവൻ ആളുകളെയും ഉൾപ്പെടുത്താൻ കഴിയുമെന്നതാണ് ഈ ആശയത്തിന്റെ സവിശേഷത (the setup of the society as a whole). അതിൽ നിന്നും ഭിന്നമായി മനുഷ്യർ, ദൈനംദിനജീവിതം എന്നിവ അടിസ്ഥാനമാക്കിയാണ് അന്തസ്സ്, അപമാനം തുടങ്ങിയ സങ്കല്പനങ്ങൾ നിലകൊള്ളുന്നത്. മാനവികതയിൽ ഊന്നിയ പ്രത്യേകമൂല്യമാണ് അന്തസ്സ് എന്നത്. അന്തസ്സ് ഹനിക്കപ്പെടുന്ന അഥവാ അപമാനിക്കപ്പെടുന്ന സങ്കീർണ്ണമായ മനുഷ്യജീവിതസന്ദർഭങ്ങൾ വേർതിരിക്കുകയും വിശകലനം ചെയ്യുകയുമാണ് പ്രധാനം. ജനനത്തിനും ജീവിതാന്ത്യത്തിനുമിടയിലെ ചലനാത്മകവും സങ്കീർണ്ണവുമായ അന്തസ്സും അപമാനവുമായി ബന്ധപ്പെട്ട അനുഭവങ്ങളുടെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും നിയമപരവും സൈദ്ധാന്തികവുമായ ആശയങ്ങൾ വികസിച്ചതാണ് മനുഷ്യാന്തസ്സിനെയും അപമാനങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ (Human Dignity and Humiliation Studies).

അന്തസ്സ് ഹനിക്കപ്പെടുന്നതും അപമാനിക്കപ്പെടുന്നതും അവഹേളിക്കപ്പെടുന്നതുമായ ദൈനംദിനസംഭവങ്ങളുടെ വ്യക്തിപരവും

സാമൂഹികവും സാംസ്കാരികവുമായ കാരണങ്ങൾ അന്വേഷിക്കുന്നതാണ് പ്രധാനം. സാമൂഹികഘടന, പാരമ്പര്യസാംസ്കാരികാവബോധങ്ങൾ, സ്ഥാപനവൽക്കരിക്കപ്പെട്ട വ്യവസ്ഥകൾ തുടങ്ങിയവയിലേക്കുള്ള കൂടുതൽ സൂക്ഷ്മമായ അന്വേഷണത്തിനാണ് ഇവിടെ വഴിതെളിയുന്നത്. മൃഗമോ യന്ത്രമോ എന്ന രീതിയിൽ പെരുമാറുക, മനുഷ്യരായി പരിഗണിക്കാതിരിക്കുക, മനുഷ്യഗണത്തിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങിയവയെല്ലാം അപമാനിക്കലിന്റെ പൊതുസ്വഭാവങ്ങളിൽ ഉൾപ്പെടുന്നു(1996, പു. 144). അടിസ്ഥാനപരമായി മാനുഷികത നിരാകരിക്കപ്പെടുന്നു എന്നതാണ് അപമാനിക്കലിന്റെ പൊതുസ്വഭാവം. ജാതി, മതം, ദേശം, വർഗ്ഗം,വർണ്ണം, തൊഴിൽ തുടങ്ങിയ സ്ഥാപനങ്ങൾ മനുഷ്യരുടെ കൂട്ടങ്ങളെ പ്രത്യേകം പ്രത്യേകം നിർമ്മിക്കുകയും അവരുടെ ശരികൾക്ക് പുറത്തുള്ളവരെ അപരരെന്ന് മുദ്രകുത്തി സമൂഹത്തിൽനിന്നും പുറന്തള്ളുകയും അക റ്റുകയും ചെയ്യുന്നു. തുല്യമല്ലാത്ത അധികാരബന്ധങ്ങൾ ഇക്കൂട്ടർ ക്കിടയിൽ രൂപമെടുക്കുന്നതാണ് അപമാനകരമായ പ്രക്രിയയ്ക്ക് കാരണം. ഒരു കൂട്ടത്തിനുമേൽ അപകർഷാബോധവും ഭയവും നിരാശയും നിറയ്ക്കുവാൻ അപമാനത്തിന്റേതായ ഒരു നോട്ടമോ ആംഗ്യമോ വാക്കോ പോലും മതിയാകും.

**അപമാനിതരും അപമാനിക്കുന്നവരും**

മനുഷ്യഗണത്തെ ഈ നോട്ടത്തിൽ രണ്ടായിത്തിരിക്കാം; ഉള്ളവരും ഇല്ലാത്തവരും പോലെ. അപമാനകരമായ പ്രവർത്തികൾ ചെയ്യുന്നവരുടെയും അപമാനകരമായ വികാരങ്ങൾ അനുഭവിക്കുന്നവരുടെയും. ശാരീരികമോ മാനസികമോ ആയ കഷ്ടതകളും അതൃപ്തിയും അനിഷ്ടങ്ങളും നേരിട്ട് അപമാനം അനുഭവിക്കുന്നവരും ഈ പ്രവർത്തി ചെയ്ത് ആഹ്ളാദിക്കുന്നവരുമായി രണ്ടുവിഭാഗം. ഈ രണ്ടു ഗണത്തിലും എല്ലാ മനുഷ്യരും സന്ദർഭവും സാഹചര്യവുമനുസരിച്ച് മാറിമാറിവരുന്നു. അഥവാ ജീവിതത്തിൽ എല്ലാ സമയവും ഒരാൾക്ക് അപമാനിക്കുന്നവരുടെ ഗണത്തിൽ നിലനിൽക്കാൻ സാധിക്കണമെന്നില്ല. പ്രായവും രോഗവുമെല്ലാം പരിഗണനയ്ക്കും അവഗണനയ്ക്കും വിഷയമാകുന്നു. പരസ്പരവിനിമയത്തിൽ, സ്ഥാനവും പാകവും വൈകാരികാവസ്ഥയുമനുസരിച്ച് ബഹുമതിയും

അപമാനവും അനുഭിക്കേണ്ടിവരുന്ന സന്ദർഭങ്ങൾ ധാരാളമുണ്ടാകും. ഈയർത്ഥത്തിൽ അപമാനമെന്നത് സാർവ്വത്രികമാണെന്നു പറയേണ്ടിവരും. താഴ്ത്തുകയും വേദനിപ്പിക്കുകയും നിസ്സഹായാവസ്ഥയിലാക്കുകയും ചെയ്യുമ്പോഴാണ് അപമാനം അനുഭവപ്പെടുന്നത്.

അപമാനത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ സന്ദർഭങ്ങൾ വേർതിരിക്കാനുള്ള ശ്രമവും ഇതിനോടകം നടന്നു. മനുഷ്യരെന്ന നിലയിൽ സാമൂഹികസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അന്തസ്സ് ഹനിക്കുന്ന വിവിധതരം പ്രവർത്തനങ്ങൾ, മതപരമായ ചടങ്ങുകളിൽ സ്ത്രീകൾക്ക് പ്രവേശനമില്ലാത്തത്, ഒരു കൂട്ടം ആളുകളെ രണ്ടാം കിടപൗരരെന്ന് കരുതി അവഗണിക്കുന്നത്, കുടുംബത്തിലും മറ്റും ആശ്രിതരായ അംഗങ്ങൾ അപമാനിക്കപ്പെടുന്നത്, വിദ്യാർത്ഥികൾ അനുഭവിക്കുന്ന വിവിധതരം അപമാനങ്ങളും അവഹേളനങ്ങളും, ഉദ്യോഗസ്ഥ ഇടങ്ങളിൽ തൊഴിലിന്റെ ശ്രേണീകരണത്തിൽ സംഭവിക്കുന്ന പ്രവർത്തനങ്ങൾ, ഔദ്യോഗികമായി ഒഫീഷ്യൽ ശിക്ഷകളായി വ്യാഖ്യാനിക്കാൻ കഴി യുന്ന ജയിലിലും പട്ടാളത്തിലുമുള്ള സന്ദർഭങ്ങൾ തുടങ്ങി പ്രത്യ ക്ഷമായ അപമാനങ്ങൾ നിരവധിയാണ്. അധികാരവും പണവും പദവിയും ഉള്ളവർ ഇല്ലാത്തരോട് ചെയ്യുന്നത് മാത്രമല്ല, മനഃപൂർവ്വമല്ലാ തെയും തെറ്റിദ്ധാരണകളും സഹായമനോഭാവംപോലും അപ മാനത്തിനു കാരണമാകും. സാംസ്കാരികവും വ്യക്തിപരവുമായ പ്രത്യേകതകൾ അപമാനത്തിനു പിന്നിലുണ്ടാകും. അനിഷ്ടകരമായ ഈ അക്രമപ്രവർത്തനത്തിന് കാരണം അധികാരവുമായി ബന്ധപ്പെട്ടതാണെന്ന് പാൽശിഖർ വ്യക്തമാക്കുന്നുണ്ട്.

അന്തസ്സിന് ക്ഷതമേൽക്കുന്നതും അപമാനമേൽക്കുന്നതും വ്യക്തിജീവിതത്തിൽ നിരവധി പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. നിസ്സംഗത, വിഷാദം, അക്രമം, അഭിമാനക്കൊലപാതകം തുടങ്ങി വംശഹത്യയും തീവ്രവാദവും വരെ എല്ലാവിധ മാനസിക, സാമൂഹികവിരുദ്ധപ്രവർത്തനങ്ങളുടെ മാത്രമല്ല, ഒരാളുടെ വിജയത്തിന്റെ പിന്നിലും അപമാനത്തിന്റെ ചരിത്രമന്വേഷിക്കുന്നതാവും ഉചിതം. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' തുടങ്ങിയ ചൊല്ലുകൾക്ക്

പിന്നിലുള്ളതും പൊതുസമൂഹത്തിൽ അപമാനിക്കപ്പെട്ടതിന് കുടുംബത്തിനുള്ളിൽ കലിതീർക്കുന്നതിന്റെ വൈകാരികചരിത്രമാണ്. അങ്ങാടി സാമൂഹികസംവാദങ്ങളുടെ ഇടമാണ്. സാമൂഹികസന്ദർഭങ്ങളിൽ ഉയർന്ന/താഴ്ന്ന പോലുള്ള ദ്വന്ദ്വങ്ങൾ പ്രവർത്തിക്കുന്നു. കുറവുള്ള ആളെ 'പാഠം'പഠിപ്പിക്കാനും 'താഴ്ന്ന'സ്ഥാനം ഓർമ്മിപ്പിക്കാനും തോൽവിയിലേക്ക് വീഴുന്ന അവസരത്തിൽ അറ്റക്കൈപ്രയോഗം നടത്തി വിജയിക്കാനും തലതാഴ്ത്തി നടക്കുന്നത് കണ്ട് ഒന്ന് 'സുഖി'ക്കാനും അപമാനിക്കുക എന്നത് അവസാന അടവാക്കുന്നു. അന്തസ്സിനു നേർക്ക് ചോദ്യങ്ങളുയർത്തുന്നു. മേൽക്കോയ്മയുടെ അഹങ്കാര(ego)ത്തിൽ നിന്ന് ഇറങ്ങിവരാൻ മടിയുള്ളവർ എത്തിച്ചേരുന്ന അപമാനം പൊറുക്കാനും മറക്കാനുമാകാതെ അക്രമത്തിലേക്കും കൊലപാതകത്തിലേക്കും എത്തുന്നത്. അപമാനിക്കുന്നവർക്ക് ഒരു തരം സാഡിസവും മസോക്കിസവും ചേർന്ന സാഡോമസോക്കിസ്റ്റ് സ്വഭാവമാണെന്ന് സഞ്ജയ് പാൽക്കർ വിശദീകരിക്കുന്നുണ്ട്. (മലയാളസിനിമയായ *പുഴു*(രത്തിന, 2022) ഈ മനോഭാവത്തിന്റെ സൂക്ഷ്മമായ സാംസ്കാരികാവിഷ്കാരത്തിന് മികച്ച ഉദാഹര ണമാണ്.)

**സാംസ്കാരികരൂപങ്ങളിലെ അടയാളങ്ങൾ**

ഇരുപതാം നൂറ്റാണ്ടിൽ മനുഷ്യവംശത്തെ സമഗ്രമായി പരിഗണിച്ചുകൊണ്ട് അന്തസ്സും അഭിമാനവും സംരക്ഷിക്കാനായി നിരവധി മനുഷ്യാവകാശ ആശയങ്ങളും നിയമങ്ങളും നിലവിൽവന്നു. പരസ്പരബന്ധത്തിന്റെയും ബഹുമാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും ആശയങ്ങളാണ് പ്രധാനം. മാന്യത അഥവാ സംഭാഷണത്തിലും പെരുമാറ്റത്തിലും മാനവികതയിലൂന്നിയ പ്രത്യേകമൂല്യം നിലനിർത്തുകയെന്നതാണ് ലക്ഷ്യം.

സാഹിത്യം, സിനിമ ഉൾപ്പെടെയുള്ള സാംസ്കാരികരൂപങ്ങളിൽ നടത്തുന്ന അന്വേഷണങ്ങൾക്കുള്ള പ്രാധാന്യം ഇവിടെയാണ്. മനുഷ്യർക്ക് വ്യക്തിപരമായി കഷ്ടപ്പാടുവരുത്തുന്നത്, സ്വാതന്ത്ര്യം നിഷേധിക്കുന്നത്, അവകാശങ്ങൾ ലംഘിക്കുന്നത്, അനീതി കാണിക്കുന്നത് എന്നിങ്ങനെ നാലുതരം പെരുമാറ്റദൂഷ്യങ്ങളെക്കുറിച്ച് ധാർ

മ്മികവും രാഷ്ട്രീയവുമായ സിദ്ധാന്തങ്ങളിൽ പറയുന്നുണ്ട് . ("Humiliation and the Politics of Identity', STEVEN LUKES, SOCIAL RESEARCH, Vol. 64, No. 1 (*Spring* 1997), ]p 36 https://www.jstor.org/stable/40971158) ശാരീരികമായ വരുത്തുന്ന മർദ്ദനവും പരിക്കും മറ്റു പ്രത്യക്ഷമായ ക്രൂരതകൾക്കും പകരം അപമാനിക്കലിന്റെ വ്യത്യസ്തരീതികളിലൂടെ ഉദ്ദേശം നേടി ഒരു വ്യക്തിക്ക് മറ്റൊരാളുടെ ആഗ്രഹങ്ങളെ ഇല്ലാതാക്കി ആധിപത്യം ഉറപ്പിക്കാനും മാനസികമായി തകർക്കാനും കഴിയുന്നു. ഒരാളെയോ ഒരു സമൂഹത്തെത്തന്നെയോ തളർത്താനും നശിപ്പിക്കാനും കഴിയുന്നു. സാംസ്കാരികരൂപങ്ങളുടെ ആഖ്യാനഘടനയുടെ വിശകലനത്തിൽനിന്നും അപമാനത്തിന്റെ വൈകാരികചരിത്രം വേർതിരിക്കാൻ കഴിയും.

അപമാനത്തിന് ഇടയാക്കുന്ന കാരണങ്ങളന്വേഷിക്കുകയും അതിന്റെ അധാർമ്മികതയെക്കുറിച്ച് ചർച്ചചെയ്യുകയുമാണ് വേണ്ടത്. മാന്യതയുള്ള മനുഷ്യസമൂഹത്തിന്റെ രൂപീകരണത്തിനാണ് അന്തസ്സിനെയും അപമാനത്തെയും കുറിച്ചുള്ള പഠനം ലക്ഷ്യമിടുന്നത്. എല്ലാ മനുഷ്യരെയും അംഗീകരിക്കുന്ന മനുഷ്യനായിരിക്കുക എന്നതാണ് അതിന്റെ മാനദണ്ഡം. അവിഷെ മാർഗലിറ്റ് മുന്നോട്ടുവെച്ച മാന്യമായ സമൂഹത്തെ (*The Decent Society*, 1996)ക്കുറിച്ചുള്ള സങ്കല്പനത്തിൽ നിന്നാണ് അന്തസ്സും അപമാനവും സംബന്ധിച്ച ചർച്ചകൾ അക്കാദമിക് മണ്ഡലത്തിൽ തുടങ്ങുന്നത്. എല്ലാ അപമാനങ്ങൾക്കും ഉചിതമായ മറുപടി നൽകാൻ കഴിയുന്ന ജീവിതസാഹചര്യമാണ് ആവശ്യം. സ്വകാര്യമായ അപമാന ഇടങ്ങളിൽ നിന്നും പ്രതികാരത്തിലേക്കും വിനാശകരമായ പ്രവർത്തനങ്ങളി ലേക്കും പോയി കൂടുതൽ അപമാനസാഹചര്യങ്ങൾ സൃഷ്ടിക്കാതെ അപമാനകരമായ സാഹചര്യങ്ങൾ കൂടുതൽ ചർച്ചാവിഷയമാകണം. അപമാനിക്കുന്ന വ്യക്തിയുടെ സ്വത്വം കൂടുതൽ വിശകലനവിധേയമാക്കണം. ഉന്നതവർഗ്ഗം, ശേഷി, ഉദ്യോഗം, അധികാരം തുടങ്ങിയവ അപമാനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്കു പിന്നിലുണ്ടെങ്കിൽ അത് . അപമാനിതരായവരല്ല ക്ഷമിക്കുകയും സഹിക്കുകയും ചെയ്യേണ്ടത്. അപമാനിക്കുന്നവർക്കാണ് മനുഷ്യരെന്ന വകതിരിവും സാഹോദര്യവും വേണ്ടത്.

ധാർമ്മികത(ethics, morality), നീതി(justice), മാന്യത(decent), മനുഷ്യാവകാശങ്ങൾ(rights) തുടങ്ങിയ പദങ്ങളുമായി ചേർത്താണ് ഈ മേഖലയിലെ പുസ്തകങ്ങളും ലേഖനങ്ങളുമെല്ലാം പുറത്തു വന്നിട്ടുള്ളത്. ഇന്ത്യയിലും ഇതിനോടകം ശ്രദ്ധേയമായ നിരവധി പഠനങ്ങൾ നടന്നു. ബിക്കു പരേഖ് (Bhikhu Parekh), ഗോപാൽഗുരു (Gopal Guru, Humiliation Claims and Context, OUP, 2009), സഞ്ജയ് പാൽശിഖർ (Sanjay Palshikar), ആശിഷ് നന്ദി (Ashis Nandi) തുടങ്ങിയവരുടെ പഠനങ്ങൾ നോക്കുക. ഇന്ത്യൻ പശ്ചാത്തലത്തിൽ മനുഷ്യാന്തസ്സിനെ ഹനിക്കുന്ന അപമാനകരമായ പ്രവർത്തന ങ്ങളുടെ ഉറവിടവും കാരണങ്ങളും ധാർമ്മികതയും ചർച്ചചെയ്യു കയും സൈദ്ധാന്തികമായി വിശദീകരിക്കുകയും ചെയ്യുന്നു. മനുഷ്യാന്തസ്സും അപമാനവുമായി ബന്ധപ്പെട്ട പഠനങ്ങൾ ഉൾ പ്പെടുന്ന ഈ ഭാഷാസാഹിതി ലക്കത്തിന്റെ രണ്ടാം ഭാഗത്തുള്ള ലേഖനങ്ങൾ ദളിത്-ജാതിബോധങ്ങളെ സവിശേഷമായി പഠിക്കുന്നവയാണ്. ലേഖനങ്ങൾ അയച്ച എല്ലാവർക്കും മലയാള വിഭാഗത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ. ഷീബ എം. കുര്യൻ**
ഇഷ്യു എഡിറ്റർ

# അപമാനീകരണവും നമ്മുടെ ആരോഗ്യരംഗവും

ഡോ. യു. നന്ദകുമാർ

**സംഗ്രഹം**

ആരോഗ്യ മേഖല, ആശുപത്രി, രോഗവും ചികിത്സയും, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ വിപുലമായ അനുഭവസാധ്യതകൾ പ്രദാനം ചെയ്യുന്ന ഇടങ്ങളാകുന്നു. ഇവിടെ നടക്കുന്ന സമ്പർക്കങ്ങൾ രോഗികൾക്കും ബന്ധുക്കൾക്കും മാത്രമല്ല ആരോഗ്യപ്രവർത്തകർക്കും വൈകാരികമായ സമ്മർദങ്ങളുണ്ടാക്കാം. നിന്ദയും അപമാനവും നേരിട്ടുണ്ടാകുന്ന പ്രവൃത്തികളിൽ കൂടിത്തന്നെ വന്നുകൊള്ളണമെന്നുമില്ല. തെറ്റുകൾ തിരുത്തുമ്പോൾ നിന്ദിക്കപ്പെടുകയോ അവഹേളനമുളവാക്കുകയോ ചെയ്യൂന്ന വാക്കുകൾ ഉപയോഗിക്കുന്നതും മോശമായി തോന്നുന്ന ശരീരഭാഷ ഉപയോഗിക്കുന്നതും പ്രശ്നമാകാറുണ്ട്. വൈദ്യസേവനം തേടുന്ന വ്യക്തി രോഗിയായി മാറ്റപ്പെടുന്നു. അയാളുടെ ബന്ധുക്കളും സമൂഹവും വൈദ്യസ്ഥാപനവും അതിൽ പങ്കെടുക്കുന്നവരും മറിച്ചല്ല കരുതുന്നത്. സ്ഥിതിവിവരക്കണക്കുകളിലും സർക്കാർ ആസൂത്രണങ്ങളിലും വ്യക്തികൾ രോഗികളായി മാറ്റപ്പെടുകയും തുടർന്ന് നമ്പറുകളും ക്ലസ്റ്ററുകളും ആയി രൂപാന്തരപ്പെടുകയും ചെയ്യും. ഇതിലൊന്നും അസാധാരണത്തം നമുക്ക് തോന്നുന്നുമില്ല. രോഗിയെന്ന നിലയിൽ ഒരു വ്യക്തിക്കുണ്ടാകുന്ന വൈദ്യസമ്പർക്കത്തിൽ നിന്ദാനുഭവവും അപമാനവും ഉണ്ടാകാനുള്ള സാധ്യത തീർച്ചയായുമുണ്ട്. കുറഞ്ഞത് അത്തരം തോന്നലുകൾ മനസ്സിൽ പതിയുമെന്ന സാധ്യത തള്ളിക്കളയാനുമാവില്ല. എന്തുകൊണ്ടങ്ങനെ എന്ന ചിന്തക്ക് പ്രസക്തിയുണ്ട്.

**താക്കോൽവാക്കുകൾ**

*ആരോഗ്യമേഖല, രോഗം-രോഗി, അപമാനീകരണം, സ്റ്റിഗ്മ, ഇതര വൽക്കരണം, അനുതാപം, വൈദ്യനൈതികത*

'എന്റെ അമ്മൂമ്മ വിടപറഞ്ഞത് 2009-ലാണ്; മരിക്കുമ്പോൾ വർഷങ്ങളായി അവർ അൽഷിമേർ രോഗബാധിതയായിരുന്നു. പരേതയുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന ഇടങ്ങളിൽക്കൂടി ശവമഞ്ചവാഹനം നീങ്ങും എന്നത് എന്റെ നാട്ടിലെ കീഴ്വഴക്കമാണ്. പരേതരുടെ വീട്, തൊഴിലിടം, വിവാഹവേദി, എന്നിവപോലെ, എന്റെ അമ്മൂമ്മ അവസാനത്തെ പത്തു വർഷം കഴിഞ്ഞുപോന്ന നഴ്സിംഗ്ഹോം ഇതിൽ പെടും. അടുത്തബന്ധുക്കളായ എന്റെ കുടുംബവും ശവമഞ്ചവാഹനത്തിനു തൊട്ടുപിന്നിൽ സഞ്ചരിക്കുന്നുണ്ടായിരുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും ഹൃദയസ്പർശിയായ കാഴ്ചയാണ് ഞങ്ങൾ നഴ്സിംഗ് ഹോമിലേയ്ക്കുള്ള തെരുവിലേയ്ക്ക് തിരിയുമ്പോൾ കണ്ടത്. ആ ഉയർന്ന കെട്ടിടത്തിന് മുമ്പിൽ കാത്തുനിന്ന ഏഴ് നഴ്സുമാർ വിതുമ്പുകയും കരയുകയും ചെയ്യുകയായിരുന്നു. അനേക വർഷങ്ങളായി അമ്മൂമ്മയ്ക്ക് അവരുമായി സംസാരിക്കാനോ, ആശയങ്ങൾ പങ്കിടുവാനോ കഴിഞ്ഞിരുന്നില്ല; ഏറെക്കുറെ കട്ടിലിൽ മാത്രമായിരുന്നു അമ്മൂമ്മയുടെ ജീവിതം. എന്നിട്ടും അമ്മൂമ്മ അവരുടെ രോഗിപ്പട്ടികയിൽ ഒരു നമ്പർ മാത്രമായിരുന്നില്ല, മരണത്തിൽ കണ്ണീർ വാർക്കാൻ തക്ക സഹജീവിയായും അവർ കണ്ടു.' (Ella Nygård: How I Came to Study Shame and Humiliation in Finnish Healthcare)1

യെല്ല നെയ്ഗാർഡ് (Ella Nygård) ഗവേഷകയാണ്; ആശുപത്രികളും ആരോഗ്യരംഗവും വഴി സമൂഹത്തിൽ നിന്ദ (shame), അപമാനവത്കരണം എന്നിവ സൃഷ്ടിക്കപ്പെടുന്നതെങ്ങനെ എന്ന അന്വേഷണമാണ് ഫിൻലൻഡുകാരിയായ അവരുടെ പഠനമേഖല. ആശുപത്രികളിൽ എത്തുന്ന രോഗികൾ അവരുടെ ബന്ധുക്കൾ എന്നിവർക്കനുഭവപ്പെടുന്ന പ്രതികൂലമോ അനനുതാപപരമോ ആയ വികാരമാണ് നിന്ദ. ജനങ്ങളുടെ സാമൂഹികവും മാനസികവുമായ ആരോഗ്യത്തെ നിന്ദാനുഭവം സ്വാധീനിക്കും. അപമാനം അനുഭവി

ക്കൽ നിന്ദിക്കപ്പെടലായി (ഷെയിം) മാറുമ്പോൾ വ്യക്തികൾ രോഷാ കുലരായി പ്രതികരിക്കാം. വ്യക്തികളുടെയോ ജനങ്ങളുടെയോ രോഷം പലപ്പോഴും നേരിടേണ്ടിവരുന്നത് നിർദ്ദോഷികളായ മറ്റുചി ലരാകാനുള്ള സാധ്യതയേറെയാണ്. നിന്ദയും അപമാനവും അനുഭ വിക്കുന്നവർ ശത്രുസ്ഥാനത്ത് കാണുന്നത് അധികാരസ്ഥാനത്തുള്ള തായി അവർക്കു തോന്നുന്ന ആരെങ്കിലും ആകാനിടയുണ്ട്.

മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരായിട്ടാണ് രോഗാവസ്ഥയിൽ വ്യക്തികൾ തങ്ങളെത്തന്നെ കാണുന്നത്. അപ്പോൾ രോഗമെന്നാൽ പോരായ്മ, പരിമിതി, ന്യൂനത, ദൂഷ്യം തുടങ്ങിയ ധാരണകളാണ് മനസ്സിലെത്തുക. ആരോഗ്യപ്രവർത്തകരുടെ (ഡോക്ടർ, നേഴ്സ്) മുന്നിലെത്തുന്ന രോഗികൾ ഇതേക്കുറിച്ചെല്ലാം വ്യക്തമാക്കേണ്ടിവ രുന്നു. തുടർന്ന്, ശരീരത്തേയും മനസ്സിനെയും ഭാഗികമായെങ്കിലും തുറന്നുകാട്ടേണ്ടിയും വരുന്നു. രോഗികൾ സങ്കോചം, അപകർഷാ ബോധം, അപമാനം തുടങ്ങിയ വികാരങ്ങളിലൂടെ കടന്നുപോകും. അവർ അവശ്യംവേണ്ട വിവരങ്ങൾ നൽകാതിരിക്കുകയും ചികിത്സ യെക്കുറിച്ചും ആശുപത്രി സന്ദർശനത്തെക്കുറിച്ചും അസന്തുഷ്ടി പ്രകടിപ്പിക്കുകയും, ചിലപ്പോൾ പരാതിക്കാർ എന്ന മട്ടിൽ പെരുമാ റുകയും ചെയ്യും. ഇതെല്ലാം അവരുടെ മനസ്സിന്റെ പ്രതിരോധവു മാകാം. ആശുപത്രിയിലെ ഡോക്ടർ-രോഗി സമ്പർക്കം രോഗികളെ മാത്രമല്ല, ഡോക്ടർമാരെയും നഴ്സ്മാരേയും കൂടി ബാധിച്ചെന്നും വരാം. ഡോക്ടർ, രോഗി എന്നിവർ അനുഭവിക്കുന്ന അപകർഷത യും, നിന്ദാനുഭവും, എന്നിവ സമാനമല്ല; തുല്യവുമല്ല. ഡോക്ടർമാരും (നഴ്സ്മാരും) രോഗികളുമായി തങ്ങളുടെ നെഗറ്റീവ് വികാരങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നതും വിരളമല്ല.

നിയന്ത്രിതമായോ അല്ലാതെയോ (controlled or not) രോഗി കൾക്ക് ഉള്ളിൽ രോഷമുണ്ടാകാം. ആരോഗ്യപ്രവർത്തകരുടെ മുന്നി ൽ അതൊന്നും പുറത്തു പ്രകടിപ്പിച്ചില്ലെന്നിരിക്കും, എങ്കിലും രോഗ സംബന്ധിയായ അറിവുകൾ ഉൾകൊള്ളാനും ഒരു തുറന്ന് ചർച്ച യ്ക്ക് സന്നദ്ധമാകാനും പലരും ക്ലേശിക്കുന്നതുകാണാം. ആരോഗ്യ രംഗത്തെ സമ്പർക്കങ്ങൾ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഒതുങ്ങുന്ന തല്ല. ആധുനിക ആശുപത്രികൾ അതിസങ്കീർണവും നൂതനവുമായ

സാങ്കേതിക സംവിധാനങ്ങളുടെ കൂടാരമാണ്. സ്വീകരണമുറി, അത്യാഹിതവിഭാഗം, ഡോക്ടറുമായുള്ള ആദ്യകൂടിക്കാഴ്ച്ച, ലാബ്, സ്കാനിങ്, മറ്റു പരിശോധനകൾ, എന്നിങ്ങനെ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളുമായി മെഡിക്കൽ സമ്പർക്കങ്ങൾ മുന്നോട്ടു നീങ്ങു ന്നത്. ഇതാണെങ്കിൽ സാധാരണക്കാരായ രോഗികൾക്കോ അവ രുടെ അടുത്ത ബന്ധുക്കൾക്കോ മനസ്സിലാക്കാവുന്നതുമല്ല; അത്ര മാത്രം സാങ്കേതികത്വം അവയിലുണ്ട്. ഈ പശ്ചാത്തലത്തിൽ വേണം രോഗികളും ബന്ധുക്കളും ഒരുക്കുന്ന പ്രതികരണങ്ങളെ കാണാൻ.

രോഗികളുടെ പ്രതികരണങ്ങളിൽ രോഷം ഒരു വൈകാരിക പ്രകടനമാണ്. ഇതിന്റെ ഉറവിടം മനസ്സിലാക്കുന്നത് ഡോക്ടർ-രോഗി ബന്ധങ്ങൾ അനാവരണം ചെയ്യാനുതകും. നിരാശ എന്ന വികാരം കൂടി രോഷം എന്ന വികാരത്തോടൊപ്പം കാണാറുണ്ട്. ആരോഗ്യ/ ആശുപത്രി അനുഭവങ്ങളിൽ ഉണ്ടായി എന്ന് കരുതപ്പെടുന്ന തിക്ത മായ തോന്നലുകൾ, വേണ്ടത്ര ഗൗരവം തങ്ങളുടെ പരാതികളിന്മേൽ ഉണ്ടായില്ലെന്ന ചിന്ത എന്നിവ സംഘർഷങ്ങളിലേയ്ക്കും നിന്ദയും അപമാനബോധവും സൃഷ്ടിക്കും. നിലവിലെ വ്യവസ്ഥിതി തന്നെ കുറ്റാരോപിതമായി നിൽക്കുന്നതായ ചിന്തയാണ് പലപ്പോഴും ഉണ്ടാകുന്നത്. അതോടൊപ്പം രോഗിയുടെ മനസ്സിൽ കുറ്റാരോപിത രായ ഏതാനും വ്യക്തികളും ഉണ്ടാവാം. അവർ ചികിത്സകർ തന്നെ യാവണമെന്നില്ല. റിസപ്ഷനിലെ ഉദ്യോഗസ്ഥരോ, ലാബുകളിലെ പ്രവർത്തകരോ നിന്ദാനുഭവത്തിനും രോഷപ്രകടനത്തിനും കാരണ മാകാം. എന്നാൽ ഇതിന്റെ ആഘാതം പരിമിതപ്പെടുത്താനാകും. നിന്ദയും അപമാനവും അനുഭവിക്കുന്നവർ രോഷാകുലർ ആയെ ന്നിരിക്കും; അതുശരിയാണെന്നല്ല, അവയെല്ലാം അനുതാപപൂർവം പരിഹരിക്കാൻ ശ്രമം വേണം എന്നുമാത്രം. മറ്റേതു രോഗങ്ങളോടും എടുക്കുന്ന സമീപനം ഇവിടെയും പരീക്ഷിക്കാവുന്നതേയുള്ളു. രോഷം പ്രകടിപ്പിക്കുന്ന രോഗിയെയും കേൾക്കേണ്ടതുണ്ട്; തങ്ങൾ കേൾക്കപ്പെടുന്നുവെന്ന ചിന്ത അവർക്കുണ്ടാകുകയും വേണം. പ്രക്ഷുബ്ധവികാരങ്ങളെ അനുനയിപ്പിക്കേണം; രോഗികൾക്കും ബന്ധുക്കൾക്കും തങ്ങൾ സദാചാര വിധിയെഴുത്തുകൾക്ക് വിധേയ

രായെന്ന തോന്നൽ ഉണ്ടാകാതെ നോക്കണം. രോഗികളുമായി ആശയവിനിമയം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട അടിസ്ഥാന സമീപനം റ്റനൂബി (Tanoubi, et al) മുതൽ പേര് കരുതുന്നത് ഇവകളാണ്: രോഗിയുടെ വൈകാരികത കണ്ടെത്തുക, അതെല്ലാം മനസ്സിലാക്കുകയും നിയമ സംവിധാനത്തിന്റെ പരിധിയിൽ കാണാൻ ശ്രമിക്കുക, ആദരവ് സ്ഥാപിക്കുക, ആരോഗ്യ സംരക്ഷണത്തിൽ പിന്തുണ നൽകുക, കൂടുതൽ അന്വേഷണങ്ങൾക്കും വിശദീകരണങ്ങൾക്കും അവസരമൊരുക്കുക എന്നിവയാണ് അവ. ഒരുവേള ഇത്തരം മാർഗരേഖകൾ പ്രയോഗത്തിൽ വരുത്തിയാൽ, രോഗികൾക്കും അവരോടൊപ്പമുള്ളവർക്കും അനുഭവപ്പെടാവുന്ന അപമാനബോധം (അപമാനാനുഭവം) പരിമിതപ്പെടുത്താൻ സഹായിച്ചേക്കും.

ആരോഗ്യ പ്രവർത്തകരും രോഗികളും തമ്മിലുണ്ടാകുന്ന ഇടപെടലുകൾ ഒരു ദിശയിൽ ചലിക്കുന്ന കൊടുക്കൽവാങ്ങലല്ല. ദ്വിദിശ (multi-directional) മാതൃകയിൽ ചിന്തിക്കേണ്ടിയിരിക്കുന്നു; പലപ്പോഴും അതിലും സങ്കീർണമാകാം കാര്യങ്ങൾ. ഡോക്ടർമാർ പലപ്പോഴും ചില രോഗികളെ ദുഷ്കരമെന്ന് (difficult) പറഞ്ഞുവെയ്ക്കാറുണ്ട്. രോഗിയും ഡോക്ടറും (മറ്റ് ആരോഗ്യപ്രവർത്തകരും) രോഗികളുമായി ഇടപെടുന്നതിന് അനവധി തലങ്ങളുണ്ട്; ഇത് കൂടി പരിഗണിച്ചുവേണം 'ഡിഫിക്കൽറ്റ്' എന്ന് പറയപ്പെടുന്ന രോഗികളെ നാം കാണേണ്ടത്. ഇടപെടാൻ ക്ലേശമെന്ന് കരുതപ്പെടുന്ന രോഗിയുടെ പെരുമാറ്റരീതി, ആരോഗ്യ പ്രവർത്തകരുടെ ഇടയിൽ ശ്രദ്ധിക്കപ്പെടും. എന്നാൽ അരോഗ്യപ്രവർത്തകരുടെ (ഡോക്ടർ/ നഴ്സ്/ മറ്റുള്ളവർ) പെരുമാറ്റരീതികൾ വിലയിരുത്തപ്പെടുന്നത് അപൂർവമായി മാത്രം. രോഗികളുമായി സൗഹാർദ്ദമില്ലാത്തെ പെരുമാറ്റമുണ്ടാകുന്നത് താരതമ്യേന ചെറുപ്പക്കാരിൽ നിന്നാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇത് ആരോഗ്യ രംഗത്ത് അവർക്കുള്ള പരിചയക്കുറവ് മൂലം മാത്രമാണെന്ന് കരുതാൻ വയ്യ. സംഘർഷമുള്ള സാഹചര്യങ്ങളിൽ ആശയവിനിമയം നടത്താനുള്ള നൈപുണ്യം വേണ്ടത്ര ആർജ്ജിക്കപ്പെടാതിരിക്കുക വലിയ പ്രശ്നം തന്നെയാണ്. അടിയന്തിരപരിചരണം, പരിശോധനകൾ എന്നിവ വേണ്ടിവരുമ്പോഴും, അത്യാഹിതങ്ങൾ ഉണ്ടാകുമ്പോഴും ആശയവിനിമയത്തിലെ പ്രാഗൽഭ്യം സർവ്വപ്രധാനമാകുന്നു. ജൂനിയർ തലങ്ങളിൽ പ്രവർത്തി

ക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് പ്രൊഫഷണൽ സ്ട്രെസ് കൂടുതലാകാൻ സാധ്യതയുണ്ട്. അനേകം മണിക്കൂറുകൾ ജോലിയിൽ തുടരേണ്ടിവരുന്നതും സീനിയർ ഡോക്ടർമാർ ഏൽപ്പിക്കുന്ന അധികഭാരവും മാനസിക ഭാരം വർധിപ്പിക്കും. ആരോഗ്യപ്രവർത്തകർ/ ഡോക്ടർ, രോഗി സമവാക്യം സമ്മർദ്ദത്തിലാകുന്നതും തുടർന്ന് അനഭിമതമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നതും ഇവയും കാരണമാകുന്നു.

എന്നാൽ രോഗികളുമായുള്ള ഇടപെടലുകൾ 'ക്ലേശകരം, ദുർഘടം' എന്നൊക്കെ വിലയിരുത്തപ്പെടാമെങ്കിലും അതൊന്നും മറികടക്കാനാവാത്ത തടസ്സങ്ങളായി കാണേണ്ടവയല്ല. ആരോഗ്യപ്രവർത്തകർ തങ്ങളുടെ ആശയവിനിമയത്തിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്തേണ്ടതാണ്. അതിനുള്ള സാഹചര്യം സ്ഥാപനങ്ങൾ ഒരുക്കുന്നതാവും നന്ന്. അങ്ങനെയെങ്കിൽ എല്ലാ രോഗികളോടും സമഭാവനയോടെ കാണാനും ഇടപെടാനും ആരോഗ്യ പ്രവർത്തകർക്ക് കഴിയും. രോഗികളോട് പ്രൊഫഷണൽ തലത്തിൽ ഉണ്ടാകുന്ന സമ്പർക്കങ്ങളിൽ പ്രയാസമുണ്ടാകുമ്പോൾ അവയെങ്ങനെ തരണം ചെയ്യണമെന്ന വിഷയം അക്കാദമിക് വിഷയമായി കാണണമെന്നും വിദഗ്ദ്ധർക്ക് അഭിപ്രായമുണ്ട്.

എന്താണ് നിന്ദാനുഭവം എന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. ആരോഗ്യരംഗത്തിൽ നിന്ദാനുഭവവും അപമാനീകരണവും മാനസിക അസ്വാസ്ഥ്യങ്ങളാണെന്നു കരുതാം. വ്യക്തിയുടെ സ്വത്വം (സ്വം, Self) എന്നിവയ്ക്കേറ്റ മുറിവുകളായി അനുഭവപ്പെടുന്നു. മറ്റുള്ളവരെക്കാൾ താഴ്ന്നവരാണെന്ന ബോധം, ഏതെങ്കിലും പോരായ്മകളുമായി അടയാളപ്പെടുത്തൽ, ദോഷപൂർണത (vulnerability) എന്നിവ തോന്നിപ്പിക്കുന്ന സാഹചര്യങ്ങളോ പെരുമാറ്റങ്ങളോ മറ്റുള്ളവരിൽ നിന്നുണ്ടായാൽ നാം അപമാനിക്കപ്പെടുന്നതായി തോന്നും. തുല്യാവകാശ നീതിയുറപ്പാക്കണമെങ്കിൽ ഇതേക്കുറിച്ചുള്ള ചർച്ചകൾ ആരോഗ്യരംഗത്തിനുള്ളിൽ തന്നെ ഉണ്ടാകേണ്ടതാണ് .നിന്ദിക്കപ്പെട്ടെന്നോ, അപമാനാനുഭവം ഉണ്ടായെന്നോ ഉള്ള തോന്നലുകൾ ചികിത്സാരംഗത്ത് ഉണ്ടാകാനുള്ള സാധ്യതയേറെ

യാണ്. തോന്നലുകൾ ശരിയായിക്കൊള്ളണ മെന്നില്ല; എങ്കിലും അവ വ്യക്തികളുടെ അനുഭവങ്ങളായി തുടരുക തന്നെ ചെയ്യും. അനുഭവ തലങ്ങളിലെ ശരികൾ വസ്തുനിഷ്ഠമാകണമെന്നുമില്ല. അതിനാൽ ചികിത്സാരംഗത്തെ അപമാനം, നിന്ദ എന്നിവയുടെ പഠനത്തിൽ മറ്റൊരു സങ്കീർണ താളം കൂടിയുണ്ടാവുന്നു. പൊതുവേ പറഞ്ഞാൽ രോഗിയും ചികിത്സാരംഗത്തെ പ്രഫഷ ണലും (ഡോക്ടർ, നഴ്സ്, ലാബ് ടെക്നോളജിസ്റ്റ്, സ്കാൻ ടെക്നോളജിസ്റ്റ്, തിയേറ്റർ സ്റ്റാഫ് തുടങ്ങി ആരും) തമ്മിൽ സംഭവിക്കുന്ന ഏത് സമ്പർക്കവും അനു കൂലമായ അനുഭവങ്ങൾ ഉണ്ടായെന്ന തോന്നലുകൾക്ക് കാരണ മാകാം. പല കാരണങ്ങൾ ഇതിലേയ്ക്ക് നയിക്കുന്നു. അസമമായ അധികാരനിലയാണ് അവയിൽ പ്രധാനം. പ്രത്യേകിച്ചും തിയേറ്റർ, ലാബുകൾ, ശബ്ദവും വെളിച്ചവും ഊഷ്മാവും നിയന്ത്രിച്ച ഇടങ്ങളും അപരിചിതത്വവും ഭയം അങ്കുരിക്കുന്ന ഏകാന്തതയും ഉളവാക്കുന്ന ചികിത്സാ പരിസരങ്ങളിൽ അധികാരത്തിന്റെ അസന്തുലിതാവസ്ഥ അനുഭ വപ്പെടും. തങ്ങളുടെ ശരീരവും രോഗവും മ്യൂസിയവത്കരി ക്കപ്പെടുന്നു എന്ന തോന്നൽ അധികാരവുമായി ചേർത്തുകാണു മ്പോൾ വല്ലാത്ത അനുഭവമായിമാറും.

**സ്റ്റിഗ്മയും അനുബന്ധമായ അപമാനീകരണവും**

രോഗനിർണയം പോലും പ്രശ്നമാകാറുണ്ട്. ഇവിടെ പരിഗ ണിക്കേണ്ടത്, സമൂഹത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്റ്റിഗ്മ (stigma) എന്ന അനുഭവം. ആരോഗ്യം, രോഗം, ചികിത്സ, സമൂഹം, എന്നിവയ്ക്കിടയിൽ എവിടെയോ സ്റ്റിഗ്മ സ്ഥിതിചെയ്യുന്നു. സ്റ്റിഗ്മ യും അനുബന്ധമായ അപമാനീകരണവും എല്ലാക്കാലത്തും ഉണ്ടാ യിരുന്നെങ്കിലും, കാലാകാലങ്ങളിൽ അതിന് മാറ്റങ്ങൾ സംഭവിക്കു ന്നതായി കാണാം. ചില രോഗനിർണയങ്ങൾ (diagnoses) സമൂഹം അകൽച്ചയോടെയോ വിദ്വേഷത്തോടെയോ കാണാറുണ്ട്; വിവേചന ത്തിന് കാരണമാകാറുമുണ്ട്. രോഗിയായി ജീവിക്കേണ്ടയാൾ രോഗ ത്തിന്റെ ഭാരവുമായി സമൂഹത്തിൽ ജീവിക്കാൻ വിധിക്കപ്പെടുകയും ചെയ്യുന്നു. നിന്ദാനുഭവം മാത്രമല്ല, സമൂഹത്തിൽ ഇടപെടുമ്പോ ഴുള്ള ഉത്കണ്ഠ, തങ്ങൾ നിരീക്ഷിക്കപ്പെടുകയാണോ എന്ന ചിന്ത,

തുടങ്ങി അനേകം അനുഭവങ്ങൾ സ്റ്റിഗ്മയിലുണ്ട്. അതിനാൽ സ്റ്റിഗ്മ അനുഭവിക്കുന്നതായി കരുതുന്ന വ്യക്തി സമൂഹത്തിന്റെ നോട്ടത്തിൽ (gaze) അടങ്ങിയ രൂക്ഷത അനുഭവിക്കുന്നതായി തിരിച്ചറിയുന്നു.

സ്റ്റിഗ്മ എക്കാലത്തും നമുക്കുചുറ്റും ഉണ്ടായിരുന്നു. പലവിധമുള്ള വിശ്വാസങ്ങളും സാമൂഹിക ധാരണകളും സ്റ്റിഗ്മ സ്ഥാപിതമാകാൻ ഉപകരിച്ചുകാണും. പത്തൊമ്പതാം നൂറ്റാണ്ടുമതലാണ് കേരളത്തിൽ (ഇന്നത്തെ) ആധുനിക ചികിത്സയെത്തുന്നത്. അക്കാലത്ത് പ്രധാനമായും ഇവിടെ നിലനിന്നിരുന്നത് വിവിധതരം നാട്ടുചികിത്സകൾ ആയിരുന്നു. അതോടൊപ്പം ജനങ്ങൾ അന്ധവിശ്വാസങ്ങളും പിന്തുടർന്നുവന്നു. രോഗങ്ങൾ ദൈവികകോപമാണെന്നും പലതരം ഭൂതപ്രേതങ്ങളുടെ സഞ്ചാരം അവയ്ക്ക് കാരണമാകാമെന്നും വിശ്വസിച്ചിരുന്നതായി തോമസ്, റാവു (Thomas & Rao) തങ്ങളുടെ പ്രബന്ധത്തിൽ പറയുന്നു. നാട്ടുവൈദ്യത്തോടൊപ്പം പൂജകളും നേർച്ചകളും അനുഷ്ഠാനമായി നൽകിയിരുന്നു. സർക്കാർ നടത്തിയ സെൻസസ് (1901) അനുസരിച്ചു ജ്യോതിഷി, ആഭിചാരി, നാട്ടുവൈദ്യർ എന്നീ മൂന്നുതരം ആൾക്കാരും രോഗിയുടെ പരിചര ണത്തിനുണ്ടാവും എന്ന് റിപ്പോർട്ട് ചെയ്തുകാണുന്നു. ആഭിചാരം അന്ധവിശ്വാസം നേർച്ച എന്നിവയോടൊത്തു പോകുന്നതാണ് സ്റ്റിഗ്മ. നാട്ടുവിശ്വാസങ്ങൾ, നാട്ടാചാരങ്ങൾ എന്നിവ സ്റ്റിഗ്മ സ്ഥാപനത്തിന് (stigmatization) സഹായകരമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ മെഡിക്കൽ മിഷനറിമാർ കേരളത്തിലെത്തി. അക്കാലത്തെ വിവിധ ക്രിസ്ത്യൻ സഭകളിൽ പ്രവർത്തിച്ചുകൊണ്ട് അവർ ആധുനിക ചികിത്സയുടെ അടിത്തറപാകി. അക്കാലത്തു വന്ന മിഷനറി ഡോക്ടർമാരിൽ പ്രമുഖനായിരുന്നു ഡോ. സോമർവെൽ (Dr. Somerwell). അദ്ദേഹം ഇന്ത്യയിലെ തന്റെ ചികിത്സാനുഭവങ്ങളെക്കുറിച്ചുള്ള രചനയിൽ (Somervell, T. Howard, *Knife and life in India: The Story of a Surgical Missionary at Neyyoor, Travancore*, The Livingstone Press, London,1955) ഒരു നാട്ടുകാരൻ ഇപ്രകാരം പറഞ്ഞതായി (Thomas & Rao) എഴുതിയിരിക്കുന്നു: 'You

medical missionaries, you think you're a lot of blinking philanthropists, and rather despise the more pious sort of preaching missionary. But you're the worst of the lot. You are setting out to fight against Nature. Nature wants the unfit to die, and you go and save them. You're populating the world with unemployables, you doctors; you have lowered the death-rate goodness knows how much, and 90 per cent of the increase of population you have caused is unemployable and ought to have died. The other 10 per cent ought to have died, too, but may be able to do somebody out of a job. No- you doctor people are all wrong. You ought to stop being a doctor tomorrow and become something useful.'

രോഗങ്ങളെക്കുറിച്ചു സമൂഹം സൂക്ഷിച്ചുവെച്ച ബോധ്യങ്ങളാണ് നാമിവിടെ കാണുന്നത്. പുതുതായുണ്ടായിവരുന്ന ആശയങ്ങളെ സ്വീകരിക്കാനും മാനവികതയ്ക്ക് കോട്ടമുണ്ടാക്കുന്ന വിശ്വാസങ്ങളെ തള്ളിക്കളയാനും വിസമ്മതിക്കുന്ന സമൂഹത്തെ നമുക്കിവിടെ കാണാം. ലഭ്യമായ ചികിത്സ ഉപേക്ഷിക്കുക എന്നതിൽ തെറ്റു കാണുന്നില്ല എന്നുമാത്രമല്ല, ചികിത്സ ലഭിക്കാതെ കുറേപ്പേർ മരിച്ചാൽ അതും സാരമില്ലെന്ന മനോഭാവം പോലും സമൂഹത്തിൽ നോർമലൈസ്ഡ് (normalised) ആകുന്നു. ഇവിടെ നാം കാണുന്ന സമവാക്യത്തിന് ചില പ്രത്യേകതകളുണ്ട്. രോഗമുണ്ടായാൽ എന്തു ചെയ്യണം എന്ന ചോദ്യം പരിഗണിക്കാം. നാം വിശ്വസിക്കുന്നതെന്തോ അതുതന്നെ ചെയ്യാം എന്നാണുത്തരമെങ്കിൽ ചികിത്സയും വിശ്വാസവും തുല്യമായി പരിഗണിക്കപ്പെടുന്നു എന്നർത്ഥം. തന്മൂലം രോഗി മരിക്കുന്നത് പ്രശ്നമേയാകുന്നില്ല. രോഗിക്കാകട്ടെ, വിശ്വാസ പരിചരണമാണോ, അന്ന് ലഭ്യമായ ആധുനിക ചികിത്സയാണോ വേണ്ടത് എന്ന് തീരുമാനിക്കാനുള്ള അവകാശവും പരിമിതമായിരിക്കും. ഈ ലേഖകർ മറ്റൊരു ഡാറ്റ മുന്നോട്ടുവയ്ക്കുന്നു; മലബാറിൽ 1888-89 കാലത്ത് ആധുനിക ചികിത്സ സ്വീകരിച്ചവരുടെ കണക്കാണത്. ക്രിസ്ത്യാനികൾ ആയിരത്തിൽ 35.2, മുസ്ലീമുകൾ 29, ഹിന്ദുക്കൾ 7.2 എന്നിങ്ങനെയാണ് ആധുനിക ചികിത്സ സ്വീകരിച്ചവർ. ഇന്നത്തെപ്പോലെ വാണിജ്യ താല്പര്യങ്ങളോ മീഡിയ പ്രചാരണമോ ഇല്ലാത്ത കാലത്ത് കണക്കുകൾ നൽകുന്ന സൂചനകൾ

സ്റ്റിഗ്മയുടെ ഉറവിടം കണ്ടെത്താൻ നമ്മെ സഹായിക്കും. ആരോഗ്യ വുമായി ബന്ധപ്പെട്ട ജീവിതത്തിൽ കലശലായ അപമാനമുണ്ടാ ക്കുന്നത് സ്റ്റിഗ്മയുമായി ബന്ധപ്പെട്ടാണെന്നു കാണാൻ വിഷമമില്ല. പഴയൊരു റിപ്പോർട്ട് (വാർത്ത-മസൂരിദീനം-20/03/1920) നോക്കാം: 'ആറ്റിങ്ങൽ: മസൂരിദീനമില്ലാത്ത ഒരു വീടുപോലും ചിറയിൻകീ ഴിലില്ല. മരണങ്ങൾ ധാരാളമുണ്ടാകുന്നുണ്ട്. സാനിട്ടറിക്കാരെ കാണ്മാനെയില്ല. ഇത്രയൊക്കെ മരണങ്ങളുണ്ടായിട്ടും ഗസറ്റിലെ വാര റിപ്പോർട്ടിൽ ഒന്നും പ്രസ്താവിച്ചുകാണാത്തതിൽ വിസ്മ യിക്കുന്നു. ചിറയിൻകീഴ് അപ്പോത്തിക്കരിയും ആറ്റിങ്ങൽ മിഷ്യൻ ഡോക്ടറും മസൂരി രോഗബാധിതരായി കിടപ്പിലാണ്.' എപിഡെമി ക്കായ വസൂരിരോഗം വ്യാപിച്ചപ്പോൾ പരിചരണത്തിൽ പങ്കാളികളാ കേണ്ട സാനിറ്ററി ഉദ്യോഗസ്ഥരും രോഗം മോണിറ്റർ ചെയ്യേണ്ടവരും അപ്രത്യക്ഷരായത് എന്തുകൊണ്ടെന്ന് ചിന്തിച്ചാൽ രോഗത്തെക്കു റിച്ചുള്ള ധാരണകളുടെ ശക്തി പിടികിട്ടും. മറ്റു രോഗങ്ങളും സമൂ ഹത്തിൽ സ്റ്റിഗ്മയുടെ ഭരമേല്പിക്കുന്നു; ക്ഷയം (tuberculosis), കുഷ്ഠം (leprosy), ലൈംഗിക രോഗങ്ങൾ (venereal diseases, VD) എന്നിവ ഉദാഹരണങ്ങൾ. ഇതിൽ മലയാളത്തിൽ കുഷ്ഠരോഗത്തി നിനിയും സ്റ്റിഗ്മ ലഘൂകരിക്കാനുതകുന്ന മറ്റു പേരുകൾ കണ്ടെ ത്തിയിട്ടില്ല. ഇംഗ്ലീഷിൽ ഹാൻസെൻസ് രോഗം (Hansen's Disease അഥവാ HD) എന്നാണിപ്പോൾ അറിയപ്പെടുന്നത്. അതുപോലെ ലൈംഗിക രോഗങ്ങൾക്കും വിളിപ്പേരിൽ മാറ്റം (HD, STD, STI എന്നിങ്ങനെ) വന്നിട്ടുണ്ട്. രോഗമുള്ളവർക്ക് സമൂഹത്തിൽ കൂടുതൽ സ്വാതന്ത്ര്യത്തോടെ കടന്നുപോകാൻ ഇതെല്ലാം സഹായിക്കുന്നു.

ദീർഘകാല രോഗികളായി ജീവിക്കേണ്ടിവരുന്നവർക്കും സാമൂഹിക സമ്പർക്കങ്ങളിൽ (societal interaction) നിന്ന് ഒഴിഞ്ഞു മാറാനാവില്ല. പലപ്പോഴും മറ്റുള്ളവരോട് തങ്ങളുടെ രോഗത്തെപ്പ റ്റിയോ, അതിനെടുക്കേണ്ടതായ ഒരുക്കങ്ങളെക്കുറിച്ചോ സംസാരി ക്കേണ്ടിവരും. അതിനു അനുയോജ്യവും നിഷ്പക്ഷവുമായ പദസ മ്പത്ത് ഭാഷയിലുണ്ടാകേണ്ടത് സ്റ്റിഗ്മ നിയന്ത്രിക്കാനാവശ്യമാണ്. കാലാകാലങ്ങളിൽ നമ്മുടെ സാംസ്കാരിക ബോധ്യങ്ങൾക്ക് അനു ചിതമായ രീതിയിൽ എന്നാൽ കഴിയുന്നത്ര സൗഹാർദ്ദപരമായ

പദങ്ങൾ പ്രയോഗത്തിലെത്തണം. രോഗവുമായി ബന്ധപ്പെട്ട് വികസിച്ചുവന്ന പ്രതികൂല ചിന്തകളെ ഉത്തേജിപ്പിക്കാതെ പറഞ്ഞുപോകാൻ ഇതു സഹായിക്കും. ഇതിനർത്ഥം ഭാഷയിലെ മാറ്റങ്ങൾ അപമാനീകരണത്തിന് ആശ്വാസമുണ്ടാക്കുമെന്നല്ല; കൂടുതൽ ജനാധിപത്യപരമായ അവസ്ഥ സാധ്യമാക്കും എന്നുമാത്രം.

**രോഗങ്ങൾക്കുള്ള സാമൂഹിക വിലക്കുകൾ**

അടുത്തിടെ കണ്ട ഒരു പത്രവാർത്ത നോക്കാം. ആലപ്പുഴ ജില്ലയിലെ നൂറനാട് ലപ്രസി സാനറ്റോറിയത്തിലെ (സ്വസ്ഥയാഗാരം) അന്തേവാസികളും സ്റ്റാഫും ചേർന്ന് നടത്തിയ ബീച്ച് സന്ദർശനമാണ് വാർത്തയിൽ ഇടം നേടിയത്. ആകെ 85 പേര് അന്തേവാസികളായിക്കഴിയുന്ന സാനറ്റോറിയത്തിൽ നിന്ന് 30 പേരും 22 സ്റ്റാഫുമാണ് വിനോദയാത്രയിൽ പങ്കെടുത്തത്. എന്താണ് ഇതൊരു വാർത്തയാകുന്നത്? സാനറ്റോറിയം ആരംഭിച്ചിട്ട് 89 വർഷം കഴിഞ്ഞിരിക്കുന്നു; എന്നിട്ടും ആദ്യമായാണ് അരദിവസത്തിലൊതുങ്ങിയ ഇത്തരമൊരു യാത്ര. അവരിൽ എത്രപേർക്കിപ്പോൾ ലപ്രസിയുണ്ട്? ആർക്കും ഉണ്ടാവില്ല; എല്ലാരും രോഗത്തെ അതിജീവിച്ചവർ തന്നെ. ഏറ്റവും മുതിർന്നയാൾ 55 വർഷങ്ങൾക്ക് മുമ്പാണ് സാനറ്റോറിയത്തിൽ എത്തിയത്; ആദ്യമായാണിത്ര ദൂരെ യാത്രചെയ്യുന്നത്. രോഗം മാറിക്കഴിഞ്ഞാലും പോകാനിടമില്ലാതാകുന്നതിനെ നാം എന്തവസ്ഥയെന്ന് പറയണം. ആരോഗ്യവും അപമാനീകരണവും തമ്മിൽ ഇതിലധികം ബന്ധമാണ് പറയാനാവുക. രോഗത്തെ അതിജീവിച്ചവർ തന്നെയാണധികം പേരും. അവരവിടെത്തന്നെ തങ്ങളുടെ ജീവിതവുമായി തുടരുന്നു. ഇതിനു കാരണം ലപ്രസി പോലുള്ള രോഗങ്ങൾക്കുള്ള സാമൂഹിക വിലക്കുകൾ (taboo) തന്നെയായിരിക്കും. പുറത്തിറങ്ങാനും ജീവിതത്തിന്റെ അനേകം സാദ്ധ്യതകൾ പര്യവേക്ഷണം ചെയ്യാനും സാധിക്കാത്തതിലും വലിയ അപമാനീകരണം ഇല്ലതന്നെ.

ബ്രിട്ടീഷ് ഭരണകാലത്ത് ലപ്രസിബാധിതർ കുറ്റവാളികളായിരുന്നു. പൊതു ഇടങ്ങളിൽ ലപ്രസിയുടെ ശാരീരികമാറ്റങ്ങൾ പ്രദർശിപ്പിക്കുന്നത് കുറ്റകരമാണെന്ന നിയമം പ്രാബല്യത്തിലുണ്ടായിരുന്നു. അവർ പുറത്തിറങ്ങിനടന്നാൽ രോഗവ്യാപനം വർധിക്കുമെ

ന്നും കരുതപ്പെട്ടു. മറ്റു പ്രയാസങ്ങൾ കൂടാതെ സർക്കാരിനും സമൂഹത്തിനും ഒരു വലിയ ജനവിഭാഗത്തിനെ നിശ്ശബ്ദരാക്കാനും അതിലൂടെ അദൃശ്യരാക്കാനും കഴിഞ്ഞു. അപമാനീകരണം, വിലക്ക് (taboo) എന്നിവയ്ക്ക് പുറമെ നിയമവും അവർക്കെതിരായി. അതിനാൽ അക്കാലത്തു ലപ്രസി ബാധിതരെ ഇതരർ ആക്കുക (otherise) എന്ന പ്രതിഭാസം തടസ്സമില്ലാതെ തുടർന്നുവന്നു. തോപ്പിൽ ഭാസിയുടെ അശ്വമേധം (നാടകം, 1962) സമൂഹത്തിൽ വേരൂന്നിയ അയിത്താചരണം പ്രശ്നവത്കരിക്കുന്നു. അയിത്തം ശുദ്ധിയുമായി (purity) ബന്ധമുള്ള അനാചാരമാണ്. കുഷ്ഠരോഗത്തെ ക്രൈം ആയും അയിത്തമായും കാണുന്ന സമൂഹത്തിന്റെ ബുദ്ധിശൂന്യത സരോജവും തോമസും (നാടകത്തിലെ ഡോക്ടർ) തമ്മിൽ നടക്കുന്ന സംഭാഷണത്തിൽ വ്യക്തമാണ്. അതിനുമുമ്പ് 1947-ൽ തകഴിയുടെ 'തോട്ടിയുടെ മകൻ' അപമാനീകരണം തന്നെയാണ് ചർച്ചയ്ക്കെടുത്തത്. കോളറ, വസൂരി എന്നീ രോഗങ്ങളുടെ പശ്ചാത്തലത്തിൽ അന്തസ്സും ആത്മാഭിമാനവും കൈവരിക്കാൻ ചുടലമുത്തു നടത്തുന്ന പ്രയത്നമാണ് നോവൽ. കോളറമരണത്തിന്റെ ആദ്യ ഇര റോഡരികിൽ ചായക്കടയ്ക്ക് മുമ്പിൽ ദുർഗന്ധം വമിക്കുന്ന അനാഥപ്രേതമായി കിടന്നു. ആരും അടുത്തുവരാൻ മടിക്കുന്ന ആ പ്രേതത്തിന് ചുറ്റും പട്ടണത്തിലെ ഈച്ചകളെല്ലാം കൂടിയിരുന്നു. രോഗം മനുഷ്യരെ, പ്രത്യേകിച്ച് പിന്നാക്കാവസ്ഥയിൽ ജീവിക്കുന്നവരെ എന്തുചെയ്യുമെന്ന് നോവൽ കാട്ടിത്തരുന്നു.

സ്റ്റിഗ്മ, അയിത്തം എന്നിവയുടെ തിരിച്ചുവരവ് നാം കാണുന്നത് തൊണ്ണൂറുകളിൽ എയ്ഡ്സ് രോഗം പടർന്നുപിടിച്ചപ്പോഴാണ്. എയ്ഡ്സ് ബാധിച്ചവർ രോഗികളെന്നുപോലും കാണാൻ സമൂഹത്തിന് കഴിയാതെപോയി. പൊതുനിരത്തിൽ അവരെ കല്ലെറിയുകയും ശാരീരികവും മാനസികവുമായി പീഡിപ്പിക്കുകയും ചെയ്യുന്നതിൽ സമൂഹത്തിന് കുറ്റബോധം തോന്നിയില്ല. എയ്ഡ്സ് ബാധിച്ചവരുടെ രോഗബാധിതരല്ലാത്ത കുട്ടികൾക്ക് പോലും അയിത്തവും അപമാനവും അനുഭവിക്കേണ്ടിവന്നു. പൊതുഇടങ്ങളിൽ നിന്ന വരെ തള്ളിമാറ്റിയെന്നു മാത്രമല്ല, അവർക്ക് അവകാശപ്പെട്ട സ്കൂൾ വിദ്യാഭ്യാസം നിഷേധിക്കുന്നതിലും സമൂഹമുണ്ടായിരുന്നു. അങ്ങ

നെയെങ്കിൽ കോളറയോടും വസൂരിയോടും നാം കണ്ട പാർശ്വ വത്കരിക്കലും വ്യക്തികൾ അനുഭവിച്ച അപമാനവും ഇപ്പോൾ കാണാത്തത് പ്രസ്തുത രോഗങ്ങൾ വിരളമായതിനാൽ മാത്രം. അത് ശരിയെങ്കിൽ മറ്റൊരു ഭയാനകമായ രോഗം ആവിർഭവി ക്കുമ്പോൾ പഴയ പ്രശ്നങ്ങൾ വീണ്ടും ഉണ്ടാവണം. അതുണ്ടായി, അധികം താമസിയാതെ.

**'രോഗം ഒരു പാപമാണോ?'**

കോവിഡ് കാലത്ത് അപമാനീകരണം തിരിച്ചുവന്നത് നാം കണ്ടു. മൃതദേഹത്തോടുള്ള അനാദരവ് ഇന്ത്യയിൽ പലേടത്തും സംഭവിച്ചു; ചെന്നൈയിൽ ഒരു ഡോക്ടറുടെ മൃതദേഹം ഒന്നില ധികം ശ്മാശാനങ്ങളിൽ നാട്ടുകാരുടെ ആക്രമണത്തിന് വിധേയ മായി. മറുനാട്ടിൽ നിന്ന് തിരിച്ചുവന്ന നാട്ടുകാരെ ഫ്ലാറ്റിൽ കയറ്റാ തെ ഇരുട്ടിൽ നിർത്തി. പഴയ കുഷ്ഠരോഗ, കോളറക്കാലത്തെ അനുഭവങ്ങളെ അനുസ്മരിക്കപ്പെടുന്നതുപോലെ തോന്നിച്ചു, അക്കാലത്തെ റിപ്പോർട്ടുകൾ. 'രോഗം ഒരു പാപമാണോ?' എന്ന തോപ്പിൽ ഭാസിയുടെ ചോദ്യം 2020-ലും പ്രസക്തമായി. രോഗികളും, കുടുംബവും തെറ്റുകാരാണെന്ന രീതിയിലായിരുന്നു സമൂഹത്തിന്റെ നോട്ടം. ഈ പുതിയ അയിത്തസങ്കൽപം ഇതരവത്കരണത്തിനു (otherise) പുതുഭാഷ്യം രചിച്ചുവെന്നതിൽ സംശയമില്ല. ചില സാഹ ചര്യങ്ങൾ അനുകൂലമായാൽ സ്റ്റിഗ്മ ശക്തിപ്പെടും. പ്രധാനമായും അഞ്ച് ഘടകങ്ങൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു.

ഒന്ന്: പൊതുബോധത്തിൽ കടന്നുവരുന്ന വിശ്വാസത്തിന്റെ നിർമിതികൾ. രോഗമുള്ളവരെയും, രോഗിയെന്ന് സംശയിക്ക പ്പെടുന്നവരെയും, രോഗികളുമായി സമ്പർക്കമുണ്ടായവരെയും ഒരുപോലെ കുറ്റാരോപിതരായി അകറ്റിനിർത്തുന്നു.

രണ്ട്: സാമൂഹിക, ആരോഗ്യ പ്രവർ ത്തകരും അധികാരികളും കാട്ടുന്ന പെരുമാറ്റ രീതികൾ സമൂഹത്തെ അതിവേഗം സ്വാധീനിക്കുന്നു. ചികിത്സ തേടാനും അധികാരികളുമായുള്ള സമ്പർക്കം സ്ഥാപിക്കാനും പ്രയാസമുളവാക്കും. ക്രമേണ ഇതൊരു സാമൂഹികപെരുമാറ്റമാതൃകയായി മാറും.

മൂന്ന്: രോഗികളാകട്ടെ സമൂഹത്തിൽ നിന്ന് കിട്ടുന്ന അപമാനവും ബുദ്ധിമുട്ടുകളും ആന്തരീകരിക്കുകയും ഉൾവലിയുകയും ചെയ്യും.

നാല്: കുടുംബം, സുഹൃത്തുക്കൾ എന്നിവർ രോഗികളോടും അവരോട് സമ്പർക്കം പുലർത്തുന്നവരെയും ഇകഴ്ത്തുകയും തള്ളിക്കളയുകയും ചെയ്യുന്നതിൽ നിന്നുണ്ടാകുന്ന പെരുമാറ്റ വ്യതിയാനം.

അഞ്ച്: ക്രമേണ ഇത്തരം പെരുമാറ്റരീതികൾ പരിചിതമാകുകയും സാമൂഹിക രീതിയായി അംഗീകരിക്കപ്പെടുകയും ചെയ്യും. സൂക്ഷ്മമായി നോക്കിയാൽ ഇന്ത്യയിലെങ്ങും, കേരളത്തിലും ഇങ്ങനെയൊക്കെ നടന്നിരുന്നതായി ഓർത്തെടുക്കാം.

ക്വാറൻറ്റയ്നിൽ ഉള്ളവരോട് അധികാരം ഉപയോഗിക്കുക, പുറത്തിറങ്ങുന്നവരുടെമേൽ ബലം പ്രയോഗിക്കുക, റെഡ് സോണിൽനിന്ന് സ്വന്തം വീട്ടിലേയ്ക്ക് പോകുന്നവരോട് ആൾക്കൂട്ട അക്രമണമുണ്ടാകുക, എന്നിവയ്ക്ക് സാമൂഹിക അംഗീകാരം കിട്ടുന്നെങ്കിൽ സ്റ്റിഗ്മ/ അയിത്തം എന്നിവ സ്ഥാപിക്കപ്പെട്ടുവെന്ന് കരുതാം. കോവിഡ് കാലത്ത് പൊടുന്നനെ ജോലിനഷ്ടപ്പെട്ടവരുടെ കൂട്ടപലായനം ഇത്തരത്തിൽ ഒരനുഭവമാണ്; അവിടെയും കൂടുതൽ യാതനയനുഭവിച്ചവർ പിന്നാക്കാവസ്ഥയിൽ ജീവിക്കുന്നവരായിരുന്നു. ലോക്ക്ഡൗൺ, അധികാരികളിൽ നിന്നുണ്ടായ തിക്താനുഭവങ്ങൾ, അടച്ചിരിക്കൽ എന്നിവയ്ക്ക് വിധേയരായവർക്ക് കോവിഡ് നല്ല ഓർമകളാവില്ല നല്കിയിട്ടുണ്ടാവുക.

രണ്ടു പ്രധാന പെരുമാറ്റശൈലികളെങ്കിലും ശ്രദ്ധിക്കേണ്ടതാണ്. നിരന്തരമായ ഇതരവത്കരണം (othering) ചില സമൂഹങ്ങ ളിൽ അനായാസം നടക്കുന്നു. വർഗം, വർണം, ജാതി, സാമൂഹികാവസ്ഥ എന്നവയുടെ അടിസ്ഥാനത്തിൽ സമൂഹത്തിൽ വിവേചന സാധ്യത നിലനിൽക്കുന്നുവെങ്കിൽ അപമാനീകരണം (humiliation) ഉണ്ടാകുമെന്നതിൽ സംശയമില്ല. മറ്റൊന്ന് സമൂഹങ്ങൾ അന്തരീകരിച്ചിട്ടുള്ള സഹജബോധമാണ്. ശക്തമായ ജനാധിപത്യബോധം, അനുതാപം (empathy) എന്നിവയും ഇതരവത്കരണത്തെ പ്രതിരോധിക്കാൻ സഹായിക്കും. സമൂഹത്തിൽ പൊതുവേ കാണപ്പെടുന്ന

വ്യവഹാരങ്ങളിൽ ഈ രണ്ടു ഘടകങ്ങളും ഏറിയും കുറഞ്ഞും കാണാനാകും. അനുതാപത്തിനുള്ള കഴിവ് നമ്മുടെ ദൈനംദിന ജീവിതത്തിലും പ്രതിസന്ധിഘട്ടങ്ങളിലും അത്യാവശ്യവുമാണ്. കോവിഡ്, പ്രളയം അപകടങ്ങൾ തുടങ്ങി ഏതവസ്ഥകളിലും അനുതാപം പ്രവർത്തിക്കുന്നത് കാണാം. വൈദ്യശാസ്ത്രരംഗത്തും പൊതുജനാരോഗ്യരംഗത്തും ഫലപ്രദമായ ആശയവിനിമയത്തിന് അനുതാപം കൂടിയേതീരൂ. കഴിഞ്ഞ ദശകങ്ങളിൽ ധാരാളം പഠനങ്ങൾ നടക്കുന്ന മേഖലയായി ഇത് പരിണമിച്ചിട്ടുണ്ട്. അപമാനീകരണം രോഗികളിലും പ്രധാന പരിചാരകരിലുമാണ് ഉണ്ടാകുന്നതെങ്കിലും ആരോഗ്യപ്രവർത്തകരിലും (ഡോക്ടർ, നഴ്സ്, ടെക്നോളജിസ്റ്റ്, പബ്ലിക് ഹെൽത്ത് സ്പെഷ്യലിസ്റ്റ്) പ്രതികൂലസമ്മർദ്ദങ്ങൾ കാണപ്പെടാനിടയുണ്ട്.

ആരോഗ്യപ്രവർത്തനമേഖലയിൽ അനുതാപത്തിന്റെ ഉള്ളടക്കം എന്തെന്ന് കണ്ടെത്തുകയാണ് മെർസെർ, റെയ്നോൾഡ്സ് (Mercer and Reynolds) എന്നീ ഗവേഷകരുടെ ശ്രമം. രോഗികളുടെ വികാരം, മാനസികസംഘർഷങ്ങളും ബോധ്യങ്ങളും, അവരുടെ ആശങ്കകൾ, അവസ്ഥകൾ എന്നിവ മനസ്സിലാക്കിക്കൊണ്ട് അവരോട് ആശയവിനിമയം ചെയ്യുക, അവർ മനസ്സിലാക്കിയെന്നുറപ്പാക്കുക, അതു പ്രകാരം പ്രവർത്തിക്കുക എന്നിവ അവയിൽ ചിലതാണ്. രോഗനിർണയത്തിലെ കൃത്യത, പരിചരണത്തിലെ സംതൃപ്തി, എന്നിവയ്ക്കും രോഗിയിലും ബന്ധുക്കളിലും ഉണ്ടാകുന്ന മാനസിക സംഘർഷത്തിൽ അയവുണ്ടാകാനും അനുതാപം സഹായിക്കും. അതിനാൽ വൈദ്യശാസ്ത്രവിദ്യാഭ്യസത്തിന്റെ ഭാഗമായി അനുതാപം കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് പല യൂണിവേഴ്സിറ്റികളും കരുതുന്നു. അനുതാപമുള്ള ആരോഗ്യപ്രവർത്തകർ സമൂഹത്തിനു മുതൽക്കൂട്ടാണെന്ന് പറയാമെങ്കിലും പാഠ്യവിഷയമാക്കപ്പെട്ട അനുതാപം എത്രകണ്ട് ഫലപ്രദമാണെന്ന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. മെഡിക്കൽ വിദ്യാർത്ഥികളിൽ അനുതപിക്കാനുള്ള കഴിവ് കുറഞ്ഞുവരുന്നതായും, മുതിർന്ന ഡോക്ടർമാരിൽ അനുതാപപ്രവർത്തനത്തിന്റെ പരിക്ഷീണത സംഭവിക്കുന്നതായും പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ അടുത്തകാലത്തായി ചില

പഠനങ്ങളിൽ അനുതാപപ്രേരകമായ സൂചനകൾ വിദ്യാർത്ഥിക ളിൽ കണ്ടുവരുന്നതായും റിപ്പോർട്ട് ചെയ്യപ്പെടുന്നു. (Yu & Tan, et al) തുടങ്ങിയ ഗവേഷകർ ഇതാണ് അന്വേഷണ വിധേയമാ ക്കുന്നത്.

അനുതാപം രണ്ടു രീതിയിൽ പ്രകാശിപ്പിക്കപ്പെടും; വ്യക്തിഗ തമായ സ്വഭാവരീതികളുമായി അത് ചേർന്നുനിൽക്കുന്നു. ഓരോ വ്യക്തിക്കും മറ്റുള്ളവരുടെ പ്രശ്നങ്ങൾ, മാനസികാനുഭവങ്ങൾ എന്നിവകളെ കണ്ടെത്താനും മനസ്സിലാക്കാനും പ്രതികരിക്കാനു മുള്ള കഴിവുകൾ ഭിന്നമായിരിക്കുമല്ലോ. അതയാളുടെ സ്വഭാവവിശേ ഷമായി (trait) പരിഗണിക്കാം. എന്നാൽ വ്യക്തിബാഹ്യമായ അനേകം ഘടകങ്ങളും മറ്റുള്ളവരോടുള്ള നമ്മുടെ നിലപാടുകളെ സ്വാധീനിക്കും. നമുക്ക് പ്രതികരിക്കേണ്ടിവരുന്ന സംഭവം, അതിന്റെ പ്രത്യേക സാഹചര്യങ്ങൾ, സമയം തുടങ്ങി അനവധി കാര്യങ്ങള പ്പോൾ നമ്മുടെ ചിന്തയിൽ ഉണ്ടാകും. ഇതെല്ലാം വ്യക്തിബാഹ്യ മാണെന്നതും സാഹചര്യങ്ങളോട് കൂടുതൽ ചേർന്നുനിൽക്കു ന്നതും ആയ തിനാൽ അവസ്ഥയുമായി (state) ബന്ധപ്പെട്ടാണ് ഇതിനെ പരിഗ ണിക്കുക. അതിനാൽ അനുതാപം എന്ന പെരുമാറ്റ രീതി എപ്പോഴും കൃത്യമായി പ്രവചിക്കാൻ ആയിക്കൊള്ളണ മെന്നില്ല. അനുതാപപഠനം അക്കാദമിക് പരിശീലനമായി മാറ്റണ മെന്ന് പറയുന്നത് ഇതുകൊണ്ടാണ്. പുതുതായി പ്രാക്ടീസ് ആരംഭിക്കുന്ന ഡോക്ടർ മാർ, നഴ്സ്മാർ തുടങ്ങിയ ആരോഗ്യപ്രവർ ത്തകർ തങ്ങളുടെ ജീവിതാനുഭവങ്ങൾ പെരുമാറ്റരീതികളെ സ്വാധീ നിച്ചിട്ടുള്ളതായി കരുതുന്നു. രോഗികളെ സ്പർശിക്കേണ്ടി വരു മ്പോൾ അനുതാപം വർധിക്കുന്നതായും രോഗികളുടെ അനുഭ വങ്ങളെ ശരിതെറ്റുകൾക്കതീതമായി കാണാൻ ശ്രമിക്കുകയും ചെയ്യുന്നത് അനുതാപസാഫല്യത്തിന് ഉത്തമമാണ്. എന്തായാലും അക്കാദമിക് പരിശീലനത്തിലൂടെ രോഗികളെയും അവരുടെ പ്രശ്ന ങ്ങളെയും കൂടുതൽ അനുതാപത്തോടെ പരിഗണിക്കാൻ സഹാ യിക്കും. അനുതാപവിജ്ഞാനീയം (empathetics) രോഗികളെ കൂടുതൽ മനസ്സിലാക്കാനും അപമാനീകരണത്തിന്റെ സൂചനകൾ കണ്ടെത്തി ശ്രദ്ധാപൂർവ്വം പ്രതികരിക്കാനും സാധ്യതയേറും എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

രണ്ടുപേർ തമ്മിൽ അനുതാപപൂർവം ആശയവിനിമയം നടത്തുമ്പോൾ ഭാഷ മാത്രമല്ല പ്രയോഗത്തിൽ വരിക. നാം അനുഭവങ്ങൾ പങ്കിടുന്നതും വികാരങ്ങൾ പരസപരം അറിയിക്കുന്നതും ഭാഷയ്ക്ക് പുറത്തുള്ള സങ്കേതങ്ങൾ ഉപയോഗിച്ചാണ്. പൊതുവെ അവയ്ക്ക് ആംഗികവിനിമയം (non-verbal communication) എന്ന് പറയാം. ഭാഷയിലൂടെ പറയുന്നതിലധികം ആശയങ്ങൾ ഇപ്രകാരം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. *മെഡ്സ്കേപ്പ്* (*Medscape*) എന്ന ഓൺലൈൻ വൈദ്യശാസ്ത്രമാധ്യമം 700 പേരെ ഉൾപ്പെടുത്തി ഒരു സർവേ നടത്തുകയുണ്ടായി. കാൻസർ റിസ്ക്കുകളെക്കുറിച്ചു രോഗികളുമായി ആശയവിനിമയം ചെയ്യാറുണ്ടോ എന്നൊരു ചോദ്യമുണ്ടായിരുന്നു. ഡോക്ടർമാരിൽ 70% പേരും അഭിപ്രായപ്പെട്ടത് അവർ ഫലപ്രദമായ ചർച്ചയ്ക്ക് സമയം കണ്ടെത്തുന്നു എന്നായിരുന്നു. എന്നാൽ 30% രോഗികൾ മാത്രമാണ് അതോർത്തെടുത്തത്. ഡോക്ടർമാരുടെയും രോഗികളുടെയും മനസ്സിലാക്കലുകളിൽ ഉണ്ടാകുന്ന വിടവ് വ്യക്തമാണ്. കുറേ രോഗികളെങ്കിലും പിന്നീട് കാൻസർ ബാധിതരാകാറുണ്ടല്ലോ. മെച്ചപ്പെട്ട ആശയവിനിമയം തുടക്കത്തിലെ തന്നെ രോഗം കണ്ടെത്താനും ചികിൽസിക്കാനും ഇടവരുത്തും എന്നോർക്കുമ്പോൾ ഇതെത്ര പ്രധാനമെന്ന് ചിന്തിക്കാവുന്നതേയുള്ളു.

പ്രായോഗികതലത്തിൽ അനുതാപത്തിന് ഏറെ സദ്ഗുണങ്ങളുണ്ട്. ഡോക്ടർക്കും രോഗിക്കും പരസ്പരം മനസ്സിലാക്കാനാകുന്നു എന്നതിനപ്പുറം വൈദ്യശാസ്ത്രവും ചികിത്സയും അതിസാങ്കേതികമാകുന്ന ഇക്കാലത്ത് രോഗികൾ കടന്നുപോകാനിടയുള്ള മെഡിക്കൽ പ്രൊസീഡ്യൂറെല്ലാം ഉൾക്കൊള്ളാൻ രോഗിക്കും അടുത്ത ബന്ധുക്കൾക്കും അവസരമുണ്ടാകും. തങ്ങളുടെ ശരീരത്തിൽ നടക്കാനിടയുള്ള മാറ്റങ്ങളെക്കുറിച്ചു ധാരണയുള്ളവർക്ക് ശരീരത്തിനുമേൽ നിയന്ത്രണബോധം (sense of control) തോന്നും. ആരോഗ്യസംവിധാനവും രോഗിയും പരസ്പരപങ്കാളിത്തം ഉറപ്പിക്കുക വഴി ഇതരവത്കരണത്തിന്റെ സാധ്യത പരിമിതപ്പെടുത്താനും സാധിക്കും. അപമാനീകരണത്തിന്റെ വഴികൾ അടക്കുന്ന മാർഗമായി ഇതിനെക്കാണാം.

ഹെലൻ റീസ് തന്റെ *എംപതി ഇഫ്ഫെക്റ്റ് (Empathy Effect)* എന്ന പുസ്തകത്തിൽ അനുതാപത്തിൽ ഊന്നിയ ബന്ധം സ്ഥാപിക്കുന്നതിന്റെ ഘടകങ്ങൾ എടുത്തു പറയുന്നു. അതിപ്രകാരം ചുരുക്കിപ്പറയാം.

ഒന്ന്: രോഗികളോട് പറയാനുള്ളത് കണ്ണിൽ നോക്കി മെല്ലെ പറയുക. തങ്ങൾ പറയുന്ന കാര്യങ്ങൾക്കൊപ്പം രോഗിക്ക് നീങ്ങാനാകുന്നുണ്ടോ എന്ന വസ്തുത മനസ്സിലാക്കാനിത് സഹായിക്കും. രോഗിയുടെ ആശങ്കകളും ഉത്കണ്ഠയും അവരുടെ മുഖത്തിൽ നിന്ന് വായിക്കാനും സാധിക്കും.

രണ്ട്: മുഖഭാവങ്ങൾ ശ്രദ്ധിക്കുക എന്നതാണടുത്തത്. ഡാർവിൻ മുതൽ പല ഗവേഷകരും മനുഷ്യരിൽ വികാരങ്ങളുടെ മുഖാവിഷ്കാരത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അതിനർത്ഥം വികാരങ്ങളെയും അനുഭവങ്ങളെയും നമ്മുടെ മുഖഭാവങ്ങളിൽ ആവിഷ്കരിക്കുന്നതിന് പരിണാമപരമായ കാരണങ്ങൾ കൂടിയുണ്ട്. മറ്റൊരാളിന്റെ മുഖഭാവങ്ങൾ മനസ്സിലാക്കി പ്രതികരിക്കാനും ഒരുപക്ഷേ, ഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്താനും നമുക്കറിയാം. പരിണാമം മാത്രമല്ല, k mad nl k z nm h X lv cW w(social conditioning) എന്നരീതി കൂടി മുഖാവിഷ്കാരങ്ങളെ സ്വാധീനിക്കുന്നതായി പഠനങ്ങൾ കാണിക്കുന്നു. ചില വികാരങ്ങൾ മുഖത്തിലൂടെ പ്രകാശിപ്പിക്കാറുണ്ട്; അവ ലോകമെമ്പാടും ഏറെക്കുറെ ഒരേരീതിയിൽ വായി ക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ സാംസ്കാരിക പശ്ചാത്തലം, ജീവിതരീതി എന്നിവയെ ആശ്രയിച്ചു വ്യത്യാസപ്പെടാം. ചില മുഖഭാവങ്ങൾ പാശ്ചാത്യരും പൗരസ്ത്യരും ഭിന്നമായ രീതിയി ലാണ് വായിച്ചെടുക്കുന്നത്; വ്യത്യസ്ത മുഖമേഖലകൾ അവർ വായിക്കാൻ ശ്രമിക്കുന്നു. മുഖഭാവപഠനം സങ്കീർണമായ വിഷയമായി മാറാൻ കാരണമായി. വികാരങ്ങളും മുഖഭാവങ്ങളും മസ്തിഷ്കത്തിലെ വയറിങ് (wiring) സംവിധാനത്തിന്റെ ഭാഗമാണെന്ന് ഇന്ന് മനസ്സിലാക്കപ്പെടുന്നു. അനുതാപം (empathy) സൃഷ്ടിക്കാനും അനുകൂലാവസ്ഥയിലുള്ളവരിൽ യോജിപ്പുളവാക്കാനും കഴിയുന്നതിനാൽ ആരോഗ്യസംവിധാനത്തിൽ ഇതിനു പ്രത്യേകസ്ഥാനമുണ്ട്.

മൂന്ന്: ശരീരത്തിന്റെ അംഗവിന്യാസരീതി (body posture) ആശയവിനിമയത്തെ സ്വാധീനിക്കും. രോഗികളുമായി സംസാരിക്കുമ്പോൾ ഡോക്ടർമാർ, നഴ്സ്മാർ എന്നീ ആരോഗ്യപ്രവർത്തകർ സ്വീകരിക്കുന്ന അംഗവിന്യാസരീതി ആശയവിനിമയത്തിന്റെ പ്രാരംഭതടസ്സങ്ങൾ തരണം ചെയ്യാനുതകും. രോഗിയുടെ/ ബന്ധുവിന്റെ ശരീരഭാഷയുമായി പൊരുത്തപ്പെടുത്തുക, അല്പം മുന്നോട്ട് ചരിയുക, കണ്ണുകൾ ഒരേ ലെവലിൽ നിർത്തുക തുടങ്ങിയ കാര്യങ്ങൾ അനുവർത്തിക്കുക ഫലപ്രദമായിക്കാണുന്നു.

നാല്: ശബ്ദത്തിന്റെ സ്വരഭേദങ്ങൾ (tone) ആശയവിനിമയത്തിൽ പ്രധാനമാണ്. നാം പറയാനുദ്ദേശിക്കുന്ന കാര്യങ്ങൾ ഏറ്റവും ഉചിതമായി പറയാനുള്ള സ്വര, താളക്രമം അനിവാര്യമാണല്ലോ. അതുപോലെ രോഗിക്കും ബന്ധുവിനും ചോദിക്കാനുള്ള കാര്യങ്ങൾ ആവർത്തിച്ച് ചോദിക്കാനും അവയെക്കുറിച്ചു ആവശ്യമുള്ള പക്ഷം കൂടുതൽ ചർച്ചകൾക്ക് ഇടം നൽകുന്നതിലൂടെയും അനുതാപം ഉറപ്പിക്കാൻ സഹായിക്കും.

**വൈദ്യനൈതികത**

ക്രമേണ വികസിച്ചുവന്ന വൈദ്യനൈതികതയുടെ വിപുലമായ സഞ്ചയമുണ്ട് ഇന്ന് വൈദ്യശാസ്ത്രത്തിന്. അപമാനീകരണ പ്രവണതകളെ മനസ്സിലാക്കാനും അതിനെതിരെ പ്രതിരോധം സൃഷ്ടിക്കാനും സഹായിക്കുന്ന ആശയങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ധാരാളം പഠനങ്ങളും നടക്കുന്ന മേഖലയായതിനാൽ ശ്രദ്ധേയമായ അനേകം അറിവുകൾ പുതുതായി കടന്നുവരുന്നുമുണ്ട്. അപമാനാനുഭവങ്ങൾക്ക് കാരണമായ ഘടകങ്ങൾ വ്യതിരിക്തമായിരിക്കും; നമ്മുടെ ജീവിതപശ്ചാത്തലവുമായി ബന്ധപ്പെട്ടുമിരിക്കും. സമൂഹത്തിന്റെ പൊതുനീതിബോധം, മറ്റുള്ളവരോടുള്ള നമ്മുടെ സമീപനം എന്നിവയുടെ അടിസ്ഥാനത്തിലാവും നാം പ്രശ്നങ്ങളെ കാണാൻ ശ്രമിക്കുന്നതുപോലും. സാർവത്രികമായ പെരുമാറ്റച്ചട്ടങ്ങളോ പ്രോട്ടോക്കോളുകളോ പിന്തുടരാനാകാത്തതിന് പിന്നിലും ഇതൊക്കെത്തന്നെയാവും കാരണം. എങ്കിലും മുൻവിധി (prejudice), പക്ഷപാതപ്രവണത (bias), അനാദരവ് (disrespect),

പരിഷ്ക്കാരത്തിലും ലോകപരിജ്ഞാനത്തിലും ഉള്ള വിടവ് എന്നിവയും അപ മാനീകരണത്തിനു പിന്നിൽ പ്രവർത്തിക്കും. ആധുനിക വൈദ്യ ശാസ്ത്രത്തിലെ പുതിയ ഇടങ്ങളിൽ ഇതെല്ലാം പ്രശ്നവത്കരിക്കപ്പെടാൻ സാധ്യതയേറും. ഉദാഹരണത്തിന്, അപമൃത്യുവും പോസ്റ്റ്- മോർട്ടവും, മസ്തിഷ്കമരണവും അവയവദാനവും, മരണ ശേഷമുള്ള ശരീരദാനം, സാന്ത്വന ചികിത്സ, വെന്റിലേറ്റർ നിരസിക്കൽ (പിൻവലിക്കൽ), ഗർഭമവസാനിപ്പിക്കൽ, ഭ്രൂണചികിത്സ എന്നീ മേഖലകളിൽ ഡോക്ടർമാരും രോഗികളും (ബന്ധുക്കളും) തമ്മിൽ ആശയ വിനിമയം പൂർണമാകുമെന്ന് പറയാനാവില്ല. വൈദ്യശാസ്ത്ര പ്രവർത്തനങ്ങളെ കുറിച്ച് ജനങ്ങളിലും മീഡിയയിലും സിനിമയിലും സാഹിത്യത്തിലും നിറയുന്ന ആശയക്കുഴപ്പം ഇതിന്റെ പ്രതിഫലനമാണെന്ന് തോന്നുന്നു. വ്യക്തികൾ അനുഭവിക്കുന്ന അപമാനബോധം (യഥാർത്ഥമാണെങ്കിലും അല്ലെങ്കിലും) സാമൂഹിക വത്കരിക്കുമ്പോൾ സംഭവിക്കുന്നതാവാമത്.

ചികിത്സാസംവിധാനത്തിനുള്ളിൽ ഡോക്ടർമാർക്ക് (ഒപ്പമുള്ളവർക്കും) രോഗികളുടെ മേൽ വ്യക്തമായ അധികാരമുണ്ട്. അവരുടെ തൊഴിൽ നൽകുന്ന പ്രിവിലെജ് അത്തരം ബന്ധങ്ങൾ സ്ഥാപിക്കുവാൻ സഹായിക്കുന്നു. ഡോക്ടർമാർ രോഗികളിൽ നിന്ന് വ്യക്തിപരമായ വിവരങ്ങൾ ശേഖരിക്കുകയും പരിശോധനകൾ നടത്തുകയും രോഗമെന്തെന്ന് നിശ്ചയിക്കുകയും ചെയ്യും. ഇത് കുറെ സമയമെടുക്കുന്ന പ്രവർത്തനമാണെന്ന് പറയേണ്ടതില്ലല്ലോ. മണിക്കൂറുകളോ, ദിവസങ്ങളോ ആഴ്ചകളോ വേണ്ടിവരും നടപടിക്രമങ്ങൾ അവസാനിക്കാൻ; അതിനുശേഷമാണ് ചികിത്സ. ഈ സമയത്തിനുള്ളിൽ ഡോക്ടർമാർ അനേകം നിശബ്ദതീരുമാനങ്ങൾ (silent decisions) കൈക്കൊള്ളേണ്ടിവരും. അതെല്ലാം രോഗികളോട് വിസ്തരിച്ചു പറയണമെന്നില്ല. അത്യാവശ്യമെന്ന് തോന്നുന്ന കാര്യങ്ങൾ മാത്രം ഉചിതമായ രീതിയിൽ രോഗികളോട് പറയുകയാണ് സാധ്യമാകുക. പറയുന്നതിലധികം പറയാതെ പോകുന്നു വെന്ന തോന്നൽ രോഗികളിലുണ്ടാവാനിത് മതി. രോഗിയുടെ താല്പര്യങ്ങൾ, അവകാശങ്ങൾ, ജീവിതഗുണത എന്നിവ തങ്ങളറിയാതെ ഡോക്ടറിലേയ്ക്ക് ചോർന്നുപോകുന്നുവെന്ന തോന്നൽ രോഗിക്കുണ്ടായാൽ തെറ്റുപറയാനുമാവില്ല.

ആധുനിക ചികിത്സാസംവിധാനങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ (evidence based practice), മാത്രം ചികിത്സിക്കണം എന്ന നിലപാടുപോലും ഡോക്ടർമാരിൽ നിക്ഷിപ്തമാകുന്ന അധികാരത്തെ നേർപ്പിക്കാൻ കണ്ടെത്തിയ മാർഗമാണ്. ക്ലിനിക്കൽ പ്രോട്ടോകോൾ, ലൈസൻസിങ്, നിയമസംവിധാനം, സ്ഥാപനങ്ങൾ നടപ്പാക്കുന്ന പെരുമാറ്റച്ചട്ടം എന്നിവ രോഗിയുടെ വശത്തുനിന്നും നോക്കിയാൽ നീതിയുക്തമാണ്; അതേകാര്യങ്ങൾ അധികാരം സ്ഥാപിക്കാനും ഉതകും. പ്രത്യേകിച്ചും സാമൂഹികമോ സാംസ്കാരികമോ ആയ കാര്യങ്ങളാൽ ദുർബലരായവർ ചികിത്സകരുടെ അധികാരത്തിന് പാത്രമാകാറുണ്ട്. തങ്ങളുടെ ശരീരത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചികിത്സകരുടെ തീരുമാനങ്ങൾക്ക് വിടാമെന്ന ചിന്തയാണ് സാമൂഹിക ദൗർബല്യമനുഭവിക്കുന്നവർ കൈക്കൊള്ളുക. ഇത് അപൂർവ്വമായെങ്കിലും ഹിംസാത്മകമായ അധികാര (predatory power) കേന്ദ്രീകരണമായി കാണാം. ചികിത്സയിലെ നൈതികതയെ കുറിച്ചുള്ള ആധുനികസംവാദങ്ങൾ സങ്കീർണമായ മെഡിക്കൽ പരിചരണത്തിൽ ഒളിഞ്ഞുകിടക്കുന്ന അധികാരകേന്ദ്രീകരണവുമായി ബന്ധപ്പെട്ടതാണ്.

ചുരുക്കിപ്പറയാം. മെഡിക്കൽ രംഗത്ത് നടക്കുന്ന അപമാനീകരണം (humiliation in medicine) പ്രതിരോധിക്കാനാകും. രോഗീകേന്ദ്രീകൃതമായ ചികിത്സയും ചികിത്സാസംസ്കാരവും സ്ഥാപിക്കുക എന്നതാണ് മുഖ്യം. അതോടൊപ്പം, അപമാനാനുഭവം റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും അവ പരിഹരിക്കുന്നതിനാവശ്യമായ ചട്ടക്കൂടുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക. ആശുപത്രി, ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പൗരാവകാശരേഖ (citizen's charter) പ്രഖ്യാപിക്കുകയും അവ സാക്ഷാത്കരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഭരണപരമായ അംഗീകാരത്തോടെ നടപ്പാക്കുകയും ചെയ്യുക. മെഡിക്കൽ നൈതികത, അനുതാപം, ആശയവിനിമയശൈലി എന്നിവ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുക. ആരോഗ്യകേന്ദ്രങ്ങൾ ഉപയോഗിക്കുന്നവർ അതിന്റെ ഉടമസ്ഥതയിൽ (stakeholder) ധാർമികമായി

പങ്കാളികളാണ്. അവരുടെ ശബ്ദം തുടച്ചുമാറ്റാനോ നിർജീവമാക്കാനോ ഉള്ള ശ്രമം തടയപ്പെടേണ്ടതുമാണ്.

**കുറിപ്പുകൾ**

1. In 2009, I said goodbye to my grandmother, who passed away after suffering for years from Alzheimer's disease. In my hometown, we have this tradition where the deceased's coffin is taken by the funeral car to the most important places in the deceased's life. That usually means places like home, one's workplace, one's wedding venue, and for my grandmother, the place she spent almost the last ten years of her life, her nursing home. As close relatives, my family was driving behind the funeral car, and as we turned into the street where the nursing home was, I saw one of the most touching scenes in my life. In front of the tall building, seven nurses that cared for grandmother were all sobbing and crying. Even though my grandmother had not been able to speak or communicate with those nurses and had been in bed for years and years, she was not just a number in a patient chart but a fellow human being whose passing was worthy of tears. - Ella Nygård: How I Came to Study Shame and Humiliation in Finnish Healthcare

**Reference:**

1. Nygaard, Ella - https://shameandmedicine.org/how-i-came-to-study-shame-and-humiliation-in-finnish-healthcare/

2. Lazare, Aaron - Shame and Humiliation in Medical Encounter: Arch Intern Med. 1987;147(9):1653-1658. doi:10.1001/archinte.1987.00370090129021

3. Tanoubi I, Cruz-Panesso L, Drolet P. The Patient, the Physician, or the Relationship: Who or What Is "Difficult", Exactly? an Approach for Managing Conflicts between Patients and Physicians. Int J Environ Res Public Health. 2021 Nov 27; 18(23):12517. doi: 10.3390/ijerph182312517. PMID: 34886243; PMCID: PMC8656806.

4. Jaeb A Michael, Pecanac E Kristen: Shame in patient-health professional encounters: A scoping review: *International Journal of Mental Health Nursing Early View* - https://doi.org/10.1111/inm.13323

5. Thomas Sindhu, Rao Y Srinivasa: Institutionalisation of Western Medicine in Colonial Kerala - *History Research Journal*; Vol. 5, Issue 5, Sept-Oct 2019

6. *Ezhuthu* - monthly; book 5, iss 10 ; p.56, Aug 2020.

7. https://www.newindianexpress.com/states/kerala/2024/Mar/05/keralas-nooranad-leprosy-asylum-marks-historic-first-residents-enjoy-a-day-out-at-azheekal-beach

8. Krishna Manmohan, From Criminalization to Confinement: The Leprosy Sufferers of Colonial Bihar and Chotanagpur 1870 - 1940s: https://www.jstor.org/stable/44156298

9. Nandakumar. U, കോവിഡ്-19: ആരോഗ്യത്തിന്റെ വരും കാലങ്ങൾ - (*കോവിഡ് - വ്യക്തി, സമൂഹം, രാഷ്ട്രീയം*: എഡിറ്റർ, ഡോ. വി എൻ ജയചന്ദ്രൻ), 2020, SPCS.

10. YU, C.C., TAN, L., LE, M.K. et al. The development of empathy in the healthcare setting: a qualitative approach. BMC Med Educ 22, 245 (2022). https://doi.org/10.1186/s12909-022-03312-y

11. Riess Helen, Neporent Liz - *The Empathy Effect*; 2018

12. McCullough LB. Physicians' Professionally Responsible Power: A Core Concept of Clinical Ethics. J Med Philos. 2016 Feb; 41(1):1-9. doi: 10.1093/jmp/jhv034. Epub 2015 Dec 14. PMID: 26671961; PMCID: PMC4882629

# മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടൽ: സങ്കൽപ്പനങ്ങൾ, വ്യവസ്ഥാപീകരണം

**അലേർട്ട് ജെ. കളപ്പുരയ്ക്കൽ**
ഗവേഷകൻ, മലയാളവിഭാഗം
കേരളയൂണിവേഴ്സിറ്റി

**സംഗ്രഹം**

ജനാധിപത്യമൂല്യങ്ങളെ മനുഷ്യാവകാശങ്ങളോടും മനുഷ്യാന്തസ്സിനോടുമൊപ്പം ചേർത്തു ഇല്ലായ്മ ചെയ്യുന്നിടത്താണ് മനുഷ്യാന്തസ്സ് ഹനിക്കപ്പെടുന്നതിന്റെ അടയാളങ്ങൾ ദൃശ്യമാകുന്നത്. അവകാശലംഘനങ്ങളുടെ നിരവധിയായ രൂപമാതൃകകളെ 'അപമാനിക്കൽ' (Humiliation) എന്ന ഒറ്റ സങ്കൽപ്പനത്തിനു കീഴിൽ അണിനിരത്തുക വഴി ആ ആശയത്തോട് ചേർന്നുനിൽക്കുന്ന വിവിധങ്ങളായ ഇതരസാഹചര്യങ്ങളെയും സന്ദർഭങ്ങളെയും നാം അവഗണിക്കുന്നു. പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും അടയാളപ്പെടുത്തലുകൾക്കുമേലുള്ള സാംസ്കാരികമായ അന്വേഷണങ്ങളുടെ ഭാഗമായി പ്രബന്ധത്തിൽ, ഈ സങ്കൽപ്പനങ്ങളെ വേർതിരിച്ചു കാണിക്കുകയും സിദ്ധാന്തവൽകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒപ്പം സ്ഥാപനവൽക്കരിക്കപ്പെട്ട 'അപമാനിക്കൽ സാഹചര്യങ്ങളെ'/ 'മനുഷ്യാന്തസ്സ് ഹനിക്കപ്പെടുന്ന സന്ദർഭങ്ങളെ' മനസ്സിലാക്കിക്കൊണ്ട് 'സാമൂഹികമരണം' (Social death) എന്ന സാമൂഹിക സങ്കൽപ്പനത്തോട് ചേർത്തുവയ്ക്കാനും ശ്രമിക്കുകയാണ് ഈ പഠനത്തിലൂടെ.

**താക്കോൽവാക്കുകൾ**

*സാമൂഹികമരണം, ആത്മാഭിമാനബോധം, പ്രതിരോധസംവിധാനങ്ങൾ, സമ്മതത്തോടെയുള്ള സാധൂകരണം, സാമൂഹികമാന്യത,*

*അധിക്ഷേപം, നാണക്കേട്, അധികാരം, ബഹുമാനം, തരംതാഴ്ത്തൽ, തിരസ്കരിക്കൽ, ശ്രേണിബദ്ധമായ ക്രമങ്ങൾ, അപചയസിദ്ധാന്തം, സ്ഥാപനവൽക്കരണം.*

തങ്ങളുടെ നിലനിൽപ്പിനുവേണ്ടി സാമൂഹികജീവിതം തിരഞ്ഞെടുത്ത ജീവികളാണ് മനുഷ്യർ. ബൗദ്ധികമായും മാനസികമായും ശാരീരികമായും ലഭിച്ച ജൈവികമായ അനുകൂലഘടകങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നിലനിൽപ്പിനുവേണ്ടി ആരംഭിച്ച യാത്രയ്ക്ക്, അവരുടെ സാമൂഹികജീവിതം നൽകിയ സംഭാവനകളെ ഏതു മാനദണ്ഡങ്ങൾ കൊണ്ടാണ് തിട്ടപ്പെടുത്താൻ സാധിക്കുക! വ്യക്തി-സമൂഹം-ആൾക്കൂട്ടമായി മാറുന്ന സാമൂഹിക-രാഷ്ട്രീയ പ്രക്രിയയിൽ നൈതികതയെന്നത് സാന്ദർഭികമായ അനിവാര്യതയായി മാറുന്നു. ഈ സാമൂഹികനൈതികതയിലേക്ക് വ്യക്തി (Self) തന്റെ സ്ഥാനം ആരായുന്നിടത്ത് മനുഷ്യാന്തസ്സ്, അവയുടെ ഹനിക്കപ്പെടൽ എന്നീ സങ്കൽപ്പനങ്ങൾ വിഭാവനം ചെയ്യപ്പെടുന്നു. ചുരുക്കത്തിൽ വ്യക്തി തനിക്ക് ചുറ്റുമുള്ള സമൂഹത്തോട് തന്റെ ഇടം സാന്ദർഭികമായി ആവശ്യപ്പെടുന്ന/നിർണയം ചെയ്തെടുക്കുന്ന വ്യവഹാരമാണ് മനുഷ്യാന്തസ്സ് എന്ന സങ്കൽപ്പനം. എങ്ങനെ ഇത് വ്യക്തിയിൽ ആത്മാഭിമാനബോധം (self respect), പ്രതിരോധസംവിധാനങ്ങൾ (defense mechanisms) എന്നിവ നിർമ്മിക്കുന്നു എന്ന് ചിന്തിക്കുമ്പോഴാണ് മന:ശാസ്ത്രം, ചരിത്രം, സാമൂഹ്യശാസ്ത്രം, തത്ത്വശാസ്ത്രം, രാഷ്ട്രീയസിദ്ധാന്തങ്ങൾ തുടങ്ങിയ വിഷയമേഖലകളെ മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടൽ എന്ന സങ്കൽപ്പനത്തിലേക്ക് ഉൾച്ചേർക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നത്.

എങ്ങനെയാണ് 'അപമാനിക്കൽപ്രക്രിയ' മന:ശാസ്ത്രപരമായി പ്രവർത്തിക്കുന്നത്? മനുഷ്യാന്തസ്സ് ഹനിക്കപ്പെടുന്ന പ്രക്രിയ ഒരുതരം മാനുഷികമായ സാഹചര്യമാണ്. ഒരാളെ അപമാനിക്കാൻ നാം മനുഷ്യന്റെ സംവേദനക്ഷമതയെ തന്നെ ലക്ഷ്യം വയ്ക്കണം. ചൂഷണം ചെയ്യുന്നയാളും ഇരയാകുന്ന വ്യക്തിയും ഇവിടെ ഒരേ തരത്തിൽ ഒരു വിഷയത്തെ/സന്ദർഭത്തെ ഇഷ്ടപ്പെടുകയോ വെറുക്കുകയോ ചെയ്യുന്നവരാണ്. അതായത് ഇരുവരും ആത്മാഭിമാനക്ഷതമുണ്ടാക്കിയ കാരണത്തിന് തുല്യമായ പ്രാധാന്യം നൽകുന്നവ

രാണ്. ഒരു വ്യക്തി പ്രസ്തുത കാരണത്തിന് മൂല്യം കൽപ്പിക്കാതിരിക്കുകയും മറ്റൊരാൾ അതിന് അമിതപ്രാധാന്യവും കൽപ്പിക്കുന്ന വേളയിൽ ഹനിക്കപ്പെടൽ പ്രക്രിയയുടെ തീവ്രതയ്ക്ക്/ആഘാതത്തിന് സംവേദനക്ഷമത കുറവായിരിക്കും. 'ഹ്യുമിലിയേഷൻ' എന്ന സങ്കൽപ്പനത്തിന് മാർഗലിറ്റ് 'ഒരു വ്യക്തിക്ക് തന്റെ ആത്മാഭിമാനത്തിന് മുറിവേറ്റതായി കണക്കാക്കാൻ ഒരു നല്ല കാരണമായി പ്രവർത്തിക്കുന്ന ഏതെങ്കിലും തരത്തിലുള്ള പെരുമാറ്റമോ അല്ലെങ്കിൽ അവസ്ഥയോ'[1] എന്ന് വിശദീകരണം നൽകുന്നു. എങ്ങനെയാണ് ഈ 'നല്ലകാരണ'ത്തെ (sound reason) മനസ്സിലാക്കാൻ സാധിക്കുക? ഇവിടെ 'അപമാനിക്കൽപ്രക്രിയ'യിലെ സമ്മതത്തോടെയുള്ള സാധൂകരണത്തിന്റെ (consensual validation) ആവശ്യകത ഉയർന്നുവരുന്നു. ചൂഷണത്തിന് വിധേയനാക്കപ്പെടുന്ന വ്യക്തിക്ക് അഭിമാനക്ഷതം സംഭവിക്കുകയും അതിലൂടെ ചൂഷകരുടെ സാഡിസത്തെ, യജമാനബോധത്തെ തൃപ്തിപ്പെടുത്തിയും ചെയ്യുമ്പോഴാണ് അന്തസ്സ് ഹനിക്കപ്പെടുന്ന പ്രക്രിയ പൂർണ്ണമാകുന്നത്. ഇതേസമയം ചൂഷണത്തിന് ഇരയായ വ്യക്തി ചൂഷകനെ നോക്കി ചിരിക്കുകയും വേദന ജനിപ്പിക്കുന്നതിനുള്ള വ്യക്തിയുടെ കഴിവിനെ നിഷേധിക്കുകയും ചെയ്യുന്ന അവസ്ഥയിൽ അന്തസ്സ് ഹനിക്കപ്പെടുന്ന പ്രവർത്തനത്തിന് സംവേദനം സാധ്യമാകാതെ വരികയും ഉദ്ദിഷ്ടസംവേദനത്തിന് എതിരായ രീതിയിൽ അപമാനം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ സമ്മതത്തോടെയുള്ള സാധൂകരണം മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടലിന് അനിവാര്യമായ ഘടകമായി തീരുന്നു. ഇത്തരത്തിൽ സാങ്കേതികമായി 'ഹ്യുമിലിയേഷൻ' എന്ന പ്രവർത്തനത്തെ വിഭാവനം ചെയ്യുമ്പോൾ സന്ദർഭം, ചൂഷക-ചൂഷിത സങ്കൽപ്പനം, ആത്മാഭിമാനക്ഷതം, സംവേദനക്ഷമത, സമ്മതത്തോടെയുള്ള സാധൂകരണം എന്നിവ അടിസ്ഥാനഘടകങ്ങളായി നിലകൊള്ളുന്നു എന്ന് മനസ്സിലാക്കാം.

**'അപമാനിക്കപ്പെടൽ': സന്ദർഭോചിത വിശകലനം**

അപമാനിക്കൽ എന്ന പ്രക്രിയയുടെ സ്വഭാവം, തീവ്രത എന്നിവ നിർണയിക്കുന്നതിൽ സന്ദർഭത്തിനും (context) അതിന്റെ ശരിയായ നിർമ്മിച്ചെടുക്കൽ പ്രക്രിയയ്ക്കും പ്രാധാന്യമുണ്ട്. സമ

ത്വനിയമാവലികളെ അടിസ്ഥാനമാക്കിയുള്ള ജനാധിപത്യസ്ഥാപനങ്ങൾ ആളുകൾക്ക് അന്തസ്സും ബഹുമാനവും വാഗ്ദാനം ചെയ്യുന്നു എന്ന് റൗൾസ് വാദിക്കുന്നു[2]. ഇത്തരത്തിൽ വ്യവസ്ഥാപിതസ്ഥാപനങ്ങൾ നിർമ്മിച്ചെടുക്കേണ്ടതും, വ്യക്തിക്ക് സമത്വപൂർണ്ണമായി, ചൂഷണരഹിതമായി-തുല്യമായി ലഭിക്കുന്നതുമായ അന്തരീക്ഷത്തിന്റെ പ്രാധാന്യത്തിലേക്ക് ആണ് ഇവിടെ വിരൽചൂണ്ടപ്പെടുന്നത്. ഇത്തരം സന്ദർഭങ്ങളെ നിർമ്മിച്ചെടുക്കേണ്ട ചുമതല നിലവിൽ ഭരണഘടനാവ്യവസ്ഥകൾക്കും, ഭരണകൂടത്തിനുമുണ്ട് എന്നതാണ് സൈദ്ധാന്തികമായെങ്കിലും വിഭാവനം ചെയ്യപ്പെടുന്ന ജനാധിപത്യരീതി. എന്നാൽ ഇവയുടെ ശരിയായ തരത്തിലുള്ള പ്രവർത്തനം സാധ്യമാകുന്നില്ല എന്നിടത്ത് ഇത്തരം സ്ഥാപനങ്ങൾ അപമാനിക്കലിന്റെയും ആത്മാഭിമാനക്ഷതത്തിന്റെയും ഏജൻസികളായി പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് 'തോട്ടിപ്പണി' (manual scavenging). ഒപ്പം ജാതി, മതം, ലിംഗം എന്നിവയെ വ്യവസ്ഥാപനം ചെയ്യുന്നതിനും ഇവയെ അടിസ്ഥാനമാക്കിയുള്ള വിവേചനങ്ങൾക്കും എത്തരത്തിലാണ് ഭരണഘടനാസ്ഥാപനങ്ങൾ തന്നെ ഇടനിലക്കാരാകുന്നത് എന്ന് രാഷ്ട്രീയമായി ശ്രദ്ധിച്ചാൽ മതിയാകും. വ്യക്തിക്കും സമൂഹത്തിനുമിടയിൽ നിലനിൽക്കുന്ന തിരിച്ചറിയൽ പ്രശ്നത്തെ കൈകാര്യം ചെയ്യുന്ന ഇത്തരത്തിലുള്ള സ്ഥാപനവൽക്കരിക്കപ്പെട്ടതും അല്ലാത്തതുമായ സന്ദർഭങ്ങളെ അടിസ്ഥാനമാക്കി മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടലിലെ വിവിധ സങ്കൽപ്പനങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു/വ്യത്യസ്തമാകുന്നു എന്ന് നിർണയിക്കാം.

### അധിക്ഷേപവും അപമാനവും (Insult & Humiliation)

അധിക്ഷേപം ഒരു വ്യക്തിയുടെ സാമൂഹികമാന്യതയ്ക്ക് (social honour) ക്ഷതമേൽപ്പിക്കുമ്പോൾ, അപമാനിക്കപ്പെടൽ വ്യക്തിയിൽ ആത്മാഭിമാനക്ഷതം സാധ്യമാക്കുന്നു. ഒരാളുടെ സമൂഹത്തിലെ മാന്യതയ്ക്ക് കോട്ടം സംഭവിക്കുന്നു എന്നു മാത്രമല്ല, ചൂഷകർ ഇരയാക്കപ്പെടുന്ന വ്യക്തികളിൽ നിർമ്മിക്കുന്ന നിസ്സഹായത, പ്രതിരോധമില്ലായ്മയുടെ ബോധം, ബലഹീനത എന്നിവയിലൂടെ അസ്തിത്വപരമായ ഭീഷണിയിലേക്ക് കൂടി അധിക്ഷേപം

വഴിയൊരുക്കുന്നു. ഇതരവ്യക്തികളുടെ താൽപര്യങ്ങൾ, അനൗദ്യോഗികമായ സാമൂഹികനിയമാവലികൾ, സാംസ്കാരികമായ വാർപ്പുമാതൃകകൾ മുതലായവ കണക്കിലെടുത്താൽ അധിക്ഷേപമെന്ന പ്രക്രിയ ശരി-തെറ്റ് നിർണയങ്ങൾക്കുമതീതമാകുന്നു. ആൾക്കൂട്ടം, അവരുടെ വിനിമയക്രമം എന്നിവ അധിക്ഷേപത്തിന് നിർണായക ഘടകങ്ങളാണ്. ആത്മാഭിമാനം എന്നത് വ്യക്തിക്ക് തന്നോട് തന്നെയുള്ള മനോഭാവമാണെങ്കിലും നമ്മളോടുള്ള മറ്റുള്ളവരുടെ മനോഭാവവുമായി ഇവിടെ ആശ്രിതത്വം നേടുന്നു. മന:ശാസ്ത്രപരമായ ഈ ആഭിമുഖ്യമാണ് അധിക്ഷേപത്തെ മനുഷ്യാന്തസ്സിനോട് ചേർത്തു നിർത്തുന്നത്. ഇത്തരത്തിൽ അധിക്ഷേപമെന്നത് മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടലിന്റെ സാമൂഹികവും സാംസ്കാരികവുമായ ആശ്രിതാംശങ്ങളെ ഘടനാപരമായി ഉൾക്കൊള്ളുന്ന തലമായി വ്യാഖ്യാനിക്കാം.

**നാണക്കേടും അപമാനവും (Shame & Humiliation)**

നാണക്കേട് എന്നത് മന:ശാസ്ത്രപരമായി മറ്റൊരാളുടെ പ്രതീക്ഷകൾക്കോ, ആവശ്യങ്ങൾക്കോ മുന്നിലോ പരാജയപ്പെടുമ്പോൾ വ്യക്തിക്ക് സംഭവിക്കുന്ന മാനസികവിഷമങ്ങളാണ്. നാണക്കേടും അപമാനിക്കലും എപ്പോഴും പരസ്പരപൂരകങ്ങളല്ല. സന്ദർഭങ്ങളുടെ വ്യത്യസ്തത, വ്യക്തിയിൽ സൃഷ്ടിച്ച ആഘാതത്തിന്റെ സ്വഭാവം, പാർശ്വവൽക്കരണത്തിന്റെ തോത് എന്നിവയെ ആശ്രയിച്ചായിരിക്കും നാണക്കേട് ,അപമാനിക്കൽ എന്നിവയുടെ പരസ്പരബന്ധം നിർണയം ചെയ്യപ്പെടുക. ഒന്ന് മറ്റൊന്നിന്റെ തുടർച്ച എന്ന് പൂർണമായി പറഞ്ഞുവയ്ക്കാൻ സാധിക്കില്ല എന്ന് സാരം.

**അധികാരം, അപമാനം, ബഹുമാനം (Power, Humiliation, Honour)**

പലപ്പോഴും 'അപമാനിക്കപ്പെടൽ' ആഴത്തിലുള്ള മാനസികാഘാതവും ധാർമികാഘാതവും സൃഷ്ടിക്കണമെന്നില്ല. പക്ഷേ ഇവയിൽ അന്തർലീനമായ മാനുഷികബന്ധങ്ങളുടെ രൂപങ്ങളും സാമൂഹികഘടനകളും, വളരെ സങ്കീർണവും ഗുരുതരവുമായ ഫലങ്ങളെ വ്യക്തിയിൽ സൃഷ്ടിക്കുന്നു. അധികാരം മനുഷ്യബന്ധങ്ങളുടെ

കേന്ദ്രമാണ്. അത് അസമത്വത്തിന്റെയും ആധിപത്യത്തിന്റെയും നിലനിൽപ്പിൽ പ്രധാന പങ്കു വഹിക്കുന്നു. വ്യക്തിയിൽ സംതൃപ്തിയും കടമയും അനുഭവപ്പെടുത്തി, തന്നോടുതന്നെ വിധേയപ്പെടാൻ അധികാരം ആവശ്യപ്പെടുന്നു. അടിമത്തത്തെ ആധിപത്യസ്വഭാവത്തിന്റെ ഉദാഹരണമായി പരിശോധിക്കുക. ചൂഷകനിലൂടെ മാത്രം സമൂഹത്തോട് ഇടപെടാൻ കഴിയുന്ന ചൂഷണം ചെയ്യപ്പെടുന്ന വ്യക്തി, സാമൂഹികമായ അസ്തിത്വമില്ലാതെ അപമാനിതരാകുന്നു, ആത്മാഭിമാനക്ഷതമുള്ളവരാകുന്നു. അധികാര-ബഹുമാന ബന്ധത്തെ സാമൂഹിക-മന:ശാസ്ത്രപ്രശ്നമായി അംഗീകരിച്ചുകൊണ്ട് തോമസ് ഹോബ്സ് *ലെവിയാത്തനിൽ* 'അനുസരിക്കുക എന്നത് ബഹുമാനമാണ്'[3] എന്ന് പറയുന്നു. അനുസരിക്കുക വഴി തന്നെ ചൂഷണം ചെയ്യുന്ന വ്യക്തിയുടെ അധികാരത്തിനും ബഹുമാനത്തിനും സംരക്ഷണം നൽകുന്ന വ്യക്തിക്ക് സാമൂഹിക മരണം-സമൂഹത്തിൽ അസ്തിത്വമില്ലായ്മ സംഭവിക്കുന്നു. ജാതിക്രമത്തിന്റെയും വർണവ്യവസ്ഥിതിയിലെയും അസമത്വചിന്തകൾക്ക് അടിസ്ഥാനമായി തീരുന്നത് ഈ അസ്തിത്വരാഹിത്യവും, അധികാരത്തിന്റെ ഇത്തരത്തിലുള്ള അക്രമാസക്തമായ പ്രകടനവുമാണ്. ഇ.വി രാമസ്വാമിപെരിയാർ 'സ്വാഭിമാനപ്രസ്ഥാനം' എന്ന ആശയത്തിലൂടെ ചരിത്രപരമായി വിഭാവനം ചെയ്യാൻ ശ്രമിച്ചതും ഈ അധികാര-ബഹുമാന തലങ്ങളിലെ പരസ്പരബന്ധത്തെയാണ്.

### തരംതാഴ്ത്തൽ, തിരസ്കരിക്കൽ (Abasement, Exclusion)

സ്റ്റീവൻ ലൂക്സ് 'അപമാനിക്കപ്പെടലിനെ' ഇതര സാഹചര്യങ്ങളിൽ നിന്ന് വേർതിരിക്കുന്നു. തരംതാഴ്ത്തലും അപമാനിക്കലും ഒരുമിച്ചോ അല്ലാതെയോ സംഭവിക്കാവുന്ന സാഹചര്യങ്ങളുണ്ടാകാമെന്ന് ലൂക്സ് അഭിപ്രായപ്പെടുന്നു.[4] ഉദാഹരണത്തിന് തൊട്ടുകൂടായ്മ ഈ രണ്ടു സങ്കൽപ്പനങ്ങളും ഒന്നിച്ചുവരുന്ന ദുരാചാരമാണ്. പൊതുവായി പറഞ്ഞാൽ നിലവിലുള്ള ഏറ്റവും കുറഞ്ഞ ധാർമികസമവായമൂല്യങ്ങൾക്ക് നിരക്കാത്ത രീതിയിൽ മനുഷ്യനോട് പെരുമാറുന്നതിനെ തരംതാഴ്ത്തൽ/അധ:പതനം എന്ന ആശയസംജ്ഞ ഉൾക്കൊള്ളുന്നു. നാം എന്തുകൊണ്ടാണ് വേശ്യാവൃത്തി

യെ 'തരംതാഴ്ന്നതായി' കാണുന്നത്? ലൈംഗികതയുടെ സ്വഭാവത്തെക്കുറിച്ചും സ്ത്രീശരീരത്തെയും അവരുടെ സ്വഭാവത്തെയും കുറിച്ച് നിരവധിയായ ധാർമികസമവാക്യങ്ങളിൽ നാം വിശ്വസിക്കുന്നു എന്നതിനാൽ തന്നെ. തിരസ്കരണം/നിരസിക്കൽ അംഗീകാരത്തിന്റെ ആഴത്തിലുള്ള നഷ്ടത്തെ പ്രതിനിധീകരിക്കുന്നതാണ്. തിരിച്ചറിയൽ നഷ്ടപ്പെടുന്നതിന്റെ ഏറ്റവും ദുർബലമായ രൂപമെന്ന് മാർഗലിറ്റ് തിരസ്കരിക്കലിനെ വ്യാഖ്യാനിക്കുന്നുണ്ട്.[5] വ്യക്തി യുടെ ആത്മാഭിമാനത്തിന് മുറിവേൽക്കുകയാണ് ഇവിടെ. സമൂഹക്രമത്തിലെ തിരിച്ചറിയൽ സങ്കൽപ്പനങ്ങളോടു ബന്ധപ്പെട്ടാണ് ഇവിടെ തിരസ്കരിക്കൽ പ്രക്രിയ നിലനിൽക്കുന്നത്. ജൂഡിത് ബട്‌ലർ തിരിച്ചറിയൽ സിദ്ധാന്തത്തിൽ (Recognition theory) വിധേയപ്പെടലുകൾ എത്തരത്തിൽ ഗുരുതരമായ തിരസ്കാരങ്ങൾക്കും അതിലൂടെ സാമൂഹികമരണത്തിനും ഇടയാക്കുന്നു എന്ന് പറയുന്നുണ്ട്. ജാതിവാലുകളുടെയോ, അധിക്ഷേപങ്ങളുടെയോ പിന്തുണ യില്ലാതെ ശരിയായ രീതിയിലുള്ള സ്വന്തം നാമത്തിന്റെ പ്രയോഗം പോലും തിരിച്ചറിയൽ പ്രക്രിയയുടെ ഭാഗമാകുന്ന രാഷ്ട്രീയ പ്രവർത്തനമാണ്. ഇത്തരത്തിൽ അപമാനിക്കൽ പ്രക്രിയയിലെ തിരിച്ചറിയലെന്ന സാമൂഹിക പ്രവർത്തനത്തെ അധികരിച്ചുകൊണ്ട് തരംതാഴ്ത്തൽ, തിരസ്കരിക്കൽ സങ്കല്പനങ്ങൾ പരസ്പരബന്ധമുള്ളവയായി നിലകൊള്ളുന്നു.

**അപമാനിക്കപ്പെടൽ: സ്ഥാപനവൽക്കരണം, 'സാമൂഹികമരണം'**

സാമൂഹിക സ്ഥാപനങ്ങളും ക്രമങ്ങളും വ്യക്തികളോടുള്ള അനാദരവിനും ആത്മാഭിമാനക്ഷതങ്ങൾക്കും ഇടനിലക്കാരാകുന്നിടത്ത് വ്യവസ്ഥാപിതമായ/ സ്ഥാപനവൽക്കരിക്കപ്പെട്ട മനുഷ്യാന്തസ്സിന്റെ ഹനിക്കപ്പെടൽ സാധ്യമാകുന്നു. ഇവിടെ സ്ഥാപനവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഭരണഘടനാസംവിധാനങ്ങളെ മാത്രമല്ല, പൊതുവിൽ ആൾക്കൂട്ടം അംഗീകരിച്ചു പോരുന്ന സാമൂഹിക-സാംസ്കാരികക്രമങ്ങളെ കൂടിയാണ്. സമൂഹത്തിന്റെ തന്നെ ചില വിശ്വാസങ്ങളുടെയും മറ്റും 'ശ്രേണിബദ്ധമായ ക്രമങ്ങളുടെ' (hierarchical gradation) തന്നെ പ്രതിഫലനങ്ങളാണ് ഇത്തരം അസമത്വങ്ങളും ഇവയെ തുടർന്നുണ്ടാകുന്ന അസ്തിത്വപരമായ

ആഘാതങ്ങളും. വംശം, ജനനം, ഭാഷ, നിറം, മതം, ജാതി, ലിംഗം, തൊഴിൽ തുടങ്ങി ഏതൊരു വിധത്തിലുള്ള വിവേചനരൂപങ്ങളും മനുഷ്യാന്തസ്സിനെതിരായ സ്ഥാപനവൽക്കരിക്കപ്പെട്ട സമത്വനിഷേധങ്ങളാണ്.

എന്തൊക്കെയാണ് ഇത്തരം വ്യവസ്ഥാപിതരൂപങ്ങളുടെ സവിശേഷതകൾ? എന്തുകൊണ്ടാണ് ഇത്തരത്തിൽ വിവേചനം സംഭവിക്കുന്നത് എന്ന് തരംതാഴ്ത്തുന്നവരും തരംതാഴ്ത്തപ്പെടുന്നവരും മനസ്സിലാക്കുന്നു എന്നതാണ് ഇവിടെ പ്രധാന സവിശേഷത. തന്റെ നിറം, ജാതി മുതലായ മുൻപ് സൂചിപ്പിച്ച ഏതൊരു ഘടകത്തിനാലാണ് താൻ അന്യവൽക്കരിക്കപ്പെടുകയോ, അപമാനിക്കപ്പെടുകയോ ചെയ്യപ്പെടുന്നത് എന്ന് വ്യക്തി തിരിച്ചറിയുന്നു. മറ്റൊരു സവിശേഷത തരംതാഴ്ത്തൽ പ്രക്രിയയോട് ഒത്തുചേർന്നുണ്ടാകുന്ന അപമാനിക്കപ്പെടൽ ഏറ്റവും കൂടുതലായി ബാധിക്കുന്നത് സാമ്പത്തികമായും സാമൂഹികമായും ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങളെയാണ് എന്നത് വസ്തുതയാണ്. സ്വാഭിമാനത്തിനും അന്തസ്സിനുമുണ്ടാകുന്ന തിരിച്ചടികൾക്കൊപ്പം ചില മനുഷ്യവിഭാഗങ്ങൾക്ക് അവരുടെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത മൂലം ചൂഷണത്തിന് ഏറ്റവും നല്ല ഇരകളായി മാറേണ്ടി വന്ന ഭൂമികയാണ് ഇന്ത്യ എന്ന വസ്തുത കൂടി ഇവിടെ ഓർക്കേണ്ടതാണ്. അനൗപചാരികവും എന്നാൽ വ്യവസ്ഥാപിതവുമായ ചൂഷക-ചൂഷിത വിഭാഗങ്ങൾ തമ്മിലുള്ള അലിഖിതങ്ങളായ അതിർവരമ്പുകളാണ് മറ്റൊരു പ്രത്യേകത. കൃത്യമായ ഒരു മാനദണ്ഡക്രമീകരണവും ഭൗതിക വ്യാപാരങ്ങളെ അടിസ്ഥാന മാക്കിയുള്ള ചട്ടക്കൂടും സമൂഹത്തിനകത്ത് പ്രവർത്തിക്കുന്നു. ട്രാൻസ്, ക്വീർ (Queer), ദലിത് വിഭാഗങ്ങളെ എത്തരത്തിലാണ് അരികവൽക്കരിക്കുന്നത് എന്ന് ശ്രദ്ധിക്കുക. ഒരു വിഭാഗം സിസ്റ്റത്തിന്റെ അല്ലെ ങ്കിൽ സംസ്കാരത്തിന്റെ വക്താക്കളായി മാറുമ്പോൾ മറ്റൊരു ജനത പോരാടാനുള്ള ചുമതലയിലേക്ക്, സാങ്കല്പിക നിയമലംഘനങ്ങളുടെ ശിക്ഷകളിലേക്ക്, അവകാശലംഘനങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്നു. ഇവയ്ക്കു പുറമേ ആഗോളവൽക്കരണത്തിനുശേഷം സമൂഹക്രമത്തിലും സാമൂഹികബന്ധങ്ങളിലുമുണ്ടായ

മാറ്റങ്ങൾ വ്യക്തിയുടെ ഏകാന്തത, മാനസികാഘാതത്തിന്റെ തോത് എന്നിവയെ സാരമായി ബാധിക്കുകയും അതിലൂടെ വ്യക്തിയുടെ 'സാമൂഹിക മരണം' (social death) എന്ന വ്യവസ്ഥാപിത സങ്കൽപ്പനത്തിന്റെ സാധ്യതയിലേക്കും വിരൽചൂണ്ടുന്നു.

വിശാലസമൂഹം വ്യക്തിയെ പൂർണ്ണമായും അംഗീകരിക്കാതിരിക്കുകയും ഈ അവഗണനയ്ക്ക് സ്ഥാപനവൽക്കരിക്കപ്പെട്ട സ്വഭാവം കൈവരുകയും ചെയ്യുന്ന അവസ്ഥയാണ് 'സാമൂഹികമരണം' എന്ന ആശയം കൊണ്ട് അർത്ഥമാക്കുന്നത്. അടിമത്തത്തിന്റെയും ഹോളോകോസ്റ്റിന്റെയും കാലഘട്ടത്തിൽ സാമൂഹികമായ വേർതിരിവുകൾ വ്യക്തിഹത്യയിൽ വഹിച്ച പങ്ക് വിശകലനം ചെയ്യുന്നിടത്തുനിന്നാണ് ഈ സങ്കൽപ്പനത്തിന്റെ ആവിർഭാവം. ഓർലാണ്ടോ പാറ്റേഴ്സൺ, സിഗ്മണ്ട് ബൗമാൻ എന്നീ സാമൂഹ്യശാസ്ത്രജ്ഞർ പ്രസ്തുത ആശയത്തെ വ്യക്തി, ഭരണകൂടം, ക്ലിനിക്കൽ - ബയോളജിക്കൽ അനാലിസിസ് എന്നിവയോട് ചേർത്തുവച്ചു വികസിപ്പിക്കുകയും ചെയ്തു. ഇമ്മാനുവൽ കാന്റിന്റെയും മറ്റും അപചയസിദ്ധാന്തം (degradation theory) സാമൂഹികമരണസങ്കല്പത്തിന്റെ ഏറ്റവും വിശാലമായ ഉദാഹരണമാണ്. ഇന്ത്യൻ സാഹചര്യത്തിൽ ഐ.പി.സി 377 സെക്ഷനിലൂടെ ഭരണകൂടം ലിംഗപരമായ അസമത്വത്തെ സ്ഥാപനവൽക്കരിച്ചത് ഈ മാതൃകയിൽ വിലയിരുത്താൻ കഴിയും. വംശനാശവും മനുഷ്യാന്തസ്സിനുണ്ടാകുന്ന നാശവും പരസ്പരം അന്തർലീനമായിരിക്കുന്നു എന്നു പറഞ്ഞുവയ്ക്കുമ്പോൾ തുല്യനീതി, സമത്വം, സാഹോദര്യം മുതലായ ജനാധിപത്യമൂല്യങ്ങൾ ഇല്ലാതാകുന്ന ഇടങ്ങളിലെ തങ്ങളുടെ സാഹചര്യങ്ങളെ സ്വയം വിലയിരുത്താൻ, ഇരയാക്കപ്പെടുന്ന ഓരോ വ്യക്തിയും സജ്ജരാകുന്നു. ഇത്തരത്തിലുള്ള പ്രതിരോധങ്ങളുടെയും അതിജീവനങ്ങളുടെയും സാംസ്കാരികമായ അടയാളപ്പെടുത്തലുകൾക്കാണ് അവകാശലംഘനങ്ങളെ, നിയമങ്ങളെ, ഉൾപ്പെടുത്തലുകളില്ലാത്ത സാമൂഹികക്രമത്തെ, അറിവില്ലായ്മയെ പൊളിച്ചെഴുതുവാൻ ആവശ്യപ്പെടുന്ന ജനകീയ പ്രതിഷേധങ്ങളായി രൂപപരിണാമം സംഭവിക്കുന്നത്.

ഇരയാക്കപ്പെടുന്ന വ്യക്തിയുടെ മനസ്സിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു എന്നതിലുപരിയായി, മനുഷ്യാന്തസ്സ് ഹനിക്കപ്പെ

ടുന്ന പ്രവർത്തനങ്ങൾക്ക് വ്യക്തിപരം, സാമൂഹികം എന്നിവയിലു പരിയായി 'ഇൻസ്റ്റിറ്റ്യൂഷണൽ' സ്വഭാവവും കൈവരുന്നു. ഇത്തര ത്തിൽ 'അപമാനിക്കപ്പെടൽ' ബഹുമുഖവും ഘടനാപരവുമായ സാമൂഹിക പ്രവൃത്തിയായി അംഗീകരിക്കപ്പെടുകയും മാനുഷികത യുടെയും സാമൂഹികമായ ഉൾക്കൊള്ളൽ പ്രവർത്തനത്തിന്റെയും ഭാഗമായി പ്രതിരോധിക്കപ്പെടേണ്ടതുമാണ്. ദൈനംദിന സാഹചര്യ ങ്ങളിൽ വ്യക്തി അനുഭവിക്കുന്ന അകൽച്ചകൾ, മാനസികാഘാത ങ്ങൾ എന്നിവയിൽനിന്നും 'ഹ്യുമിലിയേഷൻ' എന്ന സങ്കൽപ്പനത്തെ വേർതിരിക്കുന്നത് ഇവയുടെ ഘടനാപരമായ സ്വഭാവം തന്നെ. വ്യക്തികൾ കൂടിച്ചേരുന്ന ആൾക്കൂട്ടങ്ങൾ തന്നെ വ്യക്ത്യഭിമാന ത്തിനുമേൽ നടത്തുന്ന കൂട്ടായ ആക്രമണങ്ങളെ മനഃശാസ്ത്രപര മായും രാഷ്ട്രീയമായും കൈകാര്യം ചെയ്യേണ്ടതിന്റെ രീതിശാസ്ത്രം നിർമ്മിക്കുക എന്നത് സാമൂഹികനൈതികതയുടെ ഭാഗമാണ് എന്ന തിൽ സംശയമില്ല.

**കുറിപ്പുകൾ**

1. Avishai Margalit, (1996), *The Decent Society* , Massachusetts: Harvard University Press, p 9
2. Rawls, John, (1972), *Theory of Justice*, London: Oxford University Press, p 341
3. Hobbes T. (1651), *Leviathan or the Matter*, Forme, & Power of a Common-wealth Ecclesiasticall and Civill , London: printed for Andrew Crooke, at the Green Dragon in St. Pauls Church-yard, p. 55
4. Lukes Steven, (1997), 'Humiliation and the Politics of Identity' in *Social Research*, 64 (1), pp. 36-51.
5. Avishai Margalit, (1996), *The Decent Society* , Massachusetts: Harvard University Press, p 115-116

**ഗ്രന്ഥസൂചി**

1. Avishai Margalit, (1996), *The Decent Society* , Massachusetts: Harvard University Press

2. Lukes Steven, (1997), 'Humiliation and the Politics of Identity' in *Social Research*, 64 (1)

3. Gopal Guru (ed.) (2009), *Humiliation: claims and contexts*, New Delhi: Oxford University Press

4. Delkatesh, Mohamad (2011). Humiliation: The Catalyst for the Arab Revolt. In *New Perspectives* Quarterly, 28 (2, Spring), pp. 57-59, first published online: 24 April 2011, DOI: 10.1111/j.1540-5842.2011.01246.x.

5. Maartje Elshout, Rob M.A. Nelissen & Ilja van Beest, (2017), Conceptualising humiliation, Cognition and Emotion, 31:8, 1581-1594 , DOI: 10.1080/02699931.2016.1249462

# കറുപ്പൻകൃതികളിലെ അപനിർമിതികൾ

**പ്രൊഫ. എ. നുജൂം**
അലിഗഢ് മുസ്ലിം സർവ്വകലാശാല

**സംഗ്രഹം**

സഹസ്രാബ്ദങ്ങളിലൂടെ ജാതി ആഭ്യന്തരതലത്തിലും നൂറ്റാണ്ടുകളിലൂടെ യൂറോപ്യരുടെ കോളനീകരണം ബാഹ്യതലത്തിലും മനുഷ്യപദവിയെ ശ്രേണീകൃതമായി ഇകഴ്ത്തിയും വാഴ്ത്തിയുമുള്ള ചരിത്രവും, സംസ്ക്കാരത്തിൽ അതിന്റെ പ്രതിരോധവും ആധുനികതയിൽ അടയാളപ്പെടുന്നുണ്ട്. അപകോളനീകരണവും അപജാതീകരണവും സംസ്ക്കാരത്തിലും സാഹിത്യത്തിലും അനിവാര്യമായിരുന്നു. ഭക്തിയെ യുക്തിപൂർവ്വകമാക്കിയ ശ്രീനാരായണഗുരു തുടങ്ങിവച്ച അപജാതീകരണവും അപകോളനീകരണവും ഉചിതകാലത്തിൽ കറുപ്പൻ കവിത ആന്തരീകരിക്കുന്നു.

**താക്കോൽവാക്കുകൾ**

*മനുഷ്യപദവി, ഇകഴ്ത്തൽ, വാഴ്ത്തൽ, നിടവ്വേദം, ജാതീയത, വംശീയത, വർഗ്ഗം ആധുനികത, നവോത്ഥാനം, അപജാതീകരണം, അപകോളനീകരണം, ആധുനികത, ഉത്തരാധുനികത,*

**ചരിത്രത്തിലെ ഇകഴ്ത്തലും വാഴ്ത്തലും**

അംഗീകൃതചരിത്രാഖ്യാനങ്ങളോടുള്ള കലാപം എല്ലാ സർഗ്ഗാത്മകാഖ്യാനങ്ങളുടെയും പ്രഖ്യാപനങ്ങളാണ്. സംസ്ക്കാരം എന്നത് മനുഷ്യസൂഹം സ്ഥലകാലബദ്ധമായി അനുവർത്തുവരുന്ന ബഹുമുഖയാഥാർത്ഥ്യങ്ങളാണ്. ചരിത്രം എന്നത്

അതിൽ നിന്നുള്ള പാഠനിർമ്മിതിയാണ്. അനേകം ചരിത്രാഖ്യാൾക്കുള്ള സാധ്യതകൾ അതിലുണ്ട്. ആഖ്യാനത്തിന്റെ കർത്തൃത്വത്തിൽ പൂർവ്വനിശ്ചിതമായ ഒരു പ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നു. അത് ഏകോന്മുഖമാകുകയെന്നത് സാധാരണ മാണ്. അതുകൊണ്ടുതന്നെ ചരിത്രകാരന്മാരുടെ ചരിത്ര നിർമ്മിതികൾ സംഭവങ്ങളുടെ നിക്ഷ്പക്ഷാഖ്യാനങ്ങളായി കാണപ്പെടുമ്പോഴും ചരിത്രത്തിന്റെ തുടർച്ചതേടുന്ന അവർക്ക് പരിണാമങ്ങളുടെ മാതൃകകളെപ്പോലും സ്വരൂപിക്കാവുന്നില്ല. അവിടെ ചരിത്രകാരന്മാരുടെ നിക്ഷ്പക്ഷതയിൽ പരോക്ഷമായി അപരഗണങ്ങളെ (canons)മനുഷ്യപദവിയിൽ ഇകഴ്ത്തിക്കാ ണുകയെന്ന താണ്.[1] മനുഷ്യഗണങ്ങൾ അവരുടെ പാരസ്പരമുള്ള പെരുമാറ്റത്തിൽ അനുവർത്തിക്കേണ്ടിവരുന്ന 'പദവി'കൾ നിർണ്ണയിക്കുമ്പോഴാണ് ഇകഴ്ത്തലും (humiliation) വാഴ്ത്തലും (appreciation) സംഭവിക്കുന്നത്.[2] ആ സമീപനങ്ങൾ സാമൂഹ്യവും സാംസ്ക്കാരികവുമായ അബോധത്തിലേയ്ക്ക് സ്വാംശീകരി ക്കപ്പെടുകയും വ്യവസ്ഥപ്പെടുകയും ചെയ്യുന്നു.[3] കേരള- ഭാരത സംസ്ക്കാരത്തിലെ മധ്യകാലഘട്ടത്തിലെ ഫ്യൂഡൽ ജാത്യാ ധിപത്യത്തിലും പിൽക്കാലത്തെ പാശ്ചാത്യാധിനി വേശത്തിലും സംഭവിച്ച ആ പദവി നിർണ്ണയനങ്ങൾ നിന്ന് നാമിതുവരെയും പൂർണ്ണമായി മോചിക്കപ്പെട്ടിട്ടില്ല. യൂറോപ്യൻ അധിനിവേശ ശക്തികൾക്ക് തങ്ങൾ 'കണ്ടുപിടിക്കുന്ന' (exploration) വൻകര കളിലെ 'റെഡിന്ത്യാ' ക്കാരെ ഇല്ലാതാക്കുന്നതാണ് ഗണധർമ്മം. അതിനെ ന്യായീകരിക്കുവാൻ കോളനിശക്തികൾ പരസ്പരം മത്സരിച്ച് മതപൗരോഹിത്യത്തെ വിനിയോഗിച്ചു. അസുരരെന്ന് ജാതിവ്യവസ്ഥയും റെഡിന്ത്യൻസെന്ന് കോളനി കളും നാമകരണം ചെയ്യുന്ന അധികാരരൂപങ്ങൾ മാനവികതയെ ഏകപക്ഷീയമായി വ്യാഖ്യാനിച്ച് അവരുടെ ചരിത്രം നിർമ്മി ക്കുന്നു.

**ജാതിയും വർഗ്ഗവും**

ഭാരതീയവും പാശ്ചാത്യവുമായ ഗണയവംശീയ ഇകഴ്ത്തലുകൾക്ക് (humiliations) രണ്ട് ചരിത്രസന്ദർഭമാണല്ലോ ഉള്ളത്. വ്യവസായവിപ്ലവാനന്തരം അരങ്ങേറിയ കോളനീകര

ണത്തിന്റെ ചരിത്രസന്ദർഭം പാശ്ചാത്യരെ ഉന്മത്തരാക്കുകയും അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ വൻകരകളിലെ ഗോത്രജന തയെ മനുഷ്യപദവിയിൽനിന്ന് മൃഗപദവിയിലേയ്ക്ക് ഇകഴ്ത്തു കയും ചെയ്തു. അവരെ വേട്ടയാടുകയോ അടിമകളാക്കുകയോ ചെയ്തു. അങ്ങനെ ചരിത്രത്തിൽ ഇകഴ്ത്തലിന്റെ രാഷ്ട്രീയ പ്രയോഗങ്ങൾ പലനിലകളിൽ ക്രമീകരിക്കപ്പെട്ടു. അതാകട്ടെ ഭാരതത്തിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ജാതിവ്യവസ്ഥ യിലെ ഇകഴ്ത്തലിനോട് സമാനമായിരുന്നില്ല. എന്നാൽ വ്യാവ സായിക മുതലാളിത്തത്തിന്റെ സാമ്പത്തിക ക്രമത്തിനനുസരിച്ച് ജാതി രൂപാന്തരപ്പെട്ടു. 'നവോത്ഥാനം' ജാതിയെന്ന സാമൂഹിക വിരുദ്ധ പദവിക്രമത്തെ ആധുനിക തയിൽ സമുദായങ്ങളിലേയ്ക്ക് പുനർനിർമ്മിക്കുന്നു. ശ്രീനാരായണഗുരുവും ഗണങ്ങളും ജാതിയെ ഉച്ചാടനം ചെയ്യാനുള്ള സൈദ്ധാന്തികവും പ്രായോഗിക വുമായ പരിശ്രമങ്ങൾ നടത്തിയെങ്കിലും പാശാചാത്ത്യ മാതൃ കയിൽ കേന്ദ്രീകരിച്ച പുരോഗമനവാദികൾ, അതിലെ വർഗ്ഗ പരമായ ഉള്ളടക്കാത്തിന് മുൻഗണന കൊടുത്തു. ജാതി വ്യവ സ്ഥയും സാമ്പകത്തികക്രമവും പരസ്പരം വേർപിരിക്കാനാ വാത്ത സാമൂഹികസാഹചര്യത്തെയാണ് നിലനിർത്തിയിരു ന്നത് എന്നത് അവർ കാണാതെപോയി. ആഫ്രിക്കയിലും മറ്റും കോളനീകരിക്കപ്പെട്ട ഇരകൾക്ക് ഗോത്രസ്വത്വത്തിലുപരിയുള്ള അയിത്തത്തിലെ ആഭ്യന്തരവും ആസൂത്രിതവുമായ ഇകഴ്ത്തലി നെ നേരിടേണ്ടിവന്നില്ല. ഭാരതത്തിലെ കോളനിയിരകൾക്കാകട്ടെ നിലവിലുണ്ടായിരുന്ന സംസ്ക്കാരത്തിലെ അയിത്തത്തെയും കോളനീകരണത്തിന്റെ തമസ്ക്കരണത്തെയും ഒരുപോലെ നേ രിടേണ്ടതുണ്ടായിരുന്നു. അവ രണ്ടുതരം പാർശ്വവത്ക്കരണങ്ങ ളായിരുന്നു.

**വംശീയതയും സംസ്ക്കാരവും**

ഇന്ത്യൻ സംസ്ക്കാരത്തിലെ ജനസമൂഹത്തെ വംശീയ മായി വിഭജിക്കുക അസാധ്യമാണ്. അത് വൈവിധ്യമാർന്ന വംശങ്ങളുടെ (ethnicities) സങ്കരമാണ്. ഒരു വംശത്തിൽത്തന്നെ ബഹുജാതികളും ഒരു ജാതിയിൽ ബഹുവംശങ്ങളും പെടുന്നുണ്ട്.

ഭൂമിശാസ്ത്രപരമായ ഏകതാനതയ്ക്കപ്പുറം ബഹുജാതിഗണങ്ങളുടെ സംസ്ക്കാര പരമായ ഏകതാനതയാണ് (homogenous) ഭാരതത്തെ ഒരുമിച്ചുനിർത്തിയത്. ആ ഏകതാനതയാണ് ജാതി വ്യവസ്ഥയെ അത്യധികം സങ്കീർണ്ണമാക്കുന്നതും. അംബേദ്ക്കർ ജാതിയെ സംബന്ധിച്ച് പറയുന്ന നാല് കാര്യങ്ങൾ അത് ബോധ്യപ്പെടുത്തുന്നുണ്ട്.[5] പാശ്ചാത്യമായ അധിനിവേശത്തിൽ നിന്നുള്ള ജാത്യധിനിവേശത്തിന്റെ വ്യത്യസ്തതയെയും അത് ബോധ്യപ്പെടുത്തുന്നതാണ്. (1) ഇന്ത്യൻ എന്ന് പിൽക്കാലത്ത് പറയപ്പെടുന്ന ജനത സാംസ്ക്കാരികമായി ഏകോപിപ്പിക്ക പ്പെട്ടിരിക്കുന്നു. (2) ആസംസ്ക്കാരത്തിലെ ജാതി പരസ്പര ബന്ധമില്ലാത്തതും സ്വയംഭരിക്കുന്നതുമായ ഏകകങ്ങളായി വ്യവസ്ഥപ്പെട്ടിരിക്കുന്നു. (3) ഒരു പ്രത്യേക (ബ്രാഹ്മണ)ജാതിയിൽ നിന്നാണ് അതാരംഭിച്ചത്. (4) മറ്റു വർഗ്ഗങ്ങൾ (ഗണങ്ങൾ) അനുകരണത്തിലൂടെയും (imitaion) നിർവേദനത്തിലൂടെയും (excommunication) അനേക ജാതികളായി പരിണമിച്ചു. ആദ്യത്തെ ജാതിയെന്ന നിലയിൽ അദ്ദേഹം ബ്രാഹ്മണഗണത്തെ തിരിച്ചറിയുന്നു.[6]

**അപകോളനീകരണവും അപജാതീകരണവും**

കോളനീകരണത്തിനുമുമ്പുതന്നെ അബോധത്തിൽ വ്യവസ്ഥപ്പെട്ടുപോയ ജാതിരാഷ്ട്രീയവ്യവസ്ഥയിൽനിന്നും പുറത്തുകടക്കുകയെന്നത് ദുഷ്ക്കരമാണ്. അത് സൃഷ്ടിച്ച പദവി ഇകഴ്ത്തലിലെ അപകർഷം ഉത്തരകോളനീകരണത്തിലേയ്ക്ക് നീട്ടിവയ്ക്കപ്പെട്ടു. ഉത്തരകോളനീകരണവും ഉത്തരാധുനികതയും ആഗോളപരമായ പ്രവണതകളായിരുന്നു.[7] ജാതീയത എന്നത് തികച്ചും ഭാരതീയവും. അത് സാംസ്ക്കാരിക ഭൂതകാലത്തിൽ വംശീയപദവികളെ നിശ്ചിതപ്പെടുത്തി ക്കൊണ്ടുള്ള ഒരു സ്വയംഭരണമായിരുന്നു. രാജ്യഭരണകൂടത്തെ അപകോളനീകരിക്കുന്നതുപോലെ മൂർത്തമല്ല ജാതിഭരണ കൂടത്തിന്റെ അപജാതീകരണം. അത് സംസ്ക്കാരത്തിൽനിന്ന് വേർപെടുത്താനാവാത്തവിധം ഗണങ്ങളുടെ അപകർഷത്തിലും ഉത്ക്കർഷത്തിലും വ്യവസ്ഥപ്പെട്ടിരിക്കുന്നു.[8] ഉടലധിഷ്ഠിതമായ അനുശീലനാത്മ

കമായിരിക്കുന്നു. തീണ്ടൽ തുടങ്ങിയ അനാചാരങ്ങൾ ഉടല ധിഷ്ഠിതമായി പ്രയോഗിക്കുകയാൽ പ്രത്യേകിച്ചും അതിനു വിധേയമാകുന്നവരുടെ ധിഷണ ആ നിലയിൽ വ്യവസ്ഥപ്പെടു ത്തുന്നുണ്ട്. മാനവികതയെ ഏകപക്ഷീയമായി നിർണ്ണയിക്കു ന്നതും പരസ്പരം ഒരുമിക്കുന്നതുമായ സവർണ്ണാധിപത്യവും യൂറോസാമ്രാജ്യത്വവും ഇന്ത്യയിൽ രണ്ടു ഘട്ടങ്ങളിലായി, രണ്ടു രീതികളിലാണ് കടന്നുവന്നത്. കോള നീകരണം ബഹുമുഖമുള്ള ഒരു ചരിത്രഘട്ടമായിരുന്നു.[9] അത് ഒരേസമയം അതിൽനിന്നു തന്നെയുള്ള വിമോചനത്തിനും ജാതിവിമോചനത്തിനും കളമൊ രുക്കി. ജാതിവിമോചനത്തിൽ ഗണപരവും ലിംഗപരവുമായ അടരുകൾ ഒരുപോലെ പ്രശ്നമായിരുന്നു.[10] അങ്ങനെ സാമ്രാ ജ്യത്വം, ജാത്യാധിപത്യം, പുരഷാധിപത്യം എന്നിവ നമ്മുടെ ബോധപരിഗണനയിലെ ആധുനികതയിൽ ബാധ്യതയായി ത്തീർന്നു.

**ആധുനികതയും അപജാതീകരണവും**

കോളനീകരണം അപകോളനീകരണത്തിന് വിധേയമായ തോടെ അത് ഉത്തരകോളനീകരണത്തിലേയ്ക്ക് നീട്ടിവയ് ക്കപ്പെട്ടു. അതിനെ നേരിടാൻ എഡ്വേർഡ് സെയ്ദിന്റെ 'കോൻ ട്രാപുന്റൽ'[11] പോലെയുള്ള കോളനിവിരുദ്ധവായനകൾ രൂപപ്പെട്ടു ചരിത്രകാലം മുതൽതന്നെ ലിംഗാധിപത്യത്തിന് വിധേയരായ പെൺഗണത്തെ വിമോചിപ്പിക്കുവാൻ 'ഫാലോസെൻട്രിസവും'[12] 'എക്രിച്ചർഫെമിനിസവു'മടങ്ങുന്ന ലിംഗരാഷ്ട്രീയവായനകളും എഴുത്തുകളും സാഹിത്യ വ്യവഹാരത്തിൽ രൂപപ്പെട്ടു. നിലവിലും ഭൂതകാലത്തിലുമുള്ള സാഹിത്യത്തെ മുഴുവൻ അപകോളനീ കരിച്ചും പെൺകേന്ദ്രിതമായും വിമർശനാത്മകമായി വായിക്കു വാൻ അവ ആഹ്വാനം ചെയ്യുന്നു. ഉത്തരാധുനികതയിലെ 'സബാൾടേൺ സ്റ്റഡീസ്' അരികുവത്ക്കരിക്കപ്പെട്ട മുഴുവൻ മനുഷ്യരുടെയും അവകാശങ്ങളെ പൊതുമണ്ഡലത്തിൽ പ്രശ്നവത്ക്കരിക്കുമ്പോൾ മാത്രമാണ് സഹസ്രാബ്ദങ്ങളായി ഇകഴ്ത്തപ്പെട്ടിരുന്ന ജാതിസമൂഹങ്ങൾ ലോകത്തിനുമുന്നിൽ

കടന്നുവരുന്നത്. മധ്യകാലചരിത്രത്തിൽ ഉടനീളം മനുഷ്യരെ സാമൂഹിക വിരുദ്ധരാക്കുന്ന ജാതിഭേദത്തെ സാഹിത്യവ്യവഹാരത്തിൽ പ്രതിരോധിക്കുന്ന ഒരു വിമർശനപദ്ധതി ആധുനികതയുടെ ആദ്യപാദത്തിൽ പ്രാബല്യം നേടിക്കാണുന്നില്ല. മലയാളസാഹിത്യത്തിൽ അതിന്റെ ഉദ്ഭവം മുതൽ ആന്തരീകരിക്കപ്പെട്ട ജാതികേരളം (മണിപ്രവാളകേരളം), ആധുനികതയിലും ജാതി വിമുക്തമാകാൻ മടിച്ചുനിന്നു. ജാതിയെ വായനയിലും എഴുത്തി ലും അപനിർമ്മിക്കുന്ന 'അപജാതീകരണം' അഥവാ 'നിർജാതീകരണം'(Decastism) ഇന്ത്യൻചരിത്ര സാഹചര്യത്തിൽ രാഷ്ട്രീയവിമോചനത്തുനുമുമ്പുതന്നെ സംഭവിക്കേണ്ട അനിവാര്യത യായിരുന്നു. ആ അനിവാര്യതയെ തിരിച്ചറിഞ്ഞ കവികളായി രുന്നു കെ.പി.കറുപ്പനും കുമാരനാശാനും മൂലൂരും മറ്റും. അവർ വ്യത്യസ്തരീതികളിൽ ആ വിഷയത്തെ നേരിടുന്നു. എന്നാൽ വായനയിലെ അപജാതീകരണം മുഖ്യലക്ഷ്യമാക്കുന്ന ദളിത സൗന്ദര്യദർശനവും തദനുസൃതമായി എഴുത്തിലെ പ്രതിരോധവും മുഖ്യധാരയിലിടംപിടിയ്ക്കാൻ ഉത്തരാധുനികത വരെയും കാത്തിരിക്കേണ്ടിവന്നു.

**ഭക്തിയും അപജാതീകരണവും**

മധ്യകാലകവിതയിൽ എഴുത്തച്ഛനും പൂന്താനവും അടങ്ങുന്നവരുടെ ഭക്തകവിതകൾ ദാർശനികമായ ഭക്തിയെയും ജ്ഞാനത്തെയും മുൻനിർത്തി അദ്വൈതാത്മകമായ മാനവികതയെ പരോക്ഷമായി നിർണ്ണയിക്കുന്നുവെങ്കിലും അത് ജാതീയതയെ മറികടക്കാൻ പര്യാപ്തമായിരുന്നില്ല. ജാതിയിലെ വർഗ്ഗപരമായ വിഭജനം അത്രമാത്രം രൂഢമൂലമായിരുന്നു. ഭക്തകവികൾ പ്രകടിപ്പിച്ച നിർവേദ(humility)ത്തിന് ജാതിപരമായ ഇകഴ്ത്തലിനെ (humiliation) മറികടക്കാൻ ആകുമായിരുന്നില്ല. നിർവേദത്തെയും വർഗസമത്വത്തെയും സന്തുലിതമാക്കിയിരുന്ന ബുദ്ധധർമ്മത്തെ ജാതിവ്യവസ്ഥ നൂറ്റാണ്ടുകൾകൊണ്ട് നിർവീര്യമാക്കിയിരുന്നു. ജാതിയെ അകത്തൊളിപ്പിച്ച ഭക്തിയെ 'വൈക്കത്തപ്പനോട്' (1924) എന്ന കവിതയിൽ കെ.പി.കറുപ്പൻ തിരിച്ചറി

യുന്നുണ്ട്.[13] ശങ്കരാചാര്യരുടെ *മനീഷാപഞ്ചക*ത്തിൽ പറയവേഷത്തിൽ വന്ന് ആചാര്യരുടെ ജാതി വിവേചനത്തെ ചോദ്യം ചെയ്യുന്നത് പരമശിവനായിരുന്നു. എന്നാൽ ശിവക്ഷേത്രത്തിൽ ഭക്തിയുടെ പേരിൽ മനുഷ്യന് പ്രവേശനം നിഷേധിക്കുന്ന ബ്രാഹ്മണ്യത്തെ (ജാതിയെ) കവി ചോദ്യം ചെയ്യുന്നു.[14]

ശ്രീനാരായണഗുരുവിന്റെ *ജാതിനിർണ്ണയ*വും *ജാതിലക്ഷണ*വും *അനുകമ്പാദശക*വും *ആത്മോപദേശശതക*വും അടങ്ങുന്ന കൃതികൾ സംസ്ക്കാരത്തിലെ ജാതിവിധികളെ താത്വികമായും യുക്തിപരമായും ഖണ്ഡിക്കുന്നു. നിർവ്വേദാത്മകമായ നിരഹന്ത (humility) എന്ന മാനസികാവസ്ഥയെ അദ്വൈതാവസ്ഥയായും ജാതി വ്യവസ്ഥയിലെ ഇകഴ്ത്തലിനെയും (humiliation) യും പുകഴ്ത്തലിനെയും (aprecciation) അഹന്തയുടെ ദ്വൈതാവസ്ഥയായും നിർണ്ണയിക്കുകയാണ് ഗുരു. ഭക്തിയുടെ ആന്തരഭാവമായ നിർവ്വേദത്തെ സിദ്ധാന്തവത്ക്കരിച്ച് അതിനു പുറകിലൊളിപ്പിച്ചുരന്ന ജാതിയുടെ മനുഷ്യവിരുദ്ധതയെ പ്രതിരോധിക്കുകയായിരുന്നു ഗുരു. നിരഹന്തയെ ജാത്യാടിമത്തത്തിലെ മനുഷ്യപദവിയുടെ ഇകഴ്ത്തലിൽ നിന്ന് വേർതിരിച്ച് നിർവ്വചിക്കുന്ന ഗുരു ഇന്ത്യൻ നവോത്ഥാനത്തിലെ വിമോചന സിദ്ധാന്തത്തിന്റെ തന്നെ അച്ചുതണ്ടാകുകയായിരുന്നു. ചട്ടമ്പിസ്വാമികളുടെ *വേദാധികാരനിരൂപണ*വും *അദ്വൈത ചിന്താപദ്ധതി*യും, *പ്രാചീനമലയാള*വുമെല്ലാം മനുഷ്യരെ പദവിപരമായി തരംതിരിക്കുന്ന ജാതീയതയെ സൈദ്ധാന്തി കമായി അപനിർമ്മിക്കുന്നു. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ വംശീയമായ പാർശ്വവത്ക്കരണങ്ങളോട് കലഹിക്കുന്നു. സഹോദരൻ അയ്യപ്പന്റെ കൃതികൾ ജാതിയെ യുക്തിപൂർവ്വകമായി നിരാക രിക്കുന്നു. ചരിത്രത്തിന്റെ അനിവാര്യതയായി വന്ന ആധുനികതയിലേയ്ക്ക് ജാതിരാഹിത്യത്തിലെ നിരഹന്തയെ (ഗുരു ആത്മീയവും ഭൗതികവുമായ സ്വാതന്ത്ര്യം എന്നതിനെ പുനർനിർണ്ണയിക്കുന്നു). ഇകഴ്ത്തലിന് ബദലായി മുന്നോട്ടു വയ്ക്കുകയായിരുന്നു ഗുരുവും ഗണവും. ആധുനികതയുടെ സാഹിത്യമണ്ഡലത്തിൽ വ്യവഹരിച്ച കവികളിൽ വിരലിലെ ണ്ണാവുന്നവർ മാത്രമാണ് ഗുരുവും

ചട്ടമ്പിസ്വാമികളും മറ്റും തുടങ്ങിവച്ച ചരിത്രപരമായ അനിവാര്യതയെ ഏറ്റെടുക്കുന്നത്. അതിനെ മറ്റുള്ളവർ 'യൂറോമാനവികത'യുടെ പുറത്ത് നിർത്തുവാനാണ് ഇഷ്ടപ്പെട്ടത്.[15]

### *ജാതിക്കുമ്മി*യിലെ അപനിർമ്മാണം

1905 മുതൽതന്നെ വൈപ്പിനിലും മറ്റും പുലർന്നിരുന്ന പുലയരും പറയരും ഉള്ളാടരുമടങ്ങുന്ന ഗണസമുദായങ്ങൾ വായ്ത്താരിയായി ഹൃദിസ്ഥമാക്കിയിരുന്ന *ജാതിക്കുമ്മി* എന്ന കവി 1912ൽ മാത്രമാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. 1906ലാണ് കുമാരനാശാന്റെ *ഭാഷാമനീഷാപഞ്ചകം* പ്രസിദ്ധീകരിക്കുന്നത്. അത് ശങ്കരാചാര്യരുടെ *മനീഷാപഞ്ചക*ത്തിന്റെ പരിഭാഷയാണ്. ഉള്ളൂരും അതിനെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, അവ എല്ലാം വിദ്യാസമ്പന്നർക്ക് *മനീഷാപഞ്ചകം* പരിചയപ്പെടുത്തുന്ന വിധത്തിലാണ് ഉള്ളത്. കറുപ്പന്റെ *ജാതിക്കുമ്മി*യാകട്ടെ ആ കൃതിയെ മുൻനിർത്തിയുള്ള വിശദമായ ഒരു സ്വതന്ത്രാവിഷ്ക്കാരമായിരുന്നു. 141 കുമ്മികളിലായി 705 വരികളിൽ അതൊരു പാട്ടുമാലയായിട്ടാണ് രചിക്കപ്പെട്ടിരിക്കുന്നത്.[16] *മനീഷാപഞ്ചക*ത്തിൽ ശങ്കരൻ മാത്രമാണ് പ്രത്യക്ഷമാകുന്ന തെങ്കിൽ ഇവിടെ ശങ്കരിയ്ക്കും സംവാദത്തിൽ തുല്യമായ പ്രാമുഖ്യം നൽകിയിരിക്കുന്നു. അതാകട്ടെ ലിംഗതുല്യതയ്ക്ക് നിദാനമാണെന്ന് ശ്രീ അഭിജിത്ത്ബോസിന്റെ പ്രബന്ധം നിരീക്ഷിക്കുന്നുണ്ട്. ലളിത മലയാളത്തിലും നാടൻശീലിലും ഹൃദ്യസ്ഥമാക്കിപ്പാടാൻ പാകത്തിൽ *ജാതിക്കുമ്മി* സർഗ്ഗാത്മ കമായിരിക്കുന്നു. *മനീഷാപഞ്ചക*ത്തെ മുൻനിർത്തിയാണെങ്കിലും ഭാഷയിലും ശീലിലും ഭാവനയുടെ സർഗ്ഗപരതയിലും സാമൂഹികാവസ്ഥയുടെ സാംസ്ക്കാരിക ജൈവികതയെ നിർജാതീകരണസങ്കല്പനം കൊണ്ട് സൗന്ദര്യാത്മകമാക്കുവാൻ അതിന് അനായാസം കഴിയുന്നു. മലയാളത്തിലെ ജാതിവിരുദ്ധവും ജനകീയവുമായ ആദ്യ കൃതിയാണ് *ജാതിക്കുമ്മി*യെന്ന് തിരിച്ചറിയപ്പെട്ടിട്ടുണ്ട്. *മനീഷാപഞ്ചക*ത്തിനു സമാന്തരമായി നിർജാതീകരണം ലക്ഷ്യ മിടുന്ന ആ കവിതയിൽ മനുഷ്യന് തിര്യക്കിന്റെ പദവിപേലും നൽകാൻ കൂട്ടാക്കാത്ത ജാതി വ്യവസ്ഥയെ കവി നിശിതമായി ചോദ്യം

തെയ്യുന്നു.

മാടിനെക്കൊണ്ടരികിലേയ്ക്ക്
മാടിവിളിച്ചു നമസ്ക്കരിക്കും,
ഓടിക്കും മനുജാതിനികരത്തെ പാർശ്വത്തിൽ
കൂടിപ്പോയാലപ്പോൾ യോഗപ്പെണ്ണേ! ഏതോ-
രേടിൽ കണ്ടീച്ചട്ടം ജ്ഞാനപ്പെണ്ണേ
നായ്ക്കാലികളിലും താളെയെന്നോ
ഇക്കാണും മാനുഷസോദരന്മാർ
ഇക്കാലത്തിരുപതാം നൂറ്റാലിലുമിതു
നീക്കാറായില്ലയോ യോഗപ്പെണ്ണേ എന്തൊ-
രാൾക്കാരാണു നിങ്ങൾ ജ്ഞാനപ്പെണ്ണേ

**ജാതിക്കുമ്മിയുടെ ജനകീയത**

1907ൽ ആശാന്റെ വീണപൂവിൽ പ്രത്യക്ഷമാകുന്ന കാൽപനികഭാവന കേരളത്തിലെ ജാതിപ്രശ്നവത്താൽ സജീവമാകുന്നത് 1922ലെഴുതപ്പെടുന്ന *ദുരവസ്ഥ*യിലാണ്. *ചണ്ഡാലഭിക്ഷുകി*യിൽ ജാതിയെ ബുദ്ധദർശനംകൊണ്ട് കവി സൈദ്ധാന്തികമായി നേരിടുന്നുണ്ട് അക്കാലമായപ്പോഴേയക്കും ജാതിക്കുമ്മി ഫോക്ലോറിന്റെ ഭാഗമായി മാറുന്നുണ്ട്.[17] ആശാന്റെ ദുരവസ്ഥ തന്റെ *ഭാഷാമനീഷാപഞ്ചകം*പോലെ തന്നെ മധ്യവർഗ്ഗവായനയിലൊതുങ്ങുന്നു. *ജാതിക്കുമ്മി*യാകട്ടെ പ്രസിദ്ധീകരിക്കുന്നതിനുമുമ്പുതന്നെ കീഴാളരുടെ വായ്പ്പാട്ടായി മാറുന്നുണ്ട്. ആശാന്റെ *ദുരവസ്ഥ* തന്റെ *ഭാഷാമനീഷാപഞ്ചകം* പോലെതന്നെ മധ്യവർഗ്ഗവായനയിലൊതുങ്ങുന്നു. *ജാതിക്കുമ്മി* ആകട്ടെ പ്രസിദ്ധീകരിക്കുന്നതിന് മുൻപുതന്നെ കീഴാളരുടെ വായ്പ്പാട്ടായി മാറുന്നുണ്ട്. ഒരു കവിത അതിന്റെ ഉള്ളടക്കത്തിന് അനുസരിച്ച് സംസ്ക്കാരത്തിന്റെ അബോധത്തിലേയ്ക്ക് സ്വാംശീകരിക്കപ്പെടുന്നതിനുദാഹരണമാണ് *ജാതിക്കുമ്മി.* 'കുടിതൊട്ട് കൊട്ടാരംവരെ വളർന്ന കവി' എന്ന് ഉള്ളൂർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് വെറുതെയായിരുന്നില്ല. നിരക്ഷരജനസമൂഹ

ത്തിന്റെ ആലാപന ശീലങ്ങളെ തൃപ്തി പ്പെടുത്തിക്കൊണ്ടാണ് അത് സംഭവിക്കുന്നത്. അമ്മാനക്കുമ്മി എന്ന ഫോക്ശീലിലാണ് അത് നിബന്ധിക്കപ്പെടുന്നത്. അവിടെയും കറുപ്പൻ മറ്റു കവിക ളുടെ സാമ്പ്രദായിക സമീപനത്തിൽ നിന്ന് ഭിന്നമായ വഴി സ്വീക രിക്കുന്നു. പ്രസിദ്ധവൃത്തങ്ങളുപേക്ഷിച്ച് നാടൻമട്ടിലെഴു താൻ തീരുമാനിക്കുന്ന കവി സാക്ഷരരായ മധ്യ-ഉപരിവർഗ്ഗങ്ങളെയല്ല പ്രധാനമായും വായനയിൽ ലക്ഷ്യമിട്ടതെന്ന് സാരം. അടി സ്ഥാന-ഉപരിവർഗ്ഗങ്ങളെ ഭിന്നരീതികളിൽ കവിത ചലിപ്പിക്കു മെന്ന് കറുപ്പനറിഞ്ഞിരുന്നു. ഉപരിവർഗ്ഗം ആ കവിതയുടെ താൻ പോരിമയെ അസഹിഷ്ണുതയോടെ കണ്ടപ്പോൾ അടിസ്ഥാന വർഗ്ഗം അതിനെ ഹൃദയത്തിലേറ്റുവാങ്ങുകയായിരുന്നു. അതാ യത് കോളനീകൃതസാഹിത്യത്തിൽ അഭിരമിച്ചവരുടെ യൂറോ കേന്ദ്രിതഭാവുകത്വത്തിന് *ജാതിക്കുമ്മി*യെയും കുടർന്നുവന്ന *ബാലാകലേശം* നാടകത്തെയും മറ്റും അംഗീകരിക്കുവാൻ വിമുഖ തയുണ്ടായിരുന്നു. 'ദീനരോദനം', 'ഉദ്യാനവിരുന്ന്', 'പുലയൻ', 'മംഗളമാല', 'ശ്രീനാരായണഗുരു' തുടങ്ങി അനേകം മനുഷ്യാ വകാശവാദമുന്നയിക്കുന്ന കൃതികൾ രചിച്ച കെ.പി.കറുപ്പനെ മല യാളസാഹിത്യചരിത്രങ്ങളും ആഖ്യാതാക്കളും അവഗണിക്കു കയായിരുന്നു.

**കറുപ്പനും അപകോളനീകരണവും**

എന്നാൽ ജാതീയമായ അടിമത്തം അനുഭവിച്ചു കൊണ്ടി രുന്ന ജനതയ്ക്ക് അത് വിമോചനമന്ത്രമായിത്തീർന്നു. അവർ അതിനെ തങ്ങളുടെ ഭാവിജീവിതം തുടിയ്ക്കുന്ന മന്ത്രമായി ഏറ്റെ ടുത്തു. മലയാളത്തിലൊരു കവിതയ്ക്കും കീഴാളരെന്നു മുദ്രകു ത്തപ്പെട്ട ജനസമൂഹത്തിന്റെ ഹൃദയം കവരാൻ *ജാതിക്കുമ്മി*യെ പ്പോലെ കഴിഞ്ഞിട്ടില്ല. ജാതിപരമായ തീണ്ടലിനെതിരായെ ഴുതപ്പെട്ട, കറുപ്പന്റെ *ബാലാകലേശം* നാടകത്തിൽ (1912) മലയാ ളത്തിലെ ആദ്യത്തെ പുലയ കഥാപാത്രമായ കൊച്ചാലു *ജാതിക്കു മ്മി*യിലെ വരികൾ പാടുന്നുണ്ട്. വൈദേശികമായ ഭരണത്തിലെ കോളനീകരണത്തെയും അപനിർമ്മിക്കുന്നതായിരുന്നു ആ നാട

കം. വിദേശീയരുടെ ഇറക്കുമതിയൊഴിവാക്കി തദ്ദേശീയരെ, പ്രത്യേകിച്ചും അധകൃതരെ സമുദ്ധരിക്കുകയാണ് വേണ്ടതെന്ന് ആ നാടകം പ്രതീകാത്മകമായി വാദിക്കുന്നു. എന്നാലാനാടകത്തെ ആധുനികതയിലെ കോളനിസാഹിത്യാഭിരാമികളായ വക്താക്കൾ ശുദ്ധകലാവാദത്തിന്റെ പേരിൽ തള്ളി പറയുകയായിരുന്നു.[19] *ജാതിക്കുമ്മി*യിലെ സൈദ്ധാന്തിക സമീപനം ജാതീയതയെയും *ബാലാകലേശം* എന്ന നാടകം ജാതീയതയ്ക്കുപരി കോളനീകരണത്തെയും അപ നിർമ്മിക്കുന്നത് കാണാം. മലയാളത്തിൽ നിർജാതീകരണം അല്ലെങ്കിൽ അപജാതീകരണം എന്ന വിമർശനാത്മക എഴുത്തിന്റെ ചരിത്രപരമായ തുടക്കമാണ് ഈ കൃതികളിൽ തഴയ്ക്കുന്നത്.[20] ജാത്യാധിപത്യത്തെയും പാശ്ചാത്തത്യാധിനി വേശത്തെയും ഒരുപോലെ അപനിർമ്മിക്കുന്ന സാംസ്ക്കാരിക രാഷ്ട്രീയം കറുപ്പനിൽ സാന്ദ്രീകരിക്കുന്നു. കാൽപനിക കവിത്രയത്തിനു പുറത്ത് സഞ്ചരിച്ച പണ്ഡിറ്റ് കറുപ്പന് ഇംഗ്ലീഷിൽ പാണ്ഡിത്യമുണ്ടായിരുന്നിട്ടും സാംസ്ക്കാരിക യാഥാർത്ഥ്യങ്ങളിൽ നിന്ന് വേറിട്ട കാൽപനികഭാഷയ്ക്ക് അദ്ദേഹം മുതിർന്നു കാണുന്നില്ല.

**ഇകഴ്ത്തലും പൗരബോധവും**

സ്വജീവിതത്തിലെ ജാതിപരമായ ഇകഴ്ത്തലിനെ കാവ്യവിഷയമാക്കിക്കൊണ്ട് അധികാരവർഗ്ഗത്തെ (രാജാവിനെ) വിമർശിക്കുന്ന കവിതയാണ് 'ഉദ്യാനവിരുന്ന് അഥവാ ഒരുധീവരന്റെ ആവലാതി' (1926) കൊച്ചി നിയമസഭയിലെ അംഗമായിരുന്ന കൊച്ചിയിലെ രാമവർമ്മ മഹാരാജാവ് ഇർവിൻ പാർക്കിൽവച്ച് നടത്തിയ ഉദ്യാനവിരുന്നിൽ കെ.പി.കറുപ്പനെ ജാതിയുടെ പേരിൽ ക്ഷണിച്ചിരുന്നില്ല. ആ ഇകഴ്ത്തൽ അനുഭവത്തിൽ കവിയനുഭവിച്ച കൊടിയവേദന "ഹൃദയ രക്തത്തിൽത്തന്നെ തൂവൽ മുക്കി" ആവിഷ്ക്കരിക്കുകയാണ് ഈ കവിതയിൽ. അത് രാജാവിന് സമർപ്പിക്കുന്ന കവി തന്റെ ജീവിതത്തിൽ നേരിട്ട ജാതിപരമായ ഇകഴ്ത്തലിലെധിക്കാരത്തെ നിർവേദത്തോടെ നേരിടുന്നു. ആ വിനയം നിരഹങ്കാരത്തിന്റെ മാനസികാവസ്ഥയാണ്. കീഴാളതയുടേതല്ല.

കെ.പി.കറുപ്പന്റെ 'ഉദ്യാനവിരുന്നി'ൽ ആഭ്യന്തരാടിമത്തത്തേയും വൈദേശികാടിമത്തത്തോടും അഭിമുഖീകരിക്കുന്ന വിമോചനാഭിലാഷത്തിന്റെ ഉള്ളടക്കം പ്രകടമാകുന്നുണ്ട്. കോളനിയുടെ സാംസ്ക്കാരികവ്യാപാരം സംഭാവന ചെയ്ത ഇംഗ്ലീഷ് വിദ്യാഭ്യാസവും പൗരസ്വാതന്ത്ര്യബോധവും ഒരുപോലെ സമാർജ്ജിക്കുന്ന കവിയ്ക്ക് വൈദേശികാടിമത്തം കീഴാളവിമോചനത്തിനായുള്ള അനിവാര്യതയായി അനുഭവപ്പെടുന്നു. കോളനീകരണം കീഴ്ജാതികളെ സംബന്ധിച്ചിടത്തോളം സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്വാതന്ത്ര്യത്തിന് അവസരം നൽകുന്നു. മനുഷ്യപദവിപരമായ ജാതിവിവേചനത്തിൽനിന്ന് ഭാഗികമായെങ്കിലും മോചനം ലഭിക്കുന്നു. സ്വന്തമായ സാമൂഹികവ്യക്തിത്വവും തൊഴിലും പ്രവർത്തന സ്വാതന്ത്ര്യവും ലഭിക്കുന്ന അദ്ദേഹത്തിന് വൈദേശികാടിമത്തം ഉപകാരമായി മാറുന്നുവെന്നത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ 'ഉദ്യാനപ്രവേശം' എന്നൊരു കവിത എഴുതുന്നതിനും അദ്ദേഹത്തിന് ആവിഷ്കാരസ്വാതന്ത്ര്യം ലഭിക്കുന്നു. രാജാവിന് തന്റെ ജാതിപാരമ്പര്യത്തിൽനിന്ന് വേർപെടാനുമാവുന്നില്ല. തദ്ദേശീയമായ ജാതിയികഴ്ത്തലും വൈദേശികരമായ പൗരബോധവും തമ്മിലുള്ള ഒരു സംഘർഷം ആധുനികതയിലെ സംസ്കാര സംക്രമണത്തിൽ പ്രകടമാകുന്നതിനുദാഹരണമാണ് 'ഉദ്യാന പ്രേവശം' . അത്രമേൽ കൃതിയതയോടെ ഈ മാനുഷിക വിഷയത്തെ മറ്റാരും കവിതയിലുന്നയിച്ചിട്ടില്ല. ഇന്ത്യൻ സാഹചര്യത്തിൽ നിന്നുകൊണ്ട് കോളനിസാഹിത്യത്തിലെ ആധുനികതയുടെ യുക്തിയെ സ്വന്തം 'സംസ്കാര' മണ്ഡലത്തിലേയ്ക്ക് സന്നിവേശിപ്പിക്കുവാൻ കറുപ്പനെപ്പോലെ മറ്റാരും തുനിയുന്നില്ല. യൂറോപ്യൻ കവിതയുടെ ഴാനറിനെ മലയാളത്തിലേയ്ക്ക് കൊണ്ടുവരികയായിരുന്നു മറ്റുള്ളവർ. കവിതയുടെ രൂപഭാവങ്ങളിലൊരുപോലെത്തന്നെ കേരളത്തിൽ ആധുനികതയ്ക്ക് സ്വന്തം വ്യാഖ്യാനം നൽകുകയായിരുന്നു കറുപ്പൻ. ആശാനൊഴികെയുള്ളവരുടെ കാൽപനികത സാമൂഹ്യമായ യാഥാർത്ഥ്യങ്ങളെക്കാളുപരി വ്യക്തി സ്വാതന്ത്ര്യത്തേയും വ്യക്ത്യനുഭൂതികളെയുമാണ് പ്രശ്ന

വത്കരിച്ചത്. ഇന്നും നാമനുഭവിക്കുന്ന ഇകഴ്ത്തലിന്റെ യാഥാർത്ഥ്യം കവിതയിൽ പ്രശ്നവത്കരിക്കുന്നതിന് ആധുനിക കവികളിൽ ഭൂരിപക്ഷവും വിമുഖരായിരുന്നു എന്നതിന്റെ കാര ണം ഇനിയും പഠിക്കപ്പെടേണ്ടതുണ്ട്.

ബഹുവംശീയതകളെ സംവഹിക്കുന്ന സംസ്കാരത്തിലെ വംശങ്ങളുടെ സ്ഥാനശ്രേണീകരണവും ഓരോ വംശത്തിലേയും ലിംഗാധിപത്യവും പൊതുവിൽ നിലനിൽക്കുന്ന വർഗ്ഗാധി ത്യവും സൃഷ്ടിക്കുന്ന സങ്കീർണ്ണമായ വ്യവഹാര ത്തിൽ പലതരം ഇകഴ്ത്തലുകളും പുകഴ്ത്തലുകളും (humiliation and appreciation) വ്യവസ്ഥയുടെ രീതിശാസ്തമായിത്തീരുന്നുണ്ട്. ഇന്ത്യൻ സാംസ്കാരിക പരിസ്ഥിതിയിൽ ഇവ രണ്ടും സാമൂഹ്യബന്ധങ്ങളെ ശ്രേണീകരിക്കുന്ന ഘടനയിലെ മുഖ്യോപകരണങ്ങളായി വർത്തിക്കുന്നു. അയിത്തം എന്ന് വ്യവഹരിക്കപ്പെട്ട ഈ ശ്രേണി അപമാനവീകരണത്തിന്റെ എക്കാലത്തേയും അമൂർത്തരൂപകമാണ്.

**പുലയകഥാപാത്രത്തിലെ നിർമ്മിതികൾ**

ആശാൻ ജാതിയിലെ ഗണപരവും ലിംഗപരവുമായ ഇകഴ്ത്തലുകളെ തന്റെ കാൽപനികഭാവനയ്ക്ക് വിധേയ മാക്കുന്നുണ്ട്. ആശാന്റെ ഖണ്ഡകാവ്യങ്ങളായ *വീണപൂവ്, നളിനി, ലീല, കരുണ* എന്നിവയിൽ ലിംഗപരമായ ഇകഴ്ത്തലിലെ പെണ്ണനുഭവം ആവിഷ്ക്കരിക്കുമ്പോൾ *സീത*യിലും *ചണ്ഡാല ഭിക്ഷുകി*യിലും *ദുരവസ്ഥ*യിലും ജാതിയികഴ്ത്തലും പെണ്ണികഴ്ത്തലും ഒരുപോലെ പ്രശ്നവത്കരിക്കുന്നു. നമ്മുടെ ഭാഷ രണ്ട്ഇകഴ്ത്തലുകളേയും നൂറ്റാണ്ടുകളിലൂടെ ആന്തരീകരിച്ചിട്ടുണ്ട്. ആ ഭാഷയിലുള്ള സാഹിത്യം സ്വാഭാവികമായും അതാവർത്തി ക്കുന്നു. എന്നാൽ ആധുനികതയിൽ അതിന്റെ അപനിർമ്മാണം സംഭവിക്കുന്നുണ്ട്. മാനവികതയെന്ന സങ്കൽപനം സമ്മാനിച്ച ആധുനികതയുടെ പശ്ചാത്തലത്തിൽ ആത്മാഭിമാനബോധമാർജ്ജിച്ചു തുടങ്ങുന്ന ജനവിഭാഗങ്ങൾ (ജാതിയിരകൾ) ഇകഴ്ത്തലിനെ പ്രതിരോധി ക്കുന്നുണ്ട്. കെ.പി.കറുപ്പൻ, മൂലൂർ പത്മനാഭപ്പണിക്കർ, പൊയ്കയിൽ അപ്പച്ചൻ, കുമാരനാശാൻ തുടങ്ങിയ

വരുടെ കവിതകൾ ജാതിവിവേചനത്തിന്റെ വ്യവസ്ഥയിലെ അപകർഷത്തെ വ്യത്യസ്ത നിലകളിലാണ് അപനിർമ്മിക്കുന്നത്. ആശാൻ *ദുരവസ്ഥ*യിൽ (1922) നായകനാക്കുന്ന ചാത്തൻപുലയൻ ജാതിവിരുദ്ധബോധം പ്രകടിപ്പിക്കാനറിയാത്ത ഒരു കഥാപാത്രമാണ്. സാവിത്രിയുടെ താത്പര്യത്തിലാണ് അയാൾ മിശ്രവിവാഹത്തിന് പ്രാപ്തനാകുന്നത്. *ചണ്ഡാലഭിക്ഷുകി, തിയക്കുട്ടിയുടെ വിചാരം, സ്വാതന്ത്ര്യഗാഥ* എന്നിവയിലെല്ലാം ജാതിവരുദ്ധമായ സാമൂഹ്യസ്വാതന്ത്ര്യത്തെ ആശാൻ പ്രശ്നവത്കരിക്കുന്നുണ്ട്.

ഫ്രഞ്ച്വിപ്ലവം മുന്നോട്ടുവച്ച സമത്വ, സ്വാതന്ത്ര്യ, സാഹോദര്യങ്ങൾ ആന്തരീകരിച്ചുകൊണ്ട് കാലഘട്ടത്തോട് നീതിപുലർത്തുന്നതിൽ കെ.പി.കറുപ്പൻ പുലർത്തുന്ന ജാഗ്രത നിസ്തർക്കമാണ്. എം.പി.അപ്പൻ ജാതിക്കുമ്മിയ്ക്ക് എഴുതിയ അവതാരികയിൽ ആ അനന്യമായ ധാർമ്മികധീരതയെ അടയാളപ്പെടുത്തുന്നുണ്ട്.[21] താനെഴുതിയ എട്ട് നാടകങ്ങളിലൊന്നായ *ബാലാകലേശ*(1912)ത്തിലെ നായകനായ കൊച്ചാലുവെന്ന പുലയൻ അയിത്താചരണത്തിന് ഉന്നത കുലജാതരെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നു. അയാൾ "പ്രജരാജാവിനപ്പടി തമാതമം" എന്ന് തുറന്നടിക്കാൻ മടിയില്ലാത്തയാളാണ്. ഇത്തരത്തിൽ പുലയനിൽനിന്ന് മനുഷ്യപദവിയുടെ ഇകഴ്ത്തലിനെതിരായുള്ള ഒരു പ്രതിരോധം കാണാനാവുന്നു. ആ പ്രസ്താവന സ്ഥിതിസമത്വത്തിനായുള്ള കേരളസമൂഹത്തിനോടുള്ള ആഹ്വാനമാണ്. യൂറോപ്യൻ കാൽപനികതയെ അപ്പടി പിന്തുടരുന്ന കവികൾക്ക് കേരളചരിത്രസാഹചര്യത്തിലെ ജാതിഭേദം കാര്യമായ ഒരു വിഷയമല്ല. കൊച്ചാലുവിൽ ജാതിയുടെ ഇകഴ്ത്തലിൽനിന്ന് വഴുതിമാറുന്ന മലയാളിയെയാണ് കവി നിർമ്മിക്കുന്നത്. *ബാലാ കലേശ*ത്തിൽ കൊച്ചാലുപാടുന്ന *ജാതിക്കുമ്മി*യിൽ നിന്നുള്ള വരികളിലെ "ജാതിധിക്കാരമല്ലയോ" എന്ന ചോദ്യം മേലാളരുടെ ഇകഴ്ത്തലിലെ (humiliation) അഹങ്കാരത്തെ പുലയനിലൂടെ തന്നെ പ്രതിരോധിക്കുകയാണ് ചെയ്യുന്നത്. കറുപ്പന്റെ 'ചാഞ്ചൻ കുട്ടി' എന്ന ലഘുകവിതയിലെ പുലയനായകൻ ലഹളക്കാരോട് ഒറ്റയ്ക്കു നിന്ന്

പോരാടുന്നുണ്ട്. ആധുനികകേരളത്തിന്റെ ദേശീയതയെ ജാതിയ്ക്കുമാത്രമല്ല, മതത്തിനും അതീതമാക്കുകയാണ് കറുപ്പൻ കവിതയുടെ സ്വപ്നം" ഇത്തരത്തിലൊരു ബോധോദയത്തിലേയ്ക്ക് താനുൾപ്പെടെയുള്ളവരെ എത്തിച്ചത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നും അവരുടെ മാനുഷ്യസമീപനവും പൗരബോധവും മഹത്തരമാണെന്നും അനുഭവിച്ചറിയുന്ന കവി ആവശ്യകതയും അതിൽ ബോധ്യപ്പെടുത്തുന്നു.

**സംഗ്രഹം**

യൂറോഅധിനിവേശം ഒരുപോലെ ഭാരതത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ മാനവികവിമോചനത്തിനും കളമൊരുക്കിയിട്ടുണ്ട്. മനുഷ്യവിരുദ്ധമായ ജാതിവ്യവസ്ഥയെ നൂറ്റാണ്ടുകളായി സാത്മീകരിച്ചിരുന്ന സാഹിത്യത്തിലെ അപജാതീകരണം ആധുനീകരണത്തെ പൂർണ്ണമാക്കാൻ അനിവാര്യമാണ്. കോളനീകരണം കളമൊരുക്കിയ നവോത്ഥാനത്തിലും ആധുനികതയിലും ജാതിബാഹ്യമായ ഒരു ദേശത്തെ ഗുരുവും ഗണവും ലക്ഷ്യമിട്ടുവെങ്കിലും വർഗവീക്ഷണത്തിന്റെ മേൽക്കൈമൂലം അത് നീട്ടിവയ്ക്കപ്പെട്ടു. ആധുനികതയിൽ കറുപ്പനും ആശാനും മറ്റും തങ്ങളുടെ എഴുത്തിൽ നിർവ്വഹിക്കുന്ന അപജാതീകരണം ഉത്തരാധുനികതയിൽ മാത്രമാണ് ദളിത്-കീഴാള പ്രതിരോധങ്ങളായി തഴയ്ക്കുന്നത്. കെ.പി.കറുപ്പന്റെ കവിതകളിൽ പുലയ കഥാപാത്രങ്ങളിലൂടെ കടന്നുവരുന്ന അപജാതീകരണത്തിന്റെ സൈദ്ധാന്തികരൂപമായിരുന്നു *ജാതിക്കുമ്മി*യെന്ന പാട്ടുകവിത. അത് മലയാളത്തിലെ ആദ്യത്തെ ജനകീയകവിതയായിരുന്നു. മനുഷ്യഗണങ്ങളുടെ നൂറ്റാണ്ടുകൾ ആയുള്ള പദവിയികഴ്ത്തലുകളെ മാനവികസമത്വബോധം കൊണ്ട് അപനിർമ്മിക്കുന്ന കറുപ്പൻ കവിതകൾ കേരളത്തിലെ ആധുനികതയെ നിർമ്മിക്കുന്ന സാംസ്കാരികപ്രവർത്തനമാണ്.

## Notes

1. The "historian's history', in Foucault's terms, was con-

structed to seem like a neutral, unbiased narrative of events, which traced histrical continuities in order to disparate even as part of the same evolutionary pattern. Pave 313, Michael Foucault, *The Continuum Encyclopaedia*, Julian Wolfreys (Editor), New York, 2002.

2. Page 42-44, *Annihiliation of Caste*, Dr.B R Amberdkar
3. For class caste, so to say, are next dor neighboures, and it is only a sppan that seperates the two, ... A caste is an enclosed class. Page 23, Dr. B R Ambedkar, *Caste in India*.
4. Caste System does not democrate racial division, Caste system is a social division of people of the same race, Page 39, *Annihilation of Caste*. Dr. B R Ambedkar Samyak Prakasan, 1919.
5. Caste system doest not democrate racdial division. Caste system is a social division of people of the same race, Page 39, *Annihilation of Caste*.
6. Ethnically all people (of India) are heterogeneous. It is he unity of culture that is basis of homogeneity. Taking this for granted, I venture to say that there is no country that can rival the Indian penisula with respect of the unity of its culture. It has not only a geographic unity, but it has over and above all a deeper and much more fundamental unity-the indubitable cultural unity that covers the land from end to end. Page 11, *Castes in India*, Dr. B R Ambedkar, Samyal Prakasham, 2022.
7. Page 33, *Castes in India*, Dr. B R Ambedkar.
8. But the strict obdervance of these customs and the social superiority arrogated by the priestly class in the ancient civili-

zations are sufficient to prove that they were the originators of this "unnatural institution" founded and maintained through these unnatural means" Page 24, Dr.B R Ambedkar, *Castes in India.*

9. What is needed and what The Political uncounscious as a project offers, then, is a new "immanent or anti-transcendent hermeneutical model" Page 23, *The political Unconscious*, Frederic Jameson, Ithaca, New York, 1981.

10. Mark Johnson, The body in the mind. *The basis of Meaning, Imagination and Reason*, Univeristy of Chicago, 1990.

11. Said locates sources of resistance of process of reading and writing against the grain. He names such resistant reading 'contrapuntal'... Page 495, *Encyclopedia of Modern Critical theories.*

12. Gynocriticisms project had sought to redress the silencing of women in public discourse by giving women a voice, and had ignored the impossibility of achieving a female voice with male language, Page 335, *Literary Theory and Criticism*, Patricia Wough.

13. ഇടയനങ്ങോട്ട് കടപ്പതും വിപ്ര
നിടഞ്ഞുവയ്യെന്നു തടുപ്പതും
സ്ഫുടയാം ഭക്തിയാല, വിടുത്തെപ്പേരിൽ
ഉടയതേവരേ! ശിവശംഭോ!

14. പേജ് 193, *സാമൂഹ്യസൗന്ദര്യശാസ്ത്രം കെ.പി.കറുപ്പന്റെ കവിതകളിൽ*, അഭിജിത്ത് ബോസ്, അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി, 2022.

15. പേജ് 175, അവതാരിക, എം.പി.അപ്പൻ, *ജാതിക്കുമ്മി*, കെ.പി.കറുപ്പൻ, ജന്മശതാബ്ദിപ്പതിപ്പ്, കേരളസാഹിത്യ അക്കാദമി, 2022.

**BHAASHAASAAHITHI**
Peer Reviewed Journal of Research and
Literary Studies in Malayalam

**Vol. 47, No.2 (190)**
**2024 April - June**

Published four times a year
Annual Subscription Rupees 400/-
Single copy Rupees 100/-

Edited printed and published by
Prof. (Dr.) Seema Jerome
Head of the Department of Malayalam
University of Kerala at the
Kerala University Press,
Palayam, Thiruvananthapuram

Editorial and business communications
should be address to the

**Professor and Head**
Department of Malayalam
University of Kerala, Kariavattom
Thiruvananthapuram - 695581

Design: Godfrey Das